എഴുതി തയ്യാറാക്കിയ ചോദ്യങ്ങളൊന്നും ഞാൻ സമർപ്പിക്കുകയുണ്ടായില്ല. സംഭാഷണത്തിനിടയ്ക്ക് കുറിപ്പുകളെടുക്കുകയും ചെയ്തില്ല. 1960 ലെന്നപോലെ ഇത്തവണയും ഞങ്ങളുടെ സംഭാഷണം പ്രസിദ്ധീകരിക്കാൻ അനുവാദമുണ്ടാകുകയില്ല എന്ന് എനിക്കറിയാമായിരുന്നു. സംഭാഷണത്തിനുശേഷം, രാത്രി വീട്ടിൽ തിരിച്ചെത്തിയ ഉടനെ, അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ ഓർക്കാൻ കഴിഞ്ഞതെല്ലാം ഞാൻ കുറിച്ചു വച്ചു. അടുത്ത ദിവസം ഞങ്ങളുടെ സംഭാഷണത്തിന്റെ ഭൂരിഭാഗവും പ്രസിദ്ധീകരിക്കാവുന്നതാണെന്നും നേരിട്ടുള്ള ഉദ്ധരണികളും ഉപയോഗിക്കാതിരുന്നാൽ മതിയെന്നും അധികൃതർ അറിയിച്ചപ്പോൾ എനിക്ക് സന്തോഷവും ആശ്ചര്യവും തോന്നി. ഭാഗ്യവശാൽ, ഞാൻ ഓർമയിൽ നിന്നു തയാറാക്കിയ കുറിപ്പുകളും, കുങ്ഫെങ്ങിന്റെ സഹായത്തോടെ പരിശോധിക്കാനും ആവശ്യമായ തിരുത്തലുകളും വരുത്താനും എനിക്കു കഴിഞ്ഞു (കുങ് ഫെങ്, ഞങ്ങളുടെ സംഭാഷണം സംബന്ധിച്ചുള്ള വിവരങ്ങളും എഴുതി സൂക്ഷിച്ചിരുന്നു). തന്മൂലം ഈ വിവരണം ഏറെക്കുറെ ശരിയായിരിക്കും.

ഞങ്ങളുടെ സംഭാഷണം, മാവോ തന്നെ വിശേഷിപ്പിച്ചതുപോലെ, 'മലകളുടെ തെക്കുഭാഗം മുതൽ കടലുകളുടെ വടക്കുവരെ' (*ഷാൻ നാൻ ഹായ് പെയ്*) വ്യാപിച്ചു കിടന്നു. അതും 'വിദൂരവും വിശാലവുമായ തലങ്ങളെ' (*ഹായ് കുവോ തിൻ കുങ്*) സ്പർശിക്കുന്ന വിധത്തിലുള്ളതായിരുന്നു. പല കാര്യങ്ങളിലും തികച്ചും അദ്വിതീയമായ ഒരു സംഭാഷണമായിരുന്നു അത്. മാവോ നിരവധി നിരവധി ചൈനീസ് പൗരന്മാരെ കാണുക പതിവായിരുന്നു. എങ്കിലും കമ്യൂണിസ്റ്റുകാരല്ലാത്ത പാശ്ചാത്യരെ തന്നോടൊപ്പം ആഹാരം കഴിക്കാൻ ക്ഷണിക്കുന്നതു്, സാധാരണമായിരുന്നില്ല. 1949ൽ ജനകീയ റിപ്പബ്ലിക്ക് സ്ഥാപിതമായതിനുശേഷം, മാവോ ഏതെങ്കിലുമൊരു പാശ്ചാത്യനു് പ്രസിദ്ധീകരണാവശ്യങ്ങൾക്കായി ഒരു ഔദ്യോഗിക സംഭാഷണം അനുവദിക്കുന്നത് ഇതാദ്യമായിട്ടാണു് എന്നാണെന്റെ വിശ്വാസം.

എന്തുകൊണ്ടാണു് ഞാൻ ഈ പതിവിനു് ഒരപവാദമായി തീർന്നതു്? മാവോ ഒരു ''ചെങ്കൊള്ളക്കാരനായി'' മുദ്ര കുത്ത

പ്പെട്ട് ഷെൻഷിയിലെ ഗ്രഹകളിൽ താമസിച്ചിരുന്ന കാലം മുതൽ എനിക്കദ്ദേഹത്തെ അറിയാം എന്നതാവാം ഒരു പക്ഷേ, കാരണം. ഒരു ദശാബ്ദക്കാലമായി ചിയാങ്ങ് കൈഷേക്ക് 'ഉന്മൂലനാശം' ചെയ്യാൻ പരിശ്രമിച്ചുകൊണ്ടിരുന്ന വ്യക്തികളും ഏറ്റവുതരത്തിലുള്ളവരാണ് എന്ന നേരിട്ട മനസ്സിലാക്കുന്നതിനു വേണ്ടി, 1936ൽ ഒരു യുവപത്രപ്രതിനിധി എന്ന നിലയിൽ ഞാൻ വടക്കു പടിഞ്ഞാറൻ ചൈനയിലെത്തിച്ചേർന്നു. പഴയ 'ചെമപ്പുപ്രദേശ'ങ്ങളിലേക്ക് കടന്നുചെല്ലാനും മാവോ, ചൂ, ലിൻ പിയാവോ തുടങ്ങിയ നേതാക്കളുമായി അഭിമുഖ സംഭാഷണം നടത്താനും അവസരം ലഭിച്ചു.ആദ്യത്തെ പത്രപ്രതിനിധി ഞാനായിരുന്നു. അന്ന് മാവോയ്ക്ക് നാൽപ്പത്തിമൂന്നു വയസ്സ് പ്രായമുണ്ട്. മെലിഞ്ഞ്, ഒരു ശരാശരി ചൈനാക്കാരനേക്കാൾ ഉയരം കൂടിയ, ശരീര പ്രകൃതിയായിരുന്ന അദ്ദേഹത്തിനുണ്ടായിരുന്നതു്. തെക്കൻ ചൈനയിൽനിന്നാരംഭിച്ച് (തിബറ്റിന്റെ കിഴക്കൻ പീഠഭൂമികൾവഴി) 6000 നാഴികയോളം നീണ്ടുനിന്ന ആ യാത്ര (ആ യാത്രയാണ് ഇന്ന് 'മഹത്തായ ലോങ്ങ് മാർച്ച്' എന്നറിയപ്പെടുന്നതു്) അദ്ദേഹത്തെ കഠിന പ്രകൃതിക്കാരനാക്കിത്തീർത്തിരുന്നു. ഞാൻ നിരവധി രാത്രികളിൽ അദ്ദേഹത്തിന്റെ ഗ്രഹയിൽ കഴിച്ചുകൂട്ടി. അന്ന് അദ്ദേഹം തന്റെ സ്വന്തം കഥയും കമ്യൂണിസ്റ്റ് വിപ്ലവത്തിന്റെ അതേവരെയുള്ള ചരിത്രവും എനിക്കു വിവരിച്ചുതന്നു.

ഇപ്പോഴിതാ, എഴുപത്തിരണ്ടു വയസ്സുകാരനായ മാവോ, ഒരു തലമുറയുടെ കാലഘട്ടത്തിനുശേഷം, വീണ്ടും പഴയ 'വിലക്കപ്പെട്ട നഗര'ത്തിന്റെ സ്വർഗീയ സമാധാന കവാടത്തെ (*തീൻ ആൻ മെൻ*) അഭിമുഖീകരിച്ചു നിലകൊള്ളുന്ന മഹത്തായ ജനകീയ ഹാളിലെ, പെക്കിങ്ങ് ശൈലിയിൽ അലങ്കരിച്ചിട്ടുള്ള വിശാലമായ മുറികളിലൊന്നിലേക്ക് എന്നെ സ്വാഗതം ചെയ്യുന്നു.

1960 ലാണ് ഞാൻ മാവോയുമായി ഏറ്റവുമൊടുവിൽ സംസാരിച്ചതു്. അന്ന്, പ്രകൃതിയും മനുഷ്യനും ചേർന്നു സൃഷ്ടിച്ച ദുരന്തങ്ങളുടെ ക്രൂരമായ ഒരു സമനവയത്തിന്റെ ഫലമായുളവായ മാന്ദ്യത്തിൽ പെട്ടഴലുകയായിരുന്ന ചൈന. സോവിയറ്റ് സാങ്കേതിക വിദഗ്ധന്മാർ യാതൊരുമുന്നറിയിപ്പും കൂടാ

തെ തിരിച്ചു വിളിക്കപ്പെട്ടു; വ്യവസായികോപകരണങ്ങളുടെ സപ്ലൈ നിർത്തി വയ്ക്കപ്പെട്ടു; 300 ലധികം പ്രധാന പ്രോജക്റ്റുകളുടെ കോൺടാക്റ്റുകൾ റദ്ദാക്കപ്പെട്ടു. തുടർച്ചയായി രണ്ടാമത്തെ വർഷവും വെള്ളപ്പൊക്കവും വരൾച്ചയുംബാധിച്ചതുമൂലം, കൃഷിയുടെ പകുതിയോളം പൂർണമായോ ഭാഗികമായോ നശിച്ചു.കമ്യൂണുകളുടെ പരീക്ഷണഘട്ടത്തിൽ 'മഹത്തായ കുതിച്ചുചാട്ട'ത്തിനു് കളമൊരുക്കാൻ വേണ്ടി അപ്രാപ്യമാംവിധം ഉയർന്ന ലക്ഷ്യങ്ങൾ നിശ്ചയിക്കുക മൂലം ഉത്പാദനം താറുമാറായി. കർശനമായ റേഷനിങ്ങു് ഏർപ്പെടുത്തിയതു കൊണ്ടു മാത്രമാണു് പരക്കെയുള്ള ക്ഷാമം ഒഴിവാക്കാൻ കഴിഞ്ഞതു്. ആ സമയത്തു്, തന്റെ ജനങ്ങൾക്കു് വേണ്ടതു ആഹാരം ലഭിക്കുന്നില്ലെന്നു് മാവോ എന്നോടു പറയുകയുണ്ടായി. അമേരിക്കയുടെ മൊത്തം ദേശീയോൽപാദനത്തിന്റെ അടുത്തെത്താൻ ചൈനയ്ക്കു് ഇനിയും അൻപതുവർഷങ്ങൾ വേണ്ടിവരുമെന്നും അന്നദ്ദേഹം പ്രവചിക്കുകയുണ്ടായി.

1965 ജനുവരിയായപ്പോഴേയ്ക്കും സ്ഥിതിഗതികൾ ഒട്ടുവളരെ മെച്ചപ്പെട്ടിരുന്നു. തുടർച്ചയായി നല്ല മൂന്നു വിളവുകൾ ലഭിച്ചതു മൂലം രാജ്യത്തെ ഭക്ഷ്യാവശ്യങ്ങൾ നിറവേറാറായി. അല്പമൊക്കെ ധാന്യവും മാംസവും ശേഖരിച്ചു വയ്ക്കാനും കഴിഞ്ഞു. എല്ലാ കടകളിലും വിലകുറഞ്ഞ അടിസ്ഥാന ഭക്ഷണപദാർഥങ്ങൾ അത്യാവശ്യ ഉപഭോഗ വസ്തുക്കൾ ലഭ്യമായിത്തുടങ്ങി. റഷ്യയ്ക്കു് മടക്കിക്കൊടുക്കാനുണ്ടായിരുന്ന കടത്തിന്റെ അവസാന ഭാഗം തിരിച്ചുകൊടുത്തു തുടങ്ങി. 1974 ഒക്ടോബറിൽ നടത്തിയ അണുവിസ്ഫോടനം, ചൈനയ്ക്കു് തങ്ങളുടെ കമ്യൂണിസ്റ്റു് രാജ്യസ്നേഹവും ആത്മവിശ്വാസവും 'സ്വാശ്രയബോധവും വീണ്ടെടുക്കാൻ സഹായകമായ, ഒരു പടവി നേടിക്കൊടുത്തു.

വേണമെങ്കിൽ തന്റെ സ്വാശ്രയാധിഷ്ഠിത നയത്തെക്കുറിച്ചു് പെയർമാൻ മാവോയ്ക്കു് അഭിമാനപൂർവം സംസാരിക്കാമായിരുന്നു. പക്ഷെ, അദ്ദേഹം യാതൊരവകാശവാദവും ഉന്നയിക്കുകയുണ്ടായില്ല. ഞാൻ കാണുമ്പോഴും അദ്ദേഹം ഒരു ദാർശനികാവസ്ഥയിലായിരുന്നു. താൻ നൽകുന്ന രാഷ്ട്രീയ പൈതൃകത്തെ വിലയിരുത്താനുള്ള ചുമതല ഭാവി തലമുറയ്ക്കു് വിട്ടുകൊടുക്കാൻ തയ്യാറായിക്കൊണ്ടു് അദ്ദേഹം, മരണവുമായി താൻ നടത്തുന്നി

രിക്കുന്ന സമാഗമത്തെക്കുറിച്ച് എന്നോട് സംസാരിച്ചു. ആ പഴയ പോരാളിയിൽ ഇനിയും ഒന്നോ രണ്ടോ ജീവിതങ്ങൾ കൂടി അവശേഷിക്കുന്നുണ്ടെന്നും, യുവജനങ്ങളിൽ അദ്ദേഹത്തിന്റെ തത്വങ്ങളുടെ സ്വാധീനം ഒരിക്കലും മായാത്തവിധം പതിപ്പിക്കാൻ സഹായകമായ 'മഹത്തായ സാംസ്കാരിക വിപ്ലവം' ആരംഭിക്കാനിരിക്കുന്നേയുള്ളുവെന്നും, അടുത്ത വർഷമായാലും മാത്രമേ തികച്ചും വ്യക്തമാവുകയുണ്ടായുള്ളൂ.

നാഷണൽ പീപ്പിൾസ് കോൺഗ്രസ്സിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി തലസ്ഥാന നഗരിയിൽ എത്തിച്ചേർന്നിരുന്ന നിരവധി പ്രാദേശിക പാർടി നേതാക്കളുമൊത്തു് സമ്മേളനങ്ങളിൽ, രാപ്പകലില്ലാതെ, ആഴ്ചകളോളം പങ്കെടുത്തു കഴിഞ്ഞ ഉടനെയാണ് മാവോയുമായുള്ള ഈ അഭിമുഖ സംഭാഷണം നടന്നതു്. അദ്ദേഹം രോഗബാധിതനായിരുന്നുവെങ്കിൽ സംഭാഷണം വളരെപ്പെട്ടെന്നു് അവസാനിപ്പിക്കുമായിരുന്നു എന്നതു് തീർച്ചയാണ്. വൈകുന്നേരം ആറുമണിക്കു ശേഷമാണ് ഞങ്ങൾ സംഭാഷണമാരംഭിച്ചതു്. അത്താഴസമയത്തും അതുകഴിഞ്ഞ് വീണ്ടും രണ്ടുമണിവരെയും ഞങ്ങൾ സംസാരിച്ചു. സംഭാഷണ സമയത്തു് ഒരിക്കൽ പോലും അദ്ദേഹത്തിനു് എന്തെങ്കിലും അസ്വാസ്ഥ്യമുള്ളതായി തോന്നിയില്ല.

മാവോയ്ക്കു് വാർധക്യസഹജമായക്ഷീണമല്ലാതെ, പ്രത്യേകിച്ചു് ശാരീരികാസുഖങ്ങളൊന്നും തന്നെയില്ലെന്നു് അദ്ദേഹത്തിന്റെ ഡോക്ടർമാരിൽ ഒരാൾ പിന്നീടു് എന്നോടു പറയുകയുണ്ടായി. അദ്ദേഹം സാധാരണമട്ടിൽ, കുമുളക ചേർത്ത ഹുനാൻ രീതിയിലുള്ള ആഹാരം കഴിക്കുകയും ഒന്നോ രണ്ടോ ഗ്ലാസ് വൈനീസ് മുന്തിരിവീഞ്ഞു് കുടിക്കുകയും ചെയ്തു. കൂടാതെ, ആ സായാഹ്നത്തിൽ അദ്ദേഹം ഒട്ടാകെ എത്രയാണ് പത്തു് പന്ത്രണ്ടു സിഗരറ്റും വലിച്ചു കാണും.

ഞങ്ങൾ സംഭാഷണമാരംഭിച്ച ഉടനെ ഒരു ക്യാമറാമാൻ പ്രത്യക്ഷപ്പെട്ടു് ചെറിയൊരു മൂവി ഫിലിം എടുക്കുകയുണ്ടായി. എന്റെ അപേക്ഷ അനുസരിച്ചാണ് അതെടുക്കുന്നതെന്നു് മാവോ പറഞ്ഞു. പൂർണമായും ടെലിവിഷനിൽ പകർത്തിക്കൊണ്ടുള്ള ഒരഭിമുഖ സംഭാഷണം നടത്താനനുവദിക്കണം

എന്നാണ് ഞാനാവശ്യപ്പെട്ടിരുന്നത്. അതേക്കുറിച്ച് എനിക്ക വലിയ പ്രതീക്ഷയൊന്നുമില്ലായിരുന്നു. ഞാൻ പറഞ്ഞു: ''വർഷങ്ങൾക്ക മുൻപ് സ്വന്തം ജീവിതകഥ വിവരിക്കാൻ ഞാൻ താങ്കളോട് അഭ്യർഥിക്കുകയുണ്ടായി. അന്ന്, ആദ്യം താങ്കൾ അതിനെതിരായിരുന്നു. താങ്കൾ ഏതു തരത്തിലുള്ള മനുഷ്യനാണെന്നും, താങ്കളെ പ്രവർത്തിക്കാൻ പ്രേരിപ്പിച്ച കാര്യങ്ങളെന്തെല്ലാമാണെന്നും ചൈനയിലെയും വിദേശങ്ങളിലെയും ജനങ്ങൾ അറിയുന്നത് പൊതുവേ ഉപയോഗപ്രദമായിരിക്കും എന്ന് ഞാൻ വാദിച്ചു. പിൽക്കാലത്ത് ഞാൻ താങ്കളുടെ കഥ പ്രസിദ്ധീകരിച്ചത് നല്ലൊരു കാര്യമായിരുന്നു എന്നതിൽ താങ്കൾക്ക് അഭിപ്രായ വ്യത്യാസമുണ്ടാവില്ല എന്നു ഞാൻ കരുതുന്നു. ഇപ്പോൾ, വീണ്ടും താങ്കൾ ഗുരുതരമായവിധം രോഗബാധിതനാണ് എന്നൊരു അഭ്യൂഹം പ്രചരിച്ചിട്ടുണ്ട്. ഈ അഭ്യൂഹം തെറ്റാണെന്ന് തിരുശ്ശീലയിലൂടെ ലോകത്തിനു വ്യക്തമാക്കി കൊടുക്കുന്നതു നല്ലതല്ലേ?''

അതേക്കുറിച്ചു സംശയമുണ്ടെന്നും തൻ താമസിയാതെ 'ദൈവത്തെ കാണാൻ പോവുകയാണെന്ന്' മാണ് മാവോ മറുപടി പറഞ്ഞത്.

അദ്ദേഹത്തിന്റെ മുഖത്ത് അപ്പോൾ ഒരു വിളർത്തചിരി പടർന്നിരുന്നു.

1960ൽ ഞങ്ങൾ നടത്തിയ സംഭാഷണം ചൈനീസ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായില്ല. 1965ലാവട്ടെ, ഞങ്ങൾ സംഭാഷണം നടത്തിയ ദിവസം *പീപ്പിൾസ് ഡെയിലി* യിൽ, ഞാനും പെയർമാൻ മാവോയും കൂടി ഇരിക്കുന്ന ഒരു വലിയ ഫോട്ടോ പ്രസിദ്ധീകരിച്ചിരുന്നു. അതിനു താഴെ, *ചൈനയ്ക്കു മേൽ ചുവപ്പുതാരം* എന്ന ഗ്രന്ഥത്തിന്റെ കർത്താവായ അമേരിക്കക്കാരൻ എന്നു മാത്രമാണ് എന്നെപ്പറ്റി പറഞ്ഞിരുന്നത്. ഞങ്ങളുടെ അഭിമുഖസംഭാഷണത്തിന്റെ (അപേക്ഷയനുസരിച്ച് വിട്ടുകളഞ്ഞ ഒന്നോ രണ്ടോ കാര്യങ്ങളൊഴിച്ച്) പൂർണരൂപം പ്രസിദ്ധീകരിക്കുന്നത് ഇതാദ്യമായാണ്. അൽപ്പം ചുരുക്കിയ രൂപത്തിൽ പാരീസിലെ *ലെ നൊവെൽ കാൻദിദെയിലും* ടോക്യോയിലെ *അസാഹിയിലും* 1965 ഫെബ്രുവരി 17-ാം തീയതി ഇതു് ആദ്യമായി പ്രസിദ്ധീക

രിക്കപ്പെട്ട. ഏറെ താമസിയാതെ ഹാം ബുർഗിലെ *സ്പ്രേഗൽ* റോമിലെ *യുറോപ്യാ* ലണ്ടനിലെ *സൺഡേടൈംസ്* വാഷിംഗ്ടണിലെ *നൂറിപ്പബ്ളിക്* എന്നീ പ്രസിദ്ധീകരണങ്ങളിലും ഇതു[2] പ്രത്യക്ഷപ്പെടുകയുണ്ടായി. എന്റെ കുറിപ്പുകാം വിപുലീകരിച്ചതിന്റെയും കങ്ങ്പെങ്ങിന്റെ കുറിപ്പുകളുമായി ഒത്തുനോക്കിയതിന്റെയും അടിസ്ഥാനത്തിൽ ഇവിടെ, നേരത്തെ പ്രസിദ്ധീകരിച്ച രൂപത്തിൽ നിന്നു ചില ചില്ല മാറ്റങ്ങളും വരുത്തിയിട്ടുണ്ട്.

ഈ സംഭാഷണവും അതോടൊപ്പം ഞങ്ങളുടെ കൂടിക്കാഴ്ചയെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളും ഗവണ്മെന്റ് – പാർടി പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടതോടെ ആ സന്ദർഭത്തിനു കേവലമൊരു സൗഹൃദം പുതുക്കൽ എന്നതിൽ കവിഞ്ഞ പ്രാധാന്യവും ഗൗരവവും കൈവരികയുണ്ടായി. യുദ്ധത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും, പ്രത്യേകിച്ച് വിയത്നാം പ്രശ്നത്തെപ്പറ്റി, ചൈനക്കുള്ള അഭിപ്രായങ്ങളും ഇങ്ങനെ അമേരിക്കയെ അറിയിക്കാനായിരുന്നു മാവോ ആഗ്രഹിച്ചതു് എന്നാണു് എനിക്കു തോന്നുന്നതു്.

1970ൽ വീണ്ടും ചൈനയിൽ മടങ്ങിയെത്തിയപ്പോഴും, 1960ൽ ചെയർമാൻ എന്നോടു പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽ പലതും, പ്രത്യേകിച്ചു് ദൈവത്തേക്കാണാൻ പോകുന്നതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും, ദൈവത്തിങ്കലേയ്ക്കുള്ള അദ്ദേഹത്തിന്റെ പ്രയാണത്തിന്റെ വേഗം കൂടി കാണാൻ ആഗ്രഹിക്കുന്നവരെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാകാൻ സാധ്യതയുണ്ടെന്നു് എന്റെ സുഹൃത്തുക്കളിൽ ചിലർ ചൂണ്ടിക്കാട്ടുകയുണ്ടായി. ഞാൻ നടത്തിയ ആഭിമുഖ സംഭാഷണം, വിദേശ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട രൂപത്തിൽ ചൈനയിൽ പരസ്യമായി പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായില്ല. പക്ഷേ, അതിന്റെ തർജ്ജമ പാർടിയുടെ നേതൃത്വവൃത്തങ്ങളിൽ പ്രചരിക്കുകയുണ്ടായി എന്നെനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞു. ചൈനീസ് പ്രദേശങ്ങളും നേരിട്ടു് ആക്രമിക്ക

---

2 *ന്യൂയോർക്ക് ടൈംസ്* അടക്കമുള്ള അമേരിക്കയിലെ വൻകിടപ്പത്രങ്ങളും ഈ അഭിമുഖ സംഭാഷണം പ്രസിദ്ധീകരിക്കാൻ വിസമ്മതിക്കുകയാണുണ്ടായത്.

പ്പെട്ടാലല്ലാതെ ചൈന വിയത്നാം യുദ്ധത്തിൽ ഇടപെടുകയില്ല എന്ന ചെയർമാന്റെ തുറന്ന പ്രസ്താവന, ലിയുഷാവോചിയുടെ ഭൂരിപക്ഷ നേതൃത്വത്തിലുള്ള കേന്ദ്രക്കമ്മറ്റി അന്ത്യപൂർണമായും അംഗീകരിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരു നയത്തിന്റെ മുന്നോടിയായിരുന്നിരിക്കണം.

തിബത്തും ദൈവങ്ങളും

ഞാൻ പറഞ്ഞു: ''കഴിഞ്ഞതവണ ഞാൻ താങ്കളെ കണ്ടതിനു ശേഷം, കുറച്ചുകാലം ചൈനയ്ക്ക് ദുരിതത്തിന്റെ വർഷങ്ങളായിരുന്നല്ലോ. പക്ഷെ ഇപ്പോൾ വീണ്ടും തിളച്ചും അഭിമാനാർഹമായ സ്ഥാനം കൈവരിക്കാൻ ചൈനക്ക് കഴിഞ്ഞിരിക്കുന്നു. 1960ൽ, എന്നോട് സംസാരിക്കവേ, 90 ശതമാനമാളുകളും ഗവണ്മെന്റിനെ പിന്താങ്ങുന്നവരാണെന്നും പത്തു ശതമാനം പേർ മാത്രമേ അതിനെതിരായി നിൽക്കുന്നുള്ളൂ എന്നും താങ്കൾ പറയുകയുണ്ടായല്ലോ. ഇപ്പോഴത്തെ സ്ഥിതി എന്താണ്?''

ചിയാങ്ങ് കൈഷെക്കിനെ പിൻതാങ്ങുന്ന ചിലർ ഇപ്പോഴും ഉണ്ടെന്നും പക്ഷെ, അവരുടെ സംഖ്യ വളരെ നിസ്സാരമാണെന്നുമായിരുന്നു മാവോയുടെ മറുപടി. പലരും തങ്ങളുടെ വീക്ഷണങ്ങളിൽ മാറ്റം വരുത്തിയിരിക്കുന്നു. മേലിൽ കൂടുതൽ ആളുകൾ അങ്ങനെ ചെയ്യുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ഇത്തരമാളുകളുടെ മക്കളെ പുനർവിദ്യാഭ്യാസത്തിനു വിധേയരാക്കാൻ കഴിയും. ഏതായാലും ഏതാണ്ട് 95 ശതമാനമോ അതിൽ കൂടുതലോ ആളുകൾ സംഘടിക്കുകയും സോഷ്യലിസത്തെ പിൻതാങ്ങുകയും ചെയ്തു തുടങ്ങിയിരിക്കുന്നു.

തിബത്തൻ സ്വയംഭരണാവകാശ പ്രസ്ഥാനത്തിന്റെ പ്രാഥമിക(പഠന)കമ്മീഷന്റെ ആക്ടിങ്ങ് ചെയർമാൻ സ്ഥാനത്തു നിന്ന് അടുത്തകാലത്തു നീക്കം ചെയ്യപ്പെട്ട പഞ്ചൻ ലാമയെക്കുറിച്ച് ഞാനോർത്തു. അവിടെ കാർഷിക പരിഷ്കരണ ഘട്ടം പൂർത്തിയായിക്കൊണ്ടിരിക്കുകയായിരുന്നു. ലാമാ കുടുംബങ്ങളുടെയും അവരുടെ ഭല്ലാതമാളുകളുടെയും എസ്റ്റേറ്റുകളും താമസിയാതെ സാമൂഹ്യവൽക്കരിക്കപ്പെടും. പെക്കിങ്ങിന്റെ നിർദേശാനുസരണം യുവാക്കളെയും ഭ്രഷ്ടരായ

കടിയാന്മാരേയും ആശയപരമായി പടച്ചട്ടയണിച്ചുകൊണ്ട് അവിടത്തെ കമ്യൂണിസ്റ്റ് പാർടി കഴിഞ്ഞ പതിമൂന്ന വർഷമായി പഴയ മതാധിഷ്ഠിത ഭരണകൂടത്തിന്റെ അവശേഷിക്കുന്ന രാഷ്ട്രീയ സ്വാധീനം കൂടി തുടച്ചു നീക്കാൻ തയ്യാറെടുക്കുന്നതുപോലെ തോന്നി. മാവോയിസ്റ്റ് അധ്യാപകരുടെ നേതൃത്വത്തിൽ പുതുതായി സാക്ഷരതനേടിയ സാധാരണക്കാരുടെ കൈമുതലായി തീർന്ന ശാസ്ത്രത്തിന്റെയും വ്യവസായത്തിന്റെയും മാന്ത്രിക ശക്തി മതനേതാക്കളുടെ അധികാര ശാതിക്കു തുരങ്കം വച്ചു തുടങ്ങിയിരുന്നു. ലാമായിസവും അവരുടെ ദൈവങ്ങളും വിസ്മൃതിയിലാണ്ട നാടോടിക്കഥകളുടെ ഭാഗമായി മാറിത്തുടങ്ങിയിരിക്കുന്നു. അടുത്ത കാലത്തു് 'പുതിയൊരധ്യായം ആരംഭിക്കാൻ' പഞ്ചൻലാമയ്ക്കു് അവസാനമായി ഒരവസരം കൂടി നൽകിയിരിക്കുകയാണെന്നു് ചൂ എൻ ലായ് നാഷണൽ പീപ്പിംസ് കോൺഗ്രസ്സിൽ പ്രസ്താവിക്കുകയുണ്ടായി.

''എന്താണു് യഥാർഥത്തിൽ പഞ്ചൻലാമയുടെ ബുദ്ധിമുട്ടുകാരം? അടിയാന്മാർക്കു മേൽ അധീശത്വം പുലർത്തിയിരുന്ന ചാമാ-ജന്മിത്വ ശക്തികളുമായി അദ്ദേഹത്തിനുള്ള ഫ്യൂഡൽ ബന്ധങ്ങളിൽ നിന്നും ആവിർഭവിച്ചതാണോ അവ? അതോ ഒരു മതാധികാരി എന്ന നിലയ്ക്കുള്ള തന്റെ ചൂമതലകളും മതത്തിൽ നിന്നു് സ്വതന്ത്രമായ പുതിയ രാഷ്ട്രീയാധികാരവും തമ്മിലുള്ള സംഘർഷത്തിന്റെ പരിണിത ഫലമാണോ? എന്താണു് താങ്കളുടെ അഭിപ്രായം?'' ഞാൻ ചോദിച്ചു.

അടിസ്ഥാനപരമായി അതു് ഭൂമിയുടെ പ്രശ്നമാണെന്നും മതസ്വാതന്ത്ര്യത്തിന്റെ പ്രശ്നമല്ലെന്നും ആണു് മാവോ അഭിപ്രായപ്പെട്ടതു്. ഫ്യൂഡൽ പ്രഭുക്കൾക്കു് അവരുടെ ഭൂമി നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അടിയാന്മാർ സ്വതന്ത്രരായിരിക്കുന്നു. അവരാണു് ഇപ്പോൾ ഭൂമിയുടെ ഉടമസ്ഥർ. പഞ്ചൻലാമ, മാറ്റത്തെ തടസ്സപ്പെടുത്തുക മാത്രമല്ല, അതിനെതിരായി ഒരു ക്ലിക്കു് രൂപീകരിക്കുക പോലും ചെയ്ത പഴയ പ്രമാണി വർഗത്തിൽപ്പെട്ട ചില 'ചീഞ്ഞമുട്ട'[3]കളുമായി യോജിച്ചു നിൽക്കുകയായിരുന്നു. ക്ലിക്കിൽ പെട്ട ചില ആളുകൾ അവരുടെ പദ്ധതികൾ വെളിച്ചത്താക്കി. പഞ്ചനു ചുറ്റുമുള്ള ചിലർ

3 'ഹുവായി ഡാൻ'

ക്കൊന്നും പരിഷ്കരണത്തിനു വിധേയരാകാൻ കഴിയാത്തതു പ്രായമായിട്ടില്ല. അവർ കുറച്ചൊക്കെ പുരോഗമിച്ചേക്കാം. പഞ്ചനും തന്റെ വീക്ഷണങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാണെന്നു വരും. അദ്ദേഹം ഇപ്പോഴും നാഷണൽ പീപ്പിൾസ് കോൺഗ്രസ്സിലെ ഒരംഗമാണ്. ഇപ്പോഴും പെക്കിങ്ങിലാണ് താമസിക്കുന്നതു്. പക്ഷെ, എപ്പോഴും വേണമെങ്കിലും ലാസയിലേക്ക് മടങ്ങിപ്പോകാം. അതെപ്പോഴും വേണമെന്നു് തീരുമാനിക്കേണ്ടതു് അദ്ദേഹമാണ്.

ഒരു മതമെന്ന നിലയ്ക്കും ലാമായിസത്തിൽ വിശ്വസിക്കുന്ന ആളുകളെ ആരും മർദിക്കുന്നില്ല; ക്ഷേത്രങ്ങളും എല്ലാം തുറന്നു പ്രവർത്തിക്കുന്നുണ്ട്. അവിടെ ആരാധനകളും നടന്നു വരുന്നുമുണ്ട് 4. പക്ഷെ, കഴപ്പമതല്ല. ഈ ജീവിക്കുന്ന ബുദ്ധന്മാരൊന്നുംഅവർപറയുന്നപോലെയല്ല പ്രവർത്തിക്കുന്നതു്. ഭൗതിക കാര്യങ്ങളിൽ അവർക്ക് ഒട്ടും താല്പര്യക്കുറവില്ല എന്നതാണ് വാസ്തവം. താനൊരു ജീവിക്കുന്ന ദൈവമാണ് എന്നു് തനിക്കു വിശ്വാസമില്ലെന്നു് ദലായ്ലാമ തന്നെ മാവോയോടു പറഞ്ഞിട്ടുണ്ട്. പക്ഷെ, ആരെങ്കിലും പരസ്യമായി അങ്ങനെ പ്രഖ്യാപിച്ചാൽ, താനങ്ങനെപറഞ്ഞിട്ടില്ലെന്നു് ദലായ്ലാമയ്ക്കു പ്രസ്താവിക്കേണ്ടിവരും. ക്രിസ്ത്യൻ പുരോഹിതന്മാരിൽ പലരുടെയും സ്ഥിതിയും ഇതുതന്നെയാണ്. അവരും തങ്ങളം പ്രചരിപ്പിക്കുന്നകാര്യങ്ങളിൽ പലതുംവിശ്വസിക്കുന്നില്ല. പക്ഷെ, അനുയായികളിൽ മിക്കവരും യഥാർഥവിശ്വാസികളാണ്.

മാവോ ഒരിക്കലും അന്ധവിശ്വാസങ്ങളം വച്ചു പുലർത്തിയിട്ടില്ലാത്ത ഒരാളാണെന്നു് ചിലർ പറയാറുണ്ട്. അതു ശരിയല്ല. തന്റെ അമ്മ ഒരു യഥാർഥ ബുദ്ധമത വിശ്വാസിയായിരുന്നെന്നും അവർ പതിവായി പ്രാർഥിക്കുമായിരുന്നെന്നും മാവോ പറഞ്ഞു. അവിശ്വാസിയായ അച്ഛനെതിരെ മകൻ വിശ്വാസിയായ അമ്മയുടെ പക്ഷം ചേരുക പതിവായിരുന്നു. ഒരിക്കൽ അച്ഛൻ വിജനമായ ഒരു കാട്ടുപ്രദേശത്തു കൂടി നടക്കവേ ഒരു പുലിയെക്കണ്ട്—ശരിക്കുള്ള പുലി, കടലാസ്സുപുലിയ

4 പക്ഷെ സാംസ്കാരിക വിപ്ലവകാലത്തു ചില ക്ഷേത്രങ്ങളം അടച്ചിടപ്പെടുകയുണ്ടായി

ല്ല—യേന്നു് ദൈവങ്ങൾക്കു അർച്ചന നടത്താൻ വേണ്ടി വീട്ടിൽ ഒടി എത്തുകയുണ്ടായി. മിക്കവരുടെയും സ്ഥിതി ഇതു തന്നെയല്ലേ? പ്രയാസങ്ങൾ നേരിടേണ്ടിവരുമ്പോൾ അവർ ദൈവത്തെ വിളിക്കുന്നു. കൊള്ളാവുന്ന ചുറ്റുപാടുകളിൽ ദൈവത്തെ മറക്കുകയും ചെയ്യുന്നു.

''ചൈനയിൽ ഇപ്പോഴും ദൈവങ്ങൾ നിലനിൽക്കുന്നുണ്ടോ?''

''തീർച്ചയായും. ചൈനാക്കാർക്കു് ഒരു ദൈവമല്ല, നിരവധി ദൈവങ്ങളുണ്ടു് എന്നാണു് ഞാൻ കേട്ടിട്ടുള്ളതു്. എല്ലാറ്റിനും പ്രത്യേകം പ്രത്യേകം ദൈവങ്ങൾ. വീടിൽ സൂക്ഷിപ്പുകാരായ ദൈവങ്ങൾ, അടുക്കളദൈവങ്ങൾ, മലദൈവങ്ങൾ, മഴ ദൈവങ്ങൾ, കരുണാമയരായ ദൈവങ്ങൾ,.... അങ്ങനെയങ്ങനെ. കല്ലിനുപോലും ദൈവമാകാൻ കഴിയില്ലേ? ഇപ്പോഴും ലക്ഷക്കണക്കിനാളുകൾ ഇസ്ലാംമതത്തിൽ വിശ്വസിക്കുന്നുണ്ടു്. അതിൽ കൂടുതൽപേർ ബുദ്ധമതത്തിലും താവോ മതത്തിലും വിശ്വസിക്കുന്നുണ്ടു്. അതിനും പുറമേ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകളുമായ അനേകലക്ഷം ക്രൈസ്തവമത വിശ്വാസികളുമുണ്ടു്. ചിലരൊക്കെ ലാമാ ദൈവങ്ങളിലും വിശ്വസിച്ചു പോരുന്നു.

''താങ്കൾ എന്നെങ്കിലും തിബത്തു സന്ദർശിച്ചിട്ടുണ്ടോ എന്നറിയാൻ കൗതുകം തോന്നുന്നു.''

''ഇല്ല''. ലോങ്ങ്മാർച്ചിന്റെ സമയത്തു് തിബത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലൂടെ കടന്നു പോന്നിട്ടുള്ളതല്ലാതെ അദ്ദേഹം ഇതുവരെയും തിബത്തു് സന്ദർശിച്ചിട്ടില്ല. അന്നൊക്കെ അദ്ദേഹം ധാരാളം യാത്ര ചെയ്യുക പതിവായിരുന്നുവെങ്കിലും ചിലപ്രദേശങ്ങൾ സന്ദർശിക്കാൻ ഇതുവരേയ്ക്കും കഴിഞ്ഞിട്ടില്ല. ഉദാഹരണമായി അവർ (നാഷണലിസ്റ്റുകൾ), യുന്നാ പു (കൻമിങ്ങ്) പ്രദേശം കാണാൻ അദ്ദേഹത്തെ ഒരിക്കലും അനുവദിച്ചിരുന്നില്ല. കായ്ചൗ സന്ദർശിക്കാൻ അദ്ദേഹത്തിനു് സാധിച്ചു. പക്ഷെ, കായിയാങ്ങു് സന്ദർശിക്കാൻ സാധിച്ചില്ല. ഇപ്പോൾ അദ്ദേഹത്തിനു് യുനാൻ സന്ദർശിക്കാമായിരിക്കാം. പക്ഷെ, അദ്ദേഹം ഇതുവരെയും അവിടം സന്ദർശിച്ചിട്ടില്ല. അതുപോലെ സിങ്ങ്ക്യാങ്ങും (ചൈനീസ് തുർക്കിസ്ഥാൻ) അദ്ദേഹം സന്ദർശിച്ചിട്ടില്ല.

മുപ്പതുവർഷങ്ങൾക്കു മുൻപാണു് തന്റെ പിതാവും പുലിയും തമ്മിലുണ്ടായ ഏറ്റവു മുട്ടലിനെക്കുറിച്ചു് മാവോ എന്നോടു പറഞ്ഞതു്. അക്കാര്യമോർത്തുകൊണ്ടു്, അക്കാലത്തു്, നാഷണലിസ്റ്റുകളുമായുള്ള ആദ്യത്തെ യുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ, തങ്ങളുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു എന്നദ്ദേഹം അനുസ്മരിച്ചു. പക്ഷെ, എണ്ണത്തിൽ കുറവായിരുന്നെങ്കിലും പഴയ ചൈനീസു് റെഡ്ആർമി അസാമാന്യമായ ഐക്യവും ദാർഢ്യവും പ്രകടിപ്പിച്ചിരുന്നു. ലഘുവായ ആയുധങ്ങൾമാത്രം കൈമുതലായുണ്ടായിരുന്ന ആ കാലഘട്ടത്തിൽ ഞാൻ അവരെ കണ്ടിട്ടുണ്ടു്.

''പക്ഷെ, ദരിദ്രജനസേനയുടെ കൈവശമുണ്ടായിരുന്ന മോരിച്ച കുന്തങ്ങൾ കണ്ടിട്ടുണ്ടാവില്ല അല്ലേ?''

ഉവ്വു്. കുന്തങ്ങൾ മാത്രമല്ല ചൂൽത്തണ്ടുകൾ പോലുമുണ്ടായിരുന്നു. കൈവശമുണ്ടായിരുന്നതോ നേടാൻ കഴിയുന്നതേ ആയ ആയുധങ്ങളെ ആശ്രയിച്ചല്ല ജയാപജയങ്ങൾ നിശ്ചയിക്കപ്പെടുക. വിജയം നേടുന്നതിലുള്ള നിശ്ചയദാർഢ്യവും ശരിയായ ലക്ഷ്യങ്ങളുമായിരുന്നു എറ്റവും നിർണായക ഘടകങ്ങൾ. അതിനു് പല വശങ്ങളുണ്ടു്. ഇപ്പോൾ, ഇരുപതു വർഷങ്ങൾക്കു ശേഷം,അവർക്കു് മെച്ചപ്പെട്ട ആയുധങ്ങൾ ലഭ്യമായിരിക്കുന്നു. പക്ഷെ ജയാപജയങ്ങളെ നിർണയിക്കുന്നതു് അതേ പഴയ ഘടകങ്ങൾ തന്നെയാണു്.

''അന്നു് മുഖ്യമായും ജപ്പാന്റെ ആധിപത്യത്തിൽ നിന്നു് ചൈനയെ മോചിപ്പിക്കുന്നതിനെപ്പറ്റിയാണു് ജനങ്ങൾ ചിന്തിച്ചിരുന്നതു്. വിപ്ലവ ചൈനയുടെ ഉയർച്ചയുടെ മുഴുവൻ പ്രാധാന്യവും ആ ഘട്ടത്തിൽ എനിക്കു് മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നില്ല.''

അമേരിക്കയിലെ സായുധ വിപ്ലവം

പാവോ ആനിൽ വച്ചു് ഞാൻ ആദ്യമായി അദ്ദേഹത്തെ സന്ദർശിക്കുന്ന കാലത്തു് തങ്ങൾ ജാപ്പാനുമായി ഒരു യുദ്ധത്തിലേർപ്പെടാനുള്ള ഒരുക്കത്തിലായിരുന്നു എന്നു് മാവോ അനുസ്മരിച്ചു. 1937ൽ, ജാപ്പാനെതിരെ സംയുക്തമായി യുദ്ധത്തിൽ ഏർപ്പെടുന്നതു സംബന്ധിച്ചു് ചിയാങ്ങ് കൈഷേക്കുമായി

കരഗതിലേർപ്പെട്ട ശേഷം, മാവോയുടെ പോരാളികളും മുഖ്യ ശത്രു സേനകളുമായുള്ള ഏറ്റുമുട്ടലുകളും ഒഴിവാക്കുകയും കർഷകർക്കിടയിൽ ഗറില്ലാതാവളങ്ങളും സ്ഥാപിക്കാനുള്ള ശ്രമത്തിൽ മുഴുകുകയുമാണു് ചെയ്തതു്. ഇക്കാര്യത്തിൻ ജപ്പാൻകാർ വലിയ സഹായമാണു് ചെയ്തതു്. അവർ കിഴക്കൻ ചൈനയിലെ പല പ്രദേശങ്ങളിലും ഗ്രാമങ്ങളും ബലംപ്രയോഗിച്ചു് കീഴടക്കുകയും കത്തിച്ചുകളയുകയും ചെയ്തു. ഈ അനുഭവങ്ങളും ജനങ്ങളെപലതും പഠിപ്പിക്കുകയും അവരുടെ രാഷ്ട്രീയബോധത്തിന്റെ മൂർച്ച കൂട്ടുകയും ചെയ്തു. ജപ്പാൻകാരുടെ പ്രവർത്തനങ്ങളും കമ്മ്യൂണിസ്റ്റു നേതൃത്വത്തിലുള്ള ഗറില്ലകളുടെ എണ്ണവും സ്വാധീനവും വർധിപ്പിക്കാൻ സഹായകമായ സാഹചര്യം സൃഷ്ടിച്ചു. ഇന്നു് ജപ്പാൻകാർ ചൈന സന്ദർശിച്ചു് മാവോയെ കാണുകയും അദ്ദേഹത്തോടു് ക്ഷമയാചിക്കുകയും ചെയ്യുമ്പോഴും മാവോ അവർ ചെയ്ത ഉപകാരത്തിനു് നന്ദി പറയുക പതിവാണു്. ജാപ്പാൻകാർ സിയാൻവരേയും ചുങ്കിങ്ങ്യാങ്ങ് വരെയും എത്തുമെന്നാണു് അദ്ദേഹം പ്രതീക്ഷിച്ചിരുന്നതു്. അവർ അങ്ങിനെ ചെയ്തിരുന്നെങ്കിൽ ഗറില്ലകളുടെ ശക്തി കൂടുതൽ വേഗത്തിൽ വർധിക്കുമായിരുന്നു. ജപ്പാനിലെ യുദ്ധപ്രേമികളാണു് ചൈനീസ് കമ്മ്യൂണിസ്റ്റുകളെ സഹായിച്ചതെന്നാണു് ജാപ്പാനിലെ കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല, ജാപ്പാനീസ് സോഷ്യലിസ്റ്റുകളുംക്കിടയിലെ ഇടതു വലതു പക്ഷങ്ങളും പോലും അഭിപ്രായപ്പെടുന്നതു്.

പിന്നീടു്, ആഭ്യന്തരയുദ്ധകാലത്തു് ചിയാങ്ങ്കൈഷേക്കിനെ പിൻതാങ്ങുകവഴി അമേരിക്കൻ ഗവണ്മെന്റു് കമ്മ്യൂണിസ്റ്റുകാരെ സഹായിക്കുകയുണ്ടായി. വിമോചനയുദ്ധകാലത്തു്, ചിയാങ്ങ് കൈഷേക്കിന്റെ സൈനികർ ഇട്ടിട്ടുപോയ അമേരിക്കൻ ആയുധങ്ങളും അവർക്കു് ഒട്ടു വളരെ ഉപകരിച്ചു. ഇപ്പോഴും വിയത്നാമിലും ഇതു തന്നെയാണു് സ്ഥിതി. അവിടത്തെ വിമോചനസേനകളും ഉപയോഗിക്കുന്ന ഭൂരിഭാഗം ആയുധങ്ങളും അമേരിക്കൻ നിർമിതമാണു്.

ജനറാലിസ്സിമോ (ചിയാങ്ങ് കൈഷേക്കു്) എല്ലായ്പോഴും അവരുടെ ഗുരുനാഥനായിരുന്നു. അദ്ദേഹം പഠിപ്പിച്ച പാഠങ്ങളുടെ അഭാവത്തിൽ മാവോയെപ്പോലുള്ളവർക്കു് വലതുപക്ഷ അവസരവാദത്തെ എതിർക്കാനോ അദ്ദേഹത്തിനെതിരെ

ആയുധങ്ങളേന്താനോ കഴിയുമായിരുന്നില്ല. യഥാർഥത്തിൽ ചിയാങ്ങ് കൈഷേക്കും ജാപ്പാനിലെ യുദ്ധ പ്രേമികളും നേരിട്ട് അവരെ യുദ്ധം ചെയ്യാൻ പാിപ്പിച്ച അമേരിക്ക പരോക്ഷമായും.

''ചിയറു് കോങ്ങുകളുടെ ഇപ്പോഴത്തെ ശക്തി, നാഷണലിസ്റ്റു് കക്ഷികാംക്കെതിരെ വൻതോതിൽ ആഘാതങ്ങളേല്പിച്ചു തുടങ്ങിയിരുന്ന ഘട്ടത്തിൽ (1947) ചൈനയിലെ ജനകീയ സേനയ്ക്കുണ്ടായിരുന്ന ശക്തിയോട് കിടനിൽക്കുന്ന വിധത്തിലുള്ളതാണെന്നു് സൈഗോണിലെ ചില അമേരിക്കൻ പത്രലേഖകർ പ്രസ്താവിച്ചിരുന്നു. ചിയാറു്കോങ്ങുകളുടെ ഇപ്പോഴത്തെ സാഹചര്യവും പഴയ ജനകീയവിമോചനസേന അഭിമുഖീകരിച്ചിരുന്ന സാഹചര്യവും എതാണ്ടു് ഒരുപോലെയുള്ളതാണോ?''

അല്ലെന്നാണു് പെയർമാൻ കരുതുന്നതു് ചൈനയുടെ രണ്ടാമത്തെ വിപ്ലവകരമായ യുദ്ധത്തിനു് വിശാലമായ ഒരു രാഷ്ട്രത്തെ മുഴവൻ വിമോചിപ്പിക്കുക എന്ന ലക്ഷ്യമാണുണ്ടായിരുന്നതു്. 1947 ആയപ്പോഴേക്കും, ചിയാങ്ങ്കൈഷേക്കിന്റെ പക്ഷത്തുള്ള നിരവധി ദശലക്ഷം ആളുകാംക്കെതിരെ ജനകീയ വിമോചനസേന, ഏതാണ്ടു് പത്തുലക്ഷം ആളുകളെ അണിനിരത്തുകയുണ്ടായി. ജനകീയ വിമോചന സേന അന്നു് ഡിവിഷൻ, ഗ്രൂപ്പു് അടിസ്ഥാനത്തിലാണു് പ്രവർത്തിച്ചിരുന്നതു്. ചിയാങ്കോങ്ങുകളാകട്ടെ ബറാലിയൻ അടിസ്ഥാനത്തിലോ അല്ലെങ്കിൽ പരമാവധി റെജിമെൻറടിസ്ഥാനത്തിലോ ആണു് പൊരുതിക്കൊണ്ടിരുന്നതു്. ചിയാങ്കൈഷേക്കിനുള്ള അമേരിക്കൻ സേനാംഗങ്ങളുടെ എണ്ണം താരതമ്യേന ചെറുതാണു്. അമേരിക്ക ചിയാങ്കൈഷേക്കിനുള്ള തങ്ങളുടെ സേനാംഗങ്ങളുടെ എണ്ണം ഇനിയും വർധിപ്പിക്കുകയാണെങ്കിൽ, തങ്ങാംക്കെതിരെ ജനങ്ങളെ സായുധീകരിക്കുന്ന പ്രക്രിയയ്ക്കു് ആക്കം കൂട്ടാൻ അതു് സഹായകമാവും. പക്ഷെ, ആത്യന്തികമായി തങ്ങളെ പരാജയപ്പെടുത്താൻ കഴിവുള്ള ഒരു വിപ്ലവവ്യവസ്ഥാനത്തെ വളർത്തിയെടുക്കുകയാണു് അവർ ചെയ്യുന്നതു് എന്നു താൻ പറഞ്ഞാൽ അമേരിക്കൻ നേതാക്കാം വിശ്വസിക്കുകയി

ല്ല. വിയത്നാംകാരെ അവരുടെ പാട്ടിനുവിടാൻ അമേരിക്ക തയ്യാറല്ല. അവർ ൻഡോ ദിൻ ദീം പറഞ്ഞ കാര്യങ്ങളും ശ്രദ്ധിക്കുകയുണ്ടായോ? ഹോചിമിന്റെയും തന്റെയും (മാവോയുടെ) അഭിപ്രായം ദീം അത്ര മോശക്കാരനല്ലെന്നാണ്. അമേരിക്കക്കാർ അയാളെ കറെക്കാലത്തേക്ക് വച്ചുപൊറുപ്പിക്കുമെന്നാണ് തങ്ങളും പ്രതീക്ഷിച്ചിരുന്നത്. പക്ഷെ, അസഹിഷ്ണുക്കളായ അമേരിക്കൻ ജനറൽമാർക്ക് അയാളെ മടുത്തു. അവർ അയാളെ പുറംതള്ളി. എന്നിട്ടെന്തുണ്ടായി? ദീമിന്റെ വധത്തിനശേഷം പ്രപഞ്ചത്തിൽ എല്ലായിടത്തും കൂടുതൽ സമാധാനം പുലരുകയുണ്ടായോ?

''വിയത്കോങ്ങുകാരുടെ സ്വന്തം പരിശ്രമങ്ങളും കൊണ്ടുമാത്രം വിജയം നേടാൻ കഴിയുമോ?''

ഉവ്വെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ചൈനയിലെ ഒന്നാം (വിപ്ലവ)ആഭ്യന്തര യുദ്ധകാലത്തെ (1927–37)കമ്യൂണിസ്റ്റുകളുടെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോഴും വിയത്കോങ്ങുകളുടെ സ്ഥിതി കൂടുതൽ മെച്ചപ്പെട്ടതാണ്. ചൈനയിലെ ആഭ്യന്തര യുദ്ധകാലത്ത് നേരിട്ടുള്ള വൈദേശിക ഇടപെടലുകളുമൊന്നുമില്ലായിരുന്നു. പക്ഷെ വിയത്നാമിലാകട്ടെ അമേരിക്ക നേരിട്ട് ഇടപെട്ട് കഴിഞ്ഞിരുന്നു. വിയത്കോങ്ങ് അണികളെയും സായുധസേനാ ഓഫീസർമാരെയും സായുധവൽകരിക്കാനും പഠിപ്പിക്കാനും അമേരിക്കൻ ഇടപെടൽ സഹായകമാവും. ഇപ്പോഴാകട്ടെ വിമോചന സേനാംഗങ്ങളും മാത്രമല്ല അമേരിക്കയെ എതിർക്കുന്നത്. ദീം അമേരിക്കൻ ഉത്തരവുകൾ പാടേ അനുസരിക്കാൻ തയ്യാറായിരുന്നില്ല. ഈ സ്വതന്ത്രമനസ്ഥിതി പതുക്കെപ്പതുക്കെ മറ്റു ജനറൽമാരിലേക്കും വ്യാപിച്ചിരിക്കുന്നു, അമേരിക്കൻ ഗ്രുക്കന്മാർ വിജയം കൈവരിച്ചു കൊണ്ടിരിക്കുകയാണ്.

ഈ ജനറൽമാരിൽ ചിലരെങ്കിലും താമസിയാതെ വിമോചനസേനയിൽ ചേരുമോ എന്നു ചോദിച്ചപ്പോഴും മാവോ പറഞ്ഞു: ഉവ്വ്. ആത്യന്തികമായി അവർ പിന്തുടരുന്നത് കമ്യൂണിസ്റ്റു പക്ഷത്തു ചേർന്ന ക്ലമിന്താങ്ങ് ജനറൽമാരുടെ അതേ മാതൃകയായിരിക്കും.

മൂന്നാം ലോകത്തെക്കുറിച്ച്

''വിയത്നാമിലും കോങ്കോവിലും മറ്റ് മുൻകാല കോളനികളിലുമുള്ള അമേരിക്കയുടെ സായുധ ഇടപെടൽ, മാർക്സിയൻ സങ്കൽപങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സൈദ്ധാന്തിക പ്രശ്നമുളവാക്കുന്നുണ്ട്. പ്രശ്നമിതാണ്: നിയോകോളോണിയലിസവും ഫ്രഞ്ചുകാർ 'മൂന്നാംലോക'മെന്നു വിശേഷിപ്പിക്കുന്ന ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിൻ അമേരിക്കയിലെയും അവികസിത രാഷ്ട്രങ്ങളിലെയും മുൻകാലത്തു കോളനികളായിരുന്നതോ ഇപ്പോഴും കോളനികളായി തുടരുന്നതോ ആയ രാഷ്ട്രങ്ങളിലെയും വിപ്ലവശക്തികളും തമ്മിലുള്ള വൈരുധ്യമാണോ ഇന്നു ലോകത്തു നിലനിൽക്കുന്ന മുഖ്യ രാഷ്ട്രീയ വൈരുധ്യം? അതോ ഇപ്പോഴും മുതലാളിത്ത രാഷ്ട്രങ്ങളും തമ്മിലുള്ള വൈരുധ്യം തന്നെയാണു മുഖ്യവൈരുധ്യം എന്ന അഭിപ്രായമാണോ താങ്കൾക്കുള്ളതു്?

താൻ അതേക്കുറിച്ചു് ഒരഭിപ്രായം രൂപീകരിച്ചു കഴിഞ്ഞിട്ടില്ലെന്നാണു് മാവോ സെ തുങ്ങ് പറഞ്ഞതു്. ഒരു പക്ഷെ എനിക്കദ്ദേഹത്തെ സഹായിക്കാൻ കഴിയും എന്നദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു. പ്രസിഡണ്ടു് കെന്നഡിയു, ഇക്കാര്യത്തിൽ തല്പരനായിരുന്നു എന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു. അമേരിക്ക, ക്യാനഡ, പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങൾ എന്നിവയ്ക്കിടയിൽ അത്ര കാര്യമായ, അടിസ്ഥാനപരമായ വ്യത്യാസങ്ങളൊന്നുമില്ല എന്നു പോലും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായില്ലേ? ഭാവിയിലെ മുഖ്യമായ പ്രശ്നങ്ങളെല്ലാം ദക്ഷിണാർധഗോളത്തിലാണു് നിലനിൽക്കുന്നതെന്നും പ്രസിഡണ്ടു് അഭിപ്രായപ്പെടുകയുണ്ടായി. 'പ്രാദേശിക വിപ്ലവസമരങ്ങളെ' നേരിടുന്നതിനു് 'പ്രത്യേക സേനകളെ' പരിശീലിപ്പിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു വാദിക്കുമ്പോഴും പ്രസിഡണ്ടിന്റെ മനസ്സിൽ മേല്പറഞ്ഞ ചോദ്യം ഉയർന്നിരിക്കണം. നേരേമറിച്ചു്, ഇതിനു മുൻപു നടന്ന രണ്ടു ലോകമഹായുദ്ധങ്ങൾക്കും കാരണം സാമ്രാജ്യത്വശക്തികളും തമ്മിലുള്ള വൈരുധ്യങ്ങളായിരുന്നു. 'കൊളോണിയൽ വിപ്ലവങ്ങൾക്കെതിരെ നടത്തിയ' യുദ്ധങ്ങൾ അവയുടെ സ്വഭാവത്തിൽ

മാറ്റമൊന്നും വരുത്തിയിട്ടുമില്ല. കോളനികളുടെ പുനർവിഭജനത്തിനു വേണ്ടിയല്ലേ ഈ രണ്ടു യുദ്ധങ്ങളും നടത്തപ്പെട്ടതു്? ഇനി, വീണ്ടുമൊരു മഹായുദ്ധം നടക്കുകയാണെങ്കിൽ ഇപ്പറയുന്ന അവികസിത രാഷ്ട്രങ്ങളുടെ മേലുള്ള സ്വാധീനം പുനർവിഭജിക്കുക എന്നതായിരിക്കില്ലേ അതിന്റെ ഉദ്ദേശ്യം? യഥാർഥത്തിൽ വികസിത രാഷ്ട്രങ്ങളെന്നു വിശേഷിപ്പിക്കപ്പെടുന്നവർ തമ്മിൽ ഇപ്പോഴും അത്ര ദൃഢമായ ഐക്യമൊന്നുമില്ല. ഫ്രാൻസിന്റെ കാര്യം പരിശോധിച്ചു നോക്കൂ. ഡിഗാളിന്റെ നയങ്ങൾക്കു പിന്നിൽ രണ്ടുദ്ദേശങ്ങളുണ്ടായിരുന്നുവെന്നു് വ്യക്തമാവും. ഒന്നാമത്തെ ഉദ്ദേശം അമേരിക്കൻ മേധാവിത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ഉറപ്പു വരുത്തുക എന്നതാണു്. രണ്ടാമത്തേതു്, ആഫ്രിക്കയിലെയും അമേരിക്കയിലെയും ലാറ്റിനമേരിക്കയിലെയും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കു് അനുസൃതമായ രീതിയിൽ ഫ്രാൻസിന്റെ നയങ്ങളിൽമാറ്റംപോക്കുകം വരുത്തുക എന്നതും. ഇതിന്റെ ഫലമോ? സാമ്രാജ്യത്വശക്തികളും തമ്മിലുള്ള വൈരുധ്യങ്ങൾ വർധിക്കുക എന്നതു തന്നെ. ഫ്രാൻസു് ഇപ്പറയുന്ന ''മൂന്നാം ലോക''ത്തിൽ പെടുമോ? അടുത്തകാലത്തു് തന്നെ സന്ദർശിച്ച ചില ഫ്രഞ്ചു സഞ്ചാരികളോടു് മാവോ ഇക്കാര്യം ചോദിക്കുകയുണ്ടായി. ഫ്രാൻസു് ഒരു വികസിത രാഷ്ട്രമാണെന്നും തന്മൂലം അതു് മൂന്നാം ലോകത്തിൽ പെടുകയില്ല എന്നുമാണവർ മറുപടി പറഞ്ഞതു്. ഈ പ്രശ്നം അത്ര ലഘുവല്ലെന്നാണു് തോന്നുന്നതു്.

'ഒരു പക്ഷെ, ഫ്രാൻസു് മൂന്നാം ലോകത്തിൽ പെടുമെന്നാം എന്നാൽ അതിന്റെ ഭാഗമല്ലെന്നും പറയാമായിരിക്കും.'

ഒരു പക്ഷെ, അങ്ങനെയാവാം. പ്രസിഡന്റു് കെന്നഡിക്കു് ഈ പ്രശ്നത്തിൽ താല്പര്യമുളവായതിനെ തുടർന്നു്, അദ്ദേഹം സായുധസേനാ പ്രവർത്തനങ്ങളെക്കുറിച്ചു് മാവോ രചിച്ചിട്ടുള്ള ലേഖനങ്ങളും പഠിച്ചു തുടങ്ങുകയുണ്ടായി (താനിക്കാര്യം വായിക്കുകയുണ്ടായെന്നു് മാവോ പറഞ്ഞു). അൾജീരിയൻ യുദ്ധകാലത്തു് ഫ്രഞ്ചുകാർ തന്റെ ചില ഗ്രന്ഥങ്ങളും വായിക്കുകയും അതിൽ നിന്നു ലഭിച്ച വിവരങ്ങളും അൾജീരിയക്കാർക്കെതിരെ ഉപയോഗിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നതായി, ചില അൾജീരിയൻ സുഹൃത്തുക്കളും തന്നെ അറിയിച്ചിരുന്നതാ

യും മാവോ പറയുകയുണ്ടായി. പക്ഷെ, തന്റെ ഗ്രന്ഥങ്ങം ചൈനീസ് അനുഭവത്തെ അടിസ്ഥാനമാക്കിയുള്ളവയാണെന്നും അവ തിരിച്ച് പ്രയോഗിക്കാനാവില്ലെന്നുമാണ് മാവോ അംജീരിയൻ പ്രധാനമന്ത്രി ആബാദിനോട് പറഞ്ഞതു്. അതിലെ വിവരങ്ങം ജനങ്ങളുടെ വിമോചന സമരം സംഘടിപ്പിക്കുന്നതിനു സഹായകമാവും. എന്നാൽ ജനവിരുദ്ധ സമരങ്ങളിൽ അവ ഫലപ്രദമാകുന്ന പ്രശ്നമില്ല. അംജീരിയയിൽ ഫ്രഞ്ചുകാർ പരാജയപ്പെടുന്നതിനു് അതു തടസ്സമാവുകയുണ്ടായില്ലല്ലോ. ചിയാങ്ങ് കൈഷേക്കും കമ്യൂണിസ്റ്റു രേഖകം പഠിക്കുകയുണ്ടായി. പക്ഷെ, അദ്ദേഹത്തിനും രക്ഷപ്പെടാൻ കഴിഞ്ഞില്ല.

ചൈനാക്കാർ അമേരിക്കൻ പുസ്തകങ്ങളും പഠിക്കുന്നുണ്ടു്. പക്ഷെ അവർ ഒരു ജനവിരുദ്ധ സമരത്തിനൊരുങ്ങുന്നതു് ശരിയായിരിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ഉദാഹരണമായി അദ്ദേഹം, സൈഗോണിലെ അമേരിക്കൻ അമ്പാസിഡറായ ജനറൽ മാക്സ്വെൽ ടെയ്ലർ എഴുതിയ *ദി അൺസർട്ടൻ ട്രം പറ്റ്* എന്ന പുസ്തകം വായിച്ചിരുന്നു. അണുവായുധങ്ങം ഉപയോഗിക്കാൻ കഴിയുകയില്ലെന്നുംതന്മൂലം ജയാപരാജയങ്ങം അണുവേതര ആയുധങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു് എന്നുമായിരുന്നു ടെയ്ലറുടെ അഭിപ്രായം. അണുവായുധ വികസനത്തിനു് അദ്ദേഹം അനുകൂലമാണെങ്കിലും അണുവായുധ വികസനത്തിൽ സായുധസേനയ്ക്കു് പ്രാമുഖ്യം നല്കണമെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ഇപ്പോം പ്രത്യേകയുദ്ധമുറകളെക്കുറിച്ചുള്ള തന്റെ സിദ്ധാന്തങ്ങം പരിശോധിക്കാൻ അദ്ദേഹത്തിനു് അവസരം ലഭിച്ചിരിക്കുകയാണു്. കഴിഞ്ഞ ജൂണിലാണു് അദ്ദേഹം വിയത്നാമിലെത്തിയതു്. അവിടെ നിന്നും ജനറൽ ടെയ്ലർക്കു് വിലപിടിപ്പുള്ള പല പാഠങ്ങളും പഠിക്കാൻ കഴിയും.

ഗറില്ലകളെ എങ്ങനെ കൈകാര്യം ചെയ്യണം എന്നതിനെക്കുറിച്ചു് അമേരിക്കൻ അധികാരികം അവരുടെ സായുധസേനാംഗങ്ങൾക്കു് നല്കിയിരുന്ന ഉപദേശങ്ങം അടങ്ങുന്ന ചില ലേഖനങ്ങളും പെയർമാന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. ഗറില്ലകളുടെ പോരായ്മകളെക്കുറിച്ചും സൈനികമായ ദുർബലത

കളെക്കുറിച്ചും വിവരിക്കുകയും അമേരിക്കയുടെ വിജയത്തെക്കുറിച്ച പ്രതീക്ഷ പുലർത്തുകയും ചെയ്യുന്ന ലേഖനങ്ങളാണ് ഇവ. പക്ഷെ, നിർണായകമായ രാഷ്ട്രീയ ഘടകം അവർ പരിഗണിച്ചിരുന്നില്ല. ദിമിനേറ്തായാലും മറേറതെങ്കിലും പാവകളുടെതായാലും, ജനങ്ങളിൽ നിന്ന് വേറിട്ടുനിൽക്കുന്ന ഒരു ഗവണ്മെൻറിനും വിമോചനസമരങ്ങളിൽ വിജയം കൈവരിക്കാനാവില്ല. അത്തരം ഗവണ്മെൻറുകളെ സഹായിക്കുന്നതുകൊണ്ട് യാതൊരു നേട്ടവുമുണ്ടാകുകയില്ല. പക്ഷെ, അമേരിക്കൻ അധികാരികൾ അദ്ദേഹം പറയുന്നതു ചെവിക്കൊള്ളുകയില്ല. ഞാൻ പറയുന്നതും അവർ ശ്രദ്ധിക്കുകയില്ല.

''ദക്ഷിണ പൂർവ്വേഷ്യയിലും ഇന്ത്യയിലും അതുപോലെതന്നെ ആഫ്രിക്കയിലെയും, ലാററിനമേരിക്കയിലും ചില രാഷ്ട്രങ്ങളിലും, ചൈനയെ ഒരു വിപ്ലവത്തിലേക്കു നയിച്ച സാമൂഹ്യസാഹചര്യങ്ങളോട് താരതമ്യപ്പെടുത്താവുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ട്. ഓരോ രാജ്യത്തിനും അതിനേറതായ പ്രശ്നങ്ങളുണ്ട്. അവയുള്ള പരിഹാരമാർഗങ്ങളും തികച്ചും വ്യത്യസ്തമാണ്. എങ്കിൽപ്പോലും ഈ പ്രദേശങ്ങളിലെല്ലാം നടക്കുന്നിരിക്കുന്ന സാമൂഹ്യ വിപ്ലവങ്ങൾക്ക്, ചൈനയുടെ അനുഭവങ്ങളിൽ നിന്ന് ഒട്ടു വളരെ പഠിക്കാനില്ലേ എന്നു ഞാൻ സംശയിക്കുന്നു. താങ്കൾ ഇതിനോട് യോജിക്കുമോ?''

കഴിഞ്ഞ കാലത്തു് അനുഭവിക്കേണ്ടി വന്നിട്ടുള്ള മർദനങ്ങളും അന്യായങ്ങളും കൂടിച്ചേർന്ന്, ഈ ജനവിഭാഗങ്ങളിൽ ഫ്യൂഡൽ വിരുദ്ധ, മുതലാളിത്ത വിരുദ്ധ മനോഭാവവും സാമ്രാജ്യത്വത്തോടും നിയോകൊളോണിയലിസത്തോടുമുള്ള എതിർപ്പും ഉളവാക്കിയിരിക്കുകയാണ്, അദ്ദേഹം പറഞ്ഞു. ഇത്തരമൊരു പരിതസ്ഥിതി നിലവിലുള്ള രാജ്യങ്ങളിലെല്ലാം വിപ്ലവം നടക്കേണ്ടതാണ്. പക്ഷെ, ഞാൻ സൂചിപ്പിച്ച രാഷ്ട്രങ്ങളിലെല്ലാം തന്നെ ജനങ്ങൾ കേവലം ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് പരിശ്രമിച്ചു കൊണ്ടിരിക്കുന്നതു്. അവരുടെ ഉന്നം സോഷ്യലിസമല്ല. സോഷ്യലിസം ദേശീയ സ്വാതന്ത്ര്യത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. യൂറോപ്യൻ രാഷ്ട്രങ്ങളിലും ഫ്യൂഡൽ വിരുദ്ധ വിപ്ലവങ്ങൾ നടന്നിട്ടുണ്ട്.

പക്ഷെ, അമേരിക്കയുടെ കാര്യം വ്യത്യസ്തമാണ്. അവർക്ക് ഒരിക്കലും ഒരു ഫ്യൂഡൽ കാലഘട്ടം തരണം ചെയ്യേണ്ടി വന്നിട്ടില്ല.

''അമേരിക്കൻ ഐക്യനാടുകളിലും, തെക്കൻ സംസ്ഥാനങ്ങളിലെ അടിമത്തവ്യവസ്ഥയുടെ കാലഘട്ടത്തിൽ, വളരെ ചുരുങ്ങിയ കാലയളവിൽ പ്രാദേശിക ഫ്യൂഡലിസം നിലനിന്നിട്ടുണ്ട്. മാത്രമല്ല, നൂറുവർഷങ്ങൾക്കു ശേഷവും പഴയ അടിമകൾ സാമൂഹ്യവും രാഷ്ട്രീയവുമായ സമത്വത്തിനു വേണ്ടി പോരാടിക്കൊണ്ടിരിക്കുന്നു കാഴ്ചയാണ് നാം കാണുന്നത്. അപ്പോൾ, അമേരിക്കൻ ഐക്യനാടുകൾ ഫ്യൂഡൽ സ്വാധീനങ്ങളിൽ നിന്ന് തീർത്തും വിമുക്തമാണ് എന്നു പറയുന്നതു ശരിയായിരിക്കില്ല.''

പെയർമാൻ ഇങ്ങനെ തുടർന്നു: ''അമേരിക്കൻ ഐക്യനാടുകൾ ആദ്യം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പുരോഗമന സ്വഭാവമുള്ള ഒരു സ്വാതന്ത്ര്യസമരം നടത്തി. പിന്നീടവർ ഒരു സ്വതന്ത്ര അധ്വാന വിപണി ലക്ഷ്യമാക്കുന്നതിനുവേണ്ടി ഒരാഭ്യന്തരയുദ്ധത്തിൽ ഏർപ്പെട്ടു. വാഷിങ്ടണും ലിങ്കണും താന്താങ്ങളുടെ കാലഘട്ടത്തിലെ പുരോഗമന വാദികളായിരുന്നു. അമേരിക്കൻ ഐക്യനാടുകൾ ആദ്യമായി ഒരു റിപ്പബ്ലിക്ക് സ്ഥാപിച്ചപ്പോൾ, യൂറോപ്പിലെ എല്ലാ രാജാക്കന്മാരും അവരെ വെറുക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നു. അതായതു്, അന്ന് അമേരിക്കക്കാർ വിപ്ലവകാരികളായിരുന്നു. ഇന്ന്, അമേരിക്കൻ ജനത, സ്വന്തം നാട്ടിലെ കുത്തകമുതലാളികളിൽ നിന്ന് മോചനം നേടുന്നതിനായി അടരാടേണ്ടി വന്നിരിക്കുകയാണ്.''

ഞാൻ ഐക്യനാടുകളുടെ ഏതു ഭാഗത്തു നിന്നാണ് വരുന്നതു്? അദ്ദേഹം അന്വേഷിച്ചു.

''മധ്യ പശ്ചിമ അമേരിക്കയിലെ മിസ്സോറിയിലാണ് ഞാൻ ജനിച്ചതു്. ഭൂമിശാസ്ത്രപരമായി നോക്കിയാൽ താങ്കളുടെ ജനനസ്ഥലമായ ഹുനാനിനോട് സാദൃശ്യമുള്ള ഒരു പ്രദേശമാണതു്. ഞങ്ങടെ വിപ്ലവകാരികൾക്കൊന്നും തന്നെ ജന്മം നൽകിയിട്ടില്ല. പക്ഷെ മാർക്ക് ട്വയ്നും ഹാരിട്ട് മാനും മിസ്സോറിക്കാരാണ്. ഇരുവരും തികച്ചും വിഭിന്ന പ്രകൃതികളുമാണ്. മിസ്സോറി ഒരിടിമ സംസ്ഥാനമായിരുന്നില്ല. പക്ഷെ

കഷ്ടിച്ച് ഇരുന്നൂറു വർഷങ്ങൾക്കു മുൻപ് തദ്ദേശികളായ അമേരിക്കൻ ഇന്ത്യാക്കാരുടെ കയ്യിൽ നിന്നു പിടിച്ചു പറിച്ച, അവരുടെ ജന്മഭൂമിയുടെ ഒരു ഭാഗമാണതു്. തങ്ങൾ സാമ്രാജ്യവാദികളല്ല എന്നാണു് അമേരിക്കക്കാർ വിശ്വസിക്കുന്നതു്. പക്ഷേ, അമേരിക്കൻ ഇന്ത്യാക്കാരുടെ വിശ്വാസം നേരേ മറിച്ചാണു്. ന്യൂനപക്ഷ ജനതകളെ നിരാധാരരാക്കുന്ന കാര്യത്തിൽ ചൈന ഒരിക്കലും ഇത്രയേറെ ക്രൂരത പ്രകടിപ്പിച്ചിട്ടില്ല. മുവായിരം വർഷങ്ങൾ കഴിഞ്ഞിട്ടും ചൈനയുടെ പകുതിയിലേറെ പ്രദേശം അവരുടേതാണു്. ചൈനയിൽ ഇപ്പോഴും അഞ്ചുകോടിയോളം ഹാൻ വംശജരല്ലാത്ത ആളുകളുണ്ടല്ലോ. ഹാൻ വംശജരും മറ്റു ന്യൂനപക്ഷ ജനവിഭാഗങ്ങളും തമ്മിലുള്ള ബന്ധം ഇപ്പോൾ ഏതു നിലയിലാണു്?''

അവർ തമ്മിലുള്ള ബന്ധം ഇപ്പോൾ മെച്ചപ്പെട്ട വരികയാണു്, അദ്ദേഹം പറഞ്ഞു. ന്യൂനപക്ഷങ്ങളെ ബഹുമാനിക്കുകയും സമന്മാരായി കരുതുകയുമാണു് വേണ്ടതു്.

''ഭൂമിയുടെ അഞ്ചിലൊരുഭാഗത്തോളം വരുന്ന മുന്നാം ലോകം, രൂക്ഷമായ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണല്ലോ. ജനസംഖ്യാവർധനവും ഉത്പാദനവും തമ്മിലുള്ള അനുപാതത്തിലുള്ള വിടവ് കൂടുതൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണു്. മുന്നാം ലോകരാഷ്ട്രങ്ങളിലെയും സമ്പന്നരാഷ്ട്രങ്ങളിലെയും ജനങ്ങളുടെ ജീവിത നിലവാരങ്ങൾ തമ്മിലുള്ള വിടവും വർധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സോവിയറ്റ് യൂണിയനും, സ്വന്തം സാമൂഹ്യവ്യവസ്ഥിതിയുടെ മേന്മ തെളിയിക്കാനും, പിന്നീടു് ഒരു നൂറ്റാണ്ടുകാലം കാത്തുനിന്നു് ഈ അവികസിത രാജ്യങ്ങളിൽ പാർലമെന്ററി സ്വഭാവം വളർന്നു വികസിച്ചു് അവസാനം സമാധാനപരമായി സോഷ്യലിസം നടപ്പാവുന്നതു് കാണാനും ഒക്കെ സമയം ലഭിക്കുമോ''?

ഇല്ലെന്നായിരുന്നു മാവോയുടെ അഭിപ്രായം.

''ഈ പ്രശ്നം, ചൈനയും സോവിയറ്റ് യൂണിയനും തമ്മിലുള്ള പ്രത്യയശാസ്ത്രപരമായ തർക്കങ്ങളുടെ കാതലിനെ സ്പർശിക്കുന്നില്ലേ?''

'ഉവ്വ്' അദ്ദേഹം സമ്മതിച്ചു.

''ഒരു ലോകമഹായുദ്ധം ഉണ്ടാകാതെ തന്നെ, മൂന്നാം ലോകത്തിലെ ഉയിർത്തെഴുനേറ്റുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങൾക്ക് തങ്ങളുടെ ദേശീയ വിമോചനവും അതുപോലെ തന്നെ തങ്ങളുടെ നവീകരണപ്രവർത്തനവും പൂർത്തിയാക്കാൻ കഴിയും എന്നു താങ്കൾ കരുതുന്നുണ്ടോ?''

'പൂർത്തിയാക്കുക' എന്നു് അൽപം സമയമെടുത്തു മാത്രം പറയാവുന്ന കാര്യമാണു്, മാവോ പറഞ്ഞു. മിക്ക രാഷ്ട്രങ്ങളും ഇപ്പോഴും സോഷ്യലിസ്റ്റ് വിപ്ലവത്തിൽ നിന്നു് വളരെ അകലെയാണു്. അവയിൽ ചിലതിൽ കമ്യൂണിസ്റ്റു പാർടികളേയില്ല. മറ്റു ചിലതിലുള്ളതു് റിവിഷണിസ്റ്റുകൾ മാത്രമാണു്, കമ്യൂണിസ്റ്റു രാഷ്ട്രങ്ങളുണ്ടെന്നും അവയിൽ പതിനെട്ടെണ്ണവും ചൈനയ്ക്കെതിരെ പ്രമേയങ്ങൾ പാസാക്കുകയുണ്ടായെന്നുമാണു് പറയപ്പെട്ടതു്. അദ്ദേഹം അൽപനേരത്തേക്കു് സംഭാഷണം നിർത്തി. എന്നിട്ടു പറഞ്ഞു, ഒരു കാര്യം തീർച്ചയാണു്. എവിടെയെല്ലാം കഠിനമായ മർദനം നിലവിലുണ്ടോ അവിടെയെല്ലാം വിപ്ലവമുണ്ടാകും.

ക്രൂഷ്ചേവും വ്യക്തിപ്രാഭവവും

''പാശ്ചാത്യ നിരൂപകർ, പ്രത്യേകിച്ചു് ഇറ്റാലിയൻ കമ്യൂണിസ്റ്റു പാർടി, ക്രൂഷ്ചേവിനെ പുറം തള്ളുന്നതിനുവേണ്ടി സോവിയറ്റു് നേതാക്കൾ സ്വീകരിച്ച ജനാധിപത്യ വിരുദ്ധവും ഗൂഢാലോചനാപരവുമായ നടപടികളെ ശക്തിയായി വിമർശിക്കുകയുണ്ടായി. ഇതേപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണു്?''

ഈ ചോദ്യത്തിനു് മാവോ നേരിട്ടുള്ള ഒരുത്തരം നൽകുകയുണ്ടായില്ല. ക്രൂഷ്ചേവു്, അദ്ദേഹത്തിന്റെ പതനത്തിനു മുൻപും ചൈനയിൽ വളരെയൊന്നും സമ്മതനായ ഒരു വ്യക്തിയായിരുന്നില്ല എന്നാണു് മാവോ എന്നോടു പറഞ്ഞതു്. അദ്ദേഹത്തിന്റെ ചൂടുകും ചില മായാപടങ്ങളും മാത്രമേ ചൈനയിൽ കാണുമായിരുന്നുള്ള. പക്ഷെ, ക്രൂഷ്ചേവിന്റെ പുസ്തകങ്ങളും അദ്ദേഹത്തിന്റെ പതനത്തിനു മുൻപുതന്നെ ഇവിടെ ലഭിച്ചിരുന്നു. ഇപ്പോഴും അവ ചൈനയിൽ ലഭ്യമാണു്. പ

ക്ഷേ, റഷ്യയിൽ അവ ലഭ്യമല്ല. ലോകത്തിനു് ഒരു ക്രൂഷ്ചേവ് ആവശ്യമായിരുന്നു. അദ്ദേഹത്തിന്റെ പ്രേതം തുടർന്നും നിലനിൽക്കും. അദ്ദേഹത്തെ ഇഷ്ടപ്പെടുന്നവർ ഉണ്ടായിരുന്നിരിക്കണം. ചൈനയെ സംബന്ധിച്ചിടത്തോളം ക്രൂഷ്ചേവിന്റെ തിരോധാനം തെറ്റായതിന്റെ നല്ലൊരുദാഹരണമാണു് നഷ്ടപ്പെടുത്തിയതു്.

''താങ്കളുടെ 70/30 മാനദണ്ഡം വച്ചു്—ഒരു മനുഷ്യന്റെ പ്രവൃത്തി 70 ശതമാനം ശരിയും, 30 ശതമാനം തെറ്റും അടങ്ങുന്നതാണെങ്കിൽ അതു് തൃപ്തികരമാണെന്ന കണക്കു്—സോവിയറ്റ് കമ്യൂണിസ്റ്റു് പാർടിയുടെ ഇപ്പോഴത്തെ നേതൃത്വത്തെക്കുറിച്ചു് താങ്കളുടെ അഭിപ്രായമെന്താണു്? അവർ പാസ്മാർക്കിൽനിന്നു് എത്രമാത്രം താഴെയാണു്?''

സോവിയറ്റ് പാർടിയിലെ ഇപ്പോഴത്തെ നേതാക്കളെക്കുറിച്ചു് ഈ അടിസ്ഥാനത്തിലുള്ള ഒരു വിലയിരുത്തൽ നടത്താൻ താൻ ഒരുങ്ങുന്നില്ല എന്നായിരുന്നു മാവോയുടെ മറുപടി.

''ചൈനാ–സോവിയറ്റ് ബന്ധങ്ങൾ ഏതെങ്കിലും തരത്തിൽ മെച്ചപ്പെട്ടിട്ടുണ്ടോ''?

അൽപ്പമൊക്കെ. പക്ഷേ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. പ്രധാനമായൊരു വ്യത്യാസം, ക്രൂഷ്ചേവിന്റെ തിരോധാനത്തോടെ അവർക്കെതിരെ വിമർശനപരമായ ലേഖനങ്ങൾ എഴുതാൻ പറ്റിയ ഒരു ഉന്നം ഇല്ലാതായി എന്നതാണു്.

ചൈന ''വ്യക്തിപ്രഭാവം'' വളർത്തിയെടുക്കുന്നതായി സോവിയറ്റ് യൂണിയനിൽ വിമർശനമുണ്ടായിട്ടുണ്ടു്. അതിനെന്തെങ്കിലും അടിസ്ഥാനമുണ്ടോ?''

അതിൽ അല്പമൊക്കെ യാഥാർഥ്യമുണ്ടാവാം എന്നായിരുന്നു മാവോയുടെ അഭിപ്രായം. സ്റ്റാലിൻ ഒരുതരം വ്യക്തിപ്രാഭവത്തിന്റെ കേന്ദ്രമായിരുന്നു എന്നും ക്രൂഷ്ചേവിനു് അത്തരത്തിൽ ഒന്നുമുണ്ടായിരുന്നില്ലെന്നുമാണു് കേരംവി. ചൈനയിലെ ജനങ്ങളും ഇത്തരത്തിലുള്ള ചിലവികാരങ്ങളോ പ്രയോഗങ്ങളോ നിലനിർത്തുന്നുണ്ടെന്നാണു് വിമർശകന്മാരുടെ അഭിപ്രായം. ഇങ്ങനെ പറയുന്നതിനു് കാരണങ്ങളുണ്ടാകാം. ഒരു പക്ഷേ ക്രൂഷ്ചേവിന്റെ പതനത്തിനു തന്നെ കാരണം അദ്ദേഹത്തിനൊരു വ്യക്തിപ്രാഭവമില്ലായിരുന്നതാകാം..

''താങ്കും ചൈനയിലൊരു വിപ്ലവം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതിനോടൊപ്പം തന്നെ വിദേശികളുടെ ചൈനാ വിജ്ഞാനീയത്തെ വിപ്ലവ വൽക്കരിക്കുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ വ്യത്യസ്ത ചിന്താഗതികൾ വച്ചു പുലർത്തുന്ന മാവോയിസ്റ്റുകളെയും പെക്കിങ്ങ് വിദഗ്ധന്മാരെയും കാണാൻ കഴിയും. അടുത്തകാലത്ത് ഞാൻ ഒരു ചർച്ചാ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അവിടെ താങ്കും മാർക്സിസത്തിനു് സ്വന്തമായി എന്തെങ്കിലും സംഭാവനകൾ അർപ്പിച്ചിട്ടുണ്ടോ എന്നതിനെച്ചൊല്ലി, പ്രൊഫസ്സർമാർ തമ്മിൽ വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. കോൺഫറൻസിനുശേഷം പ്രൊഫസ്സർമാരിലൊരാളോട് സംസാരിക്കവേ താൻ സൃഷ്ടിപരമായ എന്തെങ്കിലും സംഭാവനകൾ നൽകിയിട്ടുള്ളതായി മാവോ ഒരിക്കലും അവകാശപ്പെടുകയുണ്ടായിട്ടില്ല എന്ന വസ്തുത അവരുടെ വാദപ്രതിവാദങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ സഹായകമാവുമോ എന്നു് ഞാൻ ചോദിക്കുകയുണ്ടായി. ''തീർച്ചയായും ഇല്ല. അതല്ല ഇവിടെ പ്രശ്നം'' എന്നാണദ്ദേഹം അക്ഷമയോടെ മറുപടി പറഞ്ഞതു്.

മാവോ പൊട്ടിച്ചിരിച്ചു. അദ്ദേഹം പറഞ്ഞു. രണ്ടായിരത്തിലധികം വർഷങ്ങൾക്കു മുമ്പാണു് ചുവാങ്ങ്ചൗ, ലാവോത്സുവിനെക്കുറിച്ചുള്ള അവിസ്മരണീയമായ പ്രബന്ധം രചിച്ചതു്. (ദി ചുവങ്ങ്സൂ എന്ന ഗ്രന്ഥത്തിൽ). അതേത്തുടർന്നു് ദി ചു വാങ്ങ്ത്സൂ വിന്റെ അർഥത്തെ ചൊല്ലി പരസ്പരം തർക്കിക്കുന്ന നൂറുകണക്കിനു് വ്യത്യസ്ത ചിന്താഗതികൾ ഉടലെടുക്കുകയുണ്ടായി.

''1960ൽ താങ്കളെ കണ്ടപ്പോൾ, താങ്കൾ എപ്പെഴെങ്കിലും ഒരാത്മകഥ എഴുതിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുദ്ദേശമുണ്ടോ എന്നും ഞാൻ ആരായുകയുണ്ടായി. എന്നോടു പറഞ്ഞ ചില കാര്യങ്ങളൊഴിച്ചു്, ആത്മകഥാപരമായ മറ്റൊന്നും എഴുതിയിട്ടില്ല എന്നാണു് താങ്കൾ അന്നു് മറുപടി നൽകിയതു്. പക്ഷെ, ചില പ്രൊഫസർമാർ, താങ്കൾ എഴുതിയ 'ആത്മകഥകം' കണ്ടെത്തിരിക്കുന്നു! ഇപ്പോൾ പ്രൊഫസർമാരെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നം, *വൈരുധ്യങ്ങളെക്കുറിച്ചു്*, *പ്രയോഗത്തെക്കുറിച്ചു്* എന്നീ പ്രബന്ധങ്ങളും, തെര

ഞെടുത്ത കൃതികളിൽ താങ്കൾ സൂചിപ്പിച്ചിരിക്കുന്നതുപോലെ 1937ലെ വേനൽക്കാലത്തു തന്നെയാണോ, അതോ അതിനല്പം മുൻപാണോ എഴുതപ്പെട്ടതു്എന്ന കാര്യമാണു്. ഈ കൃതികളുടെ തർജ്ജമ ചെയ്യുകയെഴുത്തു പ്രതി 1938ൽ കണ്ടതായി എനിക്കു തോന്നുന്നു. ഈ പ്രബന്ധങ്ങൾ എപ്പോഴാണു് രചിക്കപ്പെട്ടതു് എന്നറിഞ്ഞാൽ കൊള്ളാം.''

1937 ലെ വേനൽ കാലത്തുതന്നെയാണു് താൻ ആ പ്രബന്ധങ്ങൾ രചിച്ചതു് എന്നദ്ദേഹം പറഞ്ഞു. ലുകൗചിയാവോ സംവേത്തിനു്[5] തൊട്ടു മുൻപും പിൻപുമായി മാവോയ്ക്കു് തന്റെ യെനാൻ ജീവിതത്തിൽ അൽപം ഇടവേള ലഭിക്കുകയുണ്ടായി. സായുധസേന മുന്നണിയിലേക്കു് നീങ്ങിയ സമയമായിരുന്നതു്. ഈ സന്ദർഭത്തിൽ യെനാനിലെ ജാപ്പാൻ വിരുദ്ധ അക്കാദമിയിൽ അടിസ്ഥാന തത്വശാസ്ത്രങ്ങളെക്കുറിച്ചു് പ്രഭാഷണം നടത്തുന്നതിനായി ചില വിവരങ്ങൾ ശേഖരിക്കാൻ മാവോ സമയം കണ്ടു. വിദ്യാർഥികൾക്കു് മുന്നോട്ടുള്ള നീണ്ട നിലപ്പാന്ത ചെറിയ കോഴ്സുകളിലൂടെ രാഷ്ട്രീയമായ മാർഗ നിർദ്ദേശം നൽകുന്നതിനു് സരളവും, അതേ സമയം അടിസ്ഥാനപരവുമായ വിഷയങ്ങളെ ആധാരമാക്കിയുള്ള പാഠങ്ങൾ തയാറാക്കേണ്ടിയിരുന്നു. അങ്ങനെ പാർടിയുടെ നിർദ്ദേശമനുസരിച്ചു് ചൈനീസ് വിപ്ലവത്തിന്റെ അനുഭവപാഠങ്ങൾ സമാഹരിച്ചു് മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങളും ചൈനയിലെ ദൈനംദിനാനുഭവങ്ങളും കൂട്ടിച്ചേർത്തു് മാവോ രണ്ടു പ്രബന്ധങ്ങൾ രചിച്ചു—*വൈരുദ്ധ്യങ്ങളെക്കുറിച്ചു്*. *പ്രയോഗത്തെക്കുറിച്ചു്*. രാത്രി സമയം മുഴുവൻ എഴുതുകയും പകൽ ഉറങ്ങുകയുമായിരുന്ന തന്റെ പതിവിനെ മാവോ പറയുകയുണ്ടായി. അങ്ങനെ ആഭ്യകംകൊണ്ടു് എഴുതിതീർത്ത കാര്യങ്ങൾ രണ്ടു മന്ത്രികളുടെ നീണ്ടു നിന്ന പ്രഭാഷണത്തിൽ അ

---

5 ജപ്പാൻകാർ വൻമതിലിന്റെ തെക്കുവശത്തു കൂടെ ചൈനയുടെ നേർക്കു ആക്രമണമഴിച്ചു വിട്ടതിന്റെ തുടക്കം കുറിച്ച സംഭവം. ഈ സംഭവം മാവോ മുൻകൂട്ടി പ്രവചിച്ചിരുന്നതാണ്. പ്രവചനത്തിന്റെ കൃത്യത, പാർടി നേതാവെന്ന നിലയ്ക്കും ദേശീയ നേതാവെന്ന നിലയ്ക്കും മുഴുമാവോയുടെ അന്തസ്സ് വർധിപ്പിക്കാൻ സഹായകമായി.

വതരിപ്പിച്ചു. *പ്രയോഗത്തെക്കുറിച്ച്* എന്ന പ്രബന്ധം, *വൈരുധ്യങ്ങളെക്കുറിച്ച്* എന്നതിനേക്കാൾ പ്രധാനമാണെന്നാണ് മാവോയുടെ അഭിപ്രായം.

''വൈരുദ്ധ്യാത്മക ഭൗതിക വാദത്തെ''ക്കുറിച്ചുള്ള ഒരു ലേഖനം താങ്കൾ എഴുതിയിട്ടുള്ളതാണെന്ന് ചില പാശ്ചാത്യ വിദഗ്ധന്മാർ [6] അഭിപ്രായപ്പെടുന്നുണ്ട്. ഈ ലേഖനം താങ്കളുടെ *തിരഞ്ഞെടുത്ത* കൃതികളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. ഇങ്ങനെ ഒരു ലേഖനം താങ്കൾ രചിച്ചിട്ടുണ്ടോ''?

ചോദ്യം ഒരിക്കൽ കൂടി ആവർത്തിക്കാൻ മാവോ ആവശ്യപ്പെട്ടു. 'വൈരുദ്ധ്യാത്മക ഭൗതികവാദം' എന്ന ശീർഷകത്തിൽ താൻ ഒരു ലേഖനം എഴുതിയിട്ടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. എഴുതിയിരുന്നെങ്കിൽ താൻ ഓർക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

''1927 മുതൽ താങ്കൾ യുദ്ധതന്ത്രം പഠിക്കുന്ന തിരക്കിലായിരുന്നല്ലോ. 1937 നു മുൻപ് ഹെഗലിന്റെ കൃതികൾ പഠിക്കാൻ സമയം കിട്ടിയിരുന്നോ?''

അതിനുമുൻപു തന്നെ ഹെഗലിന്റെയും എംഗൽസിന്റെയും കൃതികൾ താൻ വായിച്ചിരുന്നു, മാവോ പറഞ്ഞു. അമേരിക്കയിലെ മാർക്സിയൻ സൈദ്ധാന്തികന്മാരുടെ കൃതികളൊന്നും തന്നെ താൻ വായിച്ചിട്ടില്ല എന്നും അദ്ദേഹം കൂട്ടിച്ചേർക്കുകയുണ്ടായി (തന്റെ അമേരിക്കൻ വിമർശകരുടെ കാര്യമോർത്തു കൊണ്ടായിരിക്കണം അദ്ദേഹമതു പറഞ്ഞതു്). അക്കൂട്ടത്തിൽ ശ്രദ്ധേയരായ വല്ലവരുമുണ്ടോ? അദ്ദേഹം അന്വേഷിച്ചു. അദ്ദേഹം ചൊപ്പത്തിൽ തോർസ്റ്റൈൻ വെബ്ളന്റെ *തിയറി ഓഫ് ലിഷർക്ലാസ്* എന്ന ഗ്രന്ഥത്തെക്കുറിച്ചു കേട്ടിരുന്നുവോ എന്നു ഞാൻ ചോദിച്ചു. അതു് ചൈനീസ് ഭാഷയിലേക്കു് തർജ്ജമ ചെയ്തിട്ടുണ്ടെങ്കിൽപോലും അദ്ദേഹമതു കണ്ടിട്ടില്ല. പിന്നീടു്, ഞാൻ പത്തൊൻപതാം നൂറ്റാണ്ടിലെ ആദർശവാദികളായ സോഷ്യലിസ്റ്റുകളെ ഏറെ സ്വാധീനിച്ചിരുന്ന എഡ്വേർഡ് ബെല്ലാമിയുടെ *ലുക്കിംഗ് ബാക്ക്വേർഡ്* എന്ന പുസ്തകത്തെപ്പറ്റി സൂചിപ്പിച്ചു. ആധുനിക അമേരിക്കൻമർക്സിസ്റ്റ് ചിന്തകന്മാരുടെ രചനകളുടെ കൂട്ടത്തിൽ പോരാംസ്വീസിയുടെ,

6 China Quarterly, No 9, July-September, 1964, London.

മുതലാളിത്ത വികസനത്തിന്റെ സിദ്ധാന്തം (*തിയറി ഓഫ് കാപ്പിറ്റലിസ്റ്റ് ഡിവലെപ്പ്മെന്റ്*) എന്ന പുസ്തകത്തെപ്പറ്റിസൂചിപ്പിച്ചു. താൻ ഇവയൊന്നും തന്നെ വായിക്കുകയുണ്ടായിട്ടില്ല എന്ന് മാവോ പറഞ്ഞു.

ബോംബ്

''നാം പുലികളുടെ കാര്യം പറയുകയുണ്ടായല്ലോ. ബോംബ് ഒരു കടലാസ്സു പുലിയാണെന്നതന്നെയാണോ താങ്കൾ ഇപ്പോഴും കരുതുന്നത്?''

'കടലാസു പുലി' എന്നതു് ഒരാലങ്കാരിക പ്രയോഗമാണു്. ബോംബിനു് മനുഷ്യരെ കൊല്ലാനുള്ള കഴിവുണ്ടു് എന്നതു് യാഥാർഥ്യമാണു്. പക്ഷെ, ഒടുവിൽ ജനങ്ങളാണു് ബോംബു് നശിപ്പിക്കുക തന്നെ ചെയ്യും. അപ്പോഴാണു് അതൊരു യഥാർഥ കടലാസ്സു പുലിയായിത്തീരുക.

''ബോംബിനെപ്പറ്റി മറ്റു രാജ്യങ്ങളിലും ഉള്ളതുപോലെ ചൈനയിലും ഭയം നിലനിൽക്കുന്നുണ്ടു്. അതിനു കാരണം ചൈനയിലെ വമ്പിച്ച ജനസംഖ്യയാണെന്നും താങ്കളെ ഉദ്ധരിച്ചുകൊണ്ടു് പലരും പറയുന്നുണ്ടു്. മറ്റു രാജ്യങ്ങളിലെ ജനങ്ങളെല്ലാം പാടേ തുടച്ചുനീക്കപ്പെട്ടാലും ചൈനയിൽ കുറെ ലക്ഷമാളുകളും അവശേഷിക്കുമെന്നും അങ്ങനെ ഇവിടെ ജീവിതം പുനരാരംഭിക്കാനാവുമെന്നും താങ്കളും പറഞ്ഞതായും കേൾക്കുകയുണ്ടായി. ഇതിലെന്തെങ്കിലും സത്യമുണ്ടോ''?

താൻ എപ്പോഴും അങ്ങനെ പറഞ്ഞുവെന്നാണു് ഞാൻ കേട്ടതു് എന്നദ്ദേഹം അന്വേഷിച്ചു. യൂറോപ്യൻ ജനത മുഴുവൻ ഭൂമുഖത്തു നിന്നു തുടച്ചു നീക്കപ്പെട്ട കഴിഞ്ഞാലും ചൈനയിൽ 30 കോടി ജനങ്ങളും അവശേഷിക്കുമെന്നു് മാവോ പ്രസ്താവിച്ചതായി ഒരു യുഗോസ്ലാവു് നയതന്ത്ര പ്രതിനിധി പറഞ്ഞതായി ഞാൻ കേട്ടിരുന്നു. ആ വിവരം ഞാനദ്ദേഹത്തെ അറിയിച്ചു.

താൻ അങ്ങനെ എപ്പോഴെങ്കിലും പറഞ്ഞതായി ഓർമ്മയുണ്ടായിരുന്നില്ലെന്നും ഒരു പക്ഷെ അങ്ങനെ പറഞ്ഞിട്ടുണ്ടാകുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ജവഹർലാൽ നെഹ്രു ചൈന സന്ദർശിച്ചപ്പോഴും (1954 ഒക്ടോബറിൽ) താൻ നടത്തിയ സംഭാഷണം ചെയർമാൻ അനുസ്മരിച്ചു. ചൈന ഒരു

യുദ്ധം നടന്നുകാണാൻ ആഗ്രഹിക്കുന്നില്ല, തങ്ങളുടെ കൈവശം അണുബോംബുകളൊന്നുമില്ല. പക്ഷെ, മറ്റുരാജ്യങ്ങളും ഒരു പോരാട്ടത്തിനു് ആഗ്രഹിക്കുകയാണെങ്കിൽ ലോകം വമ്പിച്ചൊരു ആപത്തിന്റെ ചുഴിയിൽപ്പെടും. നിരവധിയാളുകളും മരണമടയും. എത്രപേരായിരിക്കും മരിക്കുന്നതെന്നു് ആർക്കും മറിഞ്ഞുകൂടാ. ചൈനയെക്കുറിച്ചു മാത്രമല്ല താൻ പറഞ്ഞതു്. ഒരൊറ്റ ആറ്റം ബോംബു്, കൂടിയാലോചനകളും നടത്താൻ ഒരു ഗവണ്മെന്റു പോലും അവശേഷിപ്പിക്കാത്തവിധം മനുഷ്യരാശിയെ മുഴുവൻ നശിപ്പിക്കുമെന്നു് താൻ കരുതുന്നില്ല, ഇക്കാര്യങ്ങളും നെഹ്രുവുമായി സംസാരിച്ചിരുന്നതായി അദ്ദേഹം ഓർക്കുന്നുണ്ടു്. നെഹ്രു, താൻ തന്റെ രാജ്യത്തെ അറോമിക് എനർജി കമ്മീഷന്റെ ചെയർമാനാണെന്നും തന്മൂലം അണുശക്തിയുടെ നശീകരണസ്വഭാവത്തെപ്പറ്റി തനിക്കറിയാമെന്നും പറയുകയുണ്ടായി. അണുവിസ്ഫോടനം നടക്കുകയാണെങ്കിൽ ഭൂഖണ്ഡം് ആരും അവശേഷിക്കുകയില്ല എന്നായിരുന്നു നെഹ്രുവിന്റെ അഭിപ്രായം. പക്ഷെ, താൻ നെഹ്രു പറഞ്ഞതിനോടു് പൂർണമായും യോജിക്കുകയുണ്ടായില്ല. നിലനിൽക്കുന്ന ഗവണ്മെന്റുകളും നശിക്കുമെങ്കിലും അവയുടെ സ്ഥാനത്തു് പുതിയ ഗവണ്മെന്റുകളുണ്ടാകും.

അണുവായുധ യുദ്ധം വഴി ലോകം അവസാനിക്കുന്നതായി ചിത്രീകരിക്കുന്ന ഒരു ചിത്രം, *ഓൺ ദി ബീച്ച്*, അമേരിക്കക്കാർ നിർമിച്ചിട്ടുള്ളതായി താൻ കേട്ടിട്ടുണ്ടു്. അതൊരു ശാസ്ത്ര ചിത്രമാണോ? മാവോ അന്വേഷിച്ചു.

''ശാസ്ത്രകഥയെന്നാണു് അതിനെ പറയുക'' ഞാൻ പറഞ്ഞു.

ലോകത്തിലെ എല്ലാ ജീവജാലങ്ങളെയും കൊന്നൊടുക്കാൻ കഴിവുള്ള ഒരു മാരകായുധം തന്റെ കൈവശമുള്ളതായി ക്രൂഷ്ചേവ് പ്രഖ്യാപിച്ചതു് ഏറെക്കാലം മുൻപല്ല. ഉടനെതന്നെ അദ്ദേഹത്തിനു് ആ പ്രഖ്യാപനം വിഴുങ്ങേണ്ടിവന്നു. ഒരിക്കലല്ല, പലവട്ടം. താൻ പറഞ്ഞ കാര്യങ്ങളൊന്നും മാവോ നിഷേധിക്കുകയുണ്ടായില്ല. തനിക്കു വേണ്ടി, ഞാൻ നേരത്തെ പറഞ്ഞ അഭ്യൂഹം (അണുയുദ്ധത്തിനു ശേഷം ചൈനയിൽ ലക്ഷക്കണക്കിനു ആളുകളും അവശേഷിക്കുമെന്ന പ്രസ്താവന)

നിഷേധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായില്ല. അണു ബോംബിന്റെ നശീകരണ ശക്തിയെപ്പറ്റി അമേരിക്കക്കാരും പലതും പറയുകയുണ്ടായി. അതേച്ചൊല്ലി ക്രൂഷ്ചേവ് ഒട്ടേറെ ബഹളമുണ്ടാക്കുകയും ചെയ്തിരുന്നു. താന്താങ്ങളുടെ നശീകരണ ക്ഷമതയെക്കുറിച്ച് വീമ്പടിക്കുന്ന കാര്യത്തിൽ അവരെല്ലാം തന്നെ കവച്ചു വച്ചിരുന്നു താൻ അവരുടെ. എത്രയോ പിന്നിലാണ്. അല്ലേ? 7i.

എങ്കിലും അടുത്ത കാലത്ത്, അമേരിക്കക്കാർ ബിക്കിനി ദ്വീപുകളിൽ, അവിടെ അണു വിസ്ഫോടന പരീക്ഷണങ്ങളും നടത്തി 6 വർഷം കഴിഞ്ഞപ്പോഴും നടത്തിയ ചില നിരീക്ഷണങ്ങളെക്കുറിച്ച് അദ്ദേഹത്തിനു് അറിയാൻ കഴിഞ്ഞിട്ടുണ്ട്. 1959 മുതൽ ഗവേഷകന്മാർ ബിക്കിനി ദ്വീപുകളിലേക്ക് പോയിത്തുടങ്ങിയിരുന്നു. ആദ്യമായി പ്രധാന ദ്വീപിലേക്ക് പ്രവേശിച്ചപ്പോഴും, അവർക്ക് പൊന്തക്കാടുകളും വെട്ടിത്തെളിയിക്കേണ്ടിവന്നു. എലികളും പതിവുപോലെ ചിലച്ചു കൊണ്ടോടുന്നതും മത്സ്യങ്ങളും അരുവികളിൽ നീന്തുന്നതും അവർ കണ്ടു. കിണറുകളിലെ ജലം ഉപയോഗയോഗ്യമായിരുന്നു. സസ്യങ്ങളും വളർന്നു തുടങ്ങിയിരിക്കുന്നതും മരങ്ങളിൽ പക്ഷികളും കളകളും പൊഴിക്കുന്നതും കാണാൻ കഴിഞ്ഞു. ബാക്ടീരിയങ്ങളും ചതുരശ്ര മൈലിനു് 400 കിലോഗ്രാം എന്ന കണക്കിനു് പെരുകുന്നതായും അവർക്ക് കാണാൻ കഴിഞ്ഞു. വിസ്ഫോടനത്തിനു ശേഷം രണ്ടു വർഷത്തോളം സ്ഥിതി ഗതികളും വളരെ മോശമായിരുന്നിരിക്കാം. പക്ഷെ, പ്രകൃതി മുന്നോട്ടു തന്നെ നീങ്ങിക്കൊണ്ടിരുന്നു. എങ്ങനെയാണു് എലികളും സ്ഫോടനത്തെ അതിജീവിച്ചതു്? സ്ഫോടനത്തെ തുടർന്നു് സസ്യജാലങ്ങളും മുഴുവൻ നശിക്കുകയുണ്ടായി. പക്ഷെ വിത്തുകളും നശിച്ചില്ല. അവ, ഉപരിതലമണ്ണു് ശുദ്ധമാകുന്നതുവരെ അടി മണ്ണിൽ ഉറങ്ങിക്കിടന്നു കാണും. അപ്പോഴും ബാക്ടീരിയങ്ങളേയും പക്ഷികളേയും എലികളേയും മരങ്ങളെയും സംബന്ധിച്ചിടത്തോളം അണുബോംബു് കേവലമൊരു കടു

7 അണുവായുധ ഭീക്ഷണിയെക്കുറിച്ചു് യാതൊന്നും അറിയാത്ത ഒരു കർഷകനാണു് താൻ എന്നു കരുതുന്നവരെ, പരോക്ഷമായി പരിഹസിക്കുകയായിരുന്നു മാവോ.

ലാസ്സ പുലിയാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്ഥിതി വ്യത്യസ്തമായിരിക്കാം.....

മാവോ അവസാനം പ്രകടിപ്പിച്ച അഭിപ്രായത്തിന്റെ പൊരുളും ഇതായിരുന്നു. ഇക്കാര്യത്തിൽ കുണ്ടുപെങ്ങളെന്നോട് യോജിക്കുകയുണ്ടായി. ഭൂമുഖത്തു നിന്നും മനുഷ്യവർഗം പൂർണമായി അപ്രത്യക്ഷമായാൽപ്പോലും — കൂട്ട ആത്മഹത്യ വഴി— മനുഷ്യൻ നിർമിക്കുന്ന ബോംബുകൊണ്ട് ജീവനെ പൂർണമായി ഭൂമുഖത്തുനിന്ന് നിഷ്ക്കാസനം ചെയ്യാനാവില്ല.

നിരായുധീകരണം?

എല്ലാ ഗവണ്മെന്റുകളും പൂർണമായ നിരായുധീകരണത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ചൈനയും വളരെക്കാലം മുൻപുതന്നെ പൂർണ നിരായുധീകരണത്തിനുള്ള ഒരു നിർദേശം മുന്നോട്ടു വയ്ക്കുകയുണ്ടായി. സോവിയറ്റ് യൂണിയന്റെ സ്ഥിതിയും അതു തന്നെ. അമേരിക്കയും നിരായുധീകരണത്തെക്കുറിച്ച് സംസാരിച്ചു കൊണ്ടേയിരിക്കുന്നു. പക്ഷെ യഥാർഥത്തിൽസംവേക്ഷിക്കുന്നതോ —പരിപൂർണമായ പുനരായുധീകരണവും.

''പൂർവദേശങ്ങളിലെ എല്ലാ പ്രശ്നങ്ങളും ഒന്നൊന്നായി പരിഹരിക്കുക എന്നതു പ്രസിഡന്റ് ജോൺസനെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായിരിക്കും ഈ പ്രശ്നങ്ങളുടെ സങ്കീർണത മുഴുവനും ലോകത്തിനു മുമ്പിൽ തുറന്നു കണിക്കാൻ ആഗ്രഹമുണ്ടെങ്കിൽ അദ്ദേഹത്തിനു ഒരു പടി കൂടി മുന്നോട്ട് പോയി, അണുവായുധങ്ങളും പരിപൂർണമായി നശിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നായി ഒരു ഉന്നത തല സമ്മേളനം വിളിച്ചു കൂട്ടണമെന്ന ചൈനയുടെ നിർദേശം അംഗീകരിക്കാവുന്നതാണ്''.

മാവോ എന്റെ അഭിപ്രായത്തോട് യോജിച്ചുവെങ്കിലും അങ്ങനെ സംവേക്ഷ അസാധ്യമാണെന്ന നിഗമനത്തിലാണ് എത്തിച്ചേർന്നത്. അത്തരമൊരു സമ്മേളനം വിളിച്ചു കൂട്ടാൻ, ജോൺസൺ ആഗ്രഹിച്ചാൽ പോലും അതു നടക്കില്ല. കാരണം ജോൺസൺ കുന്നുകൂടുന്നതാളിമാരുടെ ഒരു കാര്യ

സ്ഥാൻ 8 മാത്രമാണല്ലോ? അവർ അത് സമ്മതിക്കുന്ന പ്രശ്നമുദിക്കുന്നില്ല. ചൈന ഇതുവരെയ്ക്കും ഒരൊറ്റ അണുവിസ്ഫോടനമേ നടത്തിയിട്ടുള്ളൂ. ഇനി ഒന്നോ രണ്ടോയും രണ്ടോ നാലായും.... അങ്ങിനെ അനന്തമായി വിസ്ഫോടനങ്ങളും നടത്താൻ കഴിയുമെന്നും തെളിയിക്കേണ്ടിവരാം, പക്ഷെ, ഒരു പാട് ബോംബുകളും വേണമെന്ന ആഗ്രഹം ചൈനയ്ക്കില്ല. അതുകൊണ്ടും കാര്യമായ ഉപയോഗമൊന്നുമില്ല. ഒരു രാഷ്ട്രവും അണുവായുധങ്ങളും ഉപയോഗിക്കാൻ ധൈര്യപ്പെടുകയില്ല എന്നുതന്നെ കാരണം. ശാസ്ത്രീയ പരീക്ഷണങ്ങളും നടത്തുന്നതിനും ഏതാനും ബോംബുകളും മതിയാകും. പക്ഷെ, ചൈനയുടെ പക്കൽ ഒരു ബോംബുണ്ടാകുന്നതു പോലും പലർക്കും സഹിക്കാൻ കഴിയുന്നില്ല.

''താങ്കളും പണ്ടു പറഞ്ഞ ഒരു കഥ എനിക്കോർമ വരുന്നു. ഒരു പാട് ശല്യം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന കൊള്ളക്കാരുടെ നേതാവായ ''മിസ്റ്റർ സോവിയറ്റി''9നെ പിടിച്ചു കൊട്ടക്കുന്നതുകൊണ്ട് തക്ക പ്രതിഫലം നൽകുമെന്നും പരസ്യപ്പെടുത്തിയ തെക്കൻ ചൈനയിലെ അജ്ഞനായ ഒരു യുദ്ധപ്രഭുവിന്റെ കഥ. ഇപ്പോൾ ''മിസ്റ്റർ ചൈന ''അണുബോംബ് ആണ് പ്രശ്നങ്ങളും സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നതു?''

ശരിയാണ്. തന്നെപ്പറ്റി ആളുകൾക്ക് അത്ര നല്ല അഭിപ്രായമൊന്നുമല്ല ഉള്ളത്—മാവോ പറഞ്ഞു. സാമ്രാജ്യത്വവാദികളും തന്നെ വെറുക്കുന്നു. മിസ്റ്റർ ചൈനാ അണുബോംബിനെ

---

8 ഹുവാങ്ങ്ലിയാങ്ങ് ചുവാങ്ങ് 5ൗ എസ്റ്റേറ്റു നോട്ടക്കാരൻ.

9 സൂ-വെയ്-ആയ്— റഷ്യൻ വാക്കായ 'സോവിയറ്റ്' എന്നത് ചൈനീസ് അക്ഷരങ്ങളിലേക്ക് അതേ ഉച്ചാരണത്തോടെ പകർത്തുമ്പോൾ കിട്ടുന്നത്. റാഷ്ട്രീയ പരിജ്ഞാനമില്ലാത്ത ഒരു ചൈനാക്കാരനു് അത് കണ്ടാൽ ഒന്നും മനസ്സിലാവില്ല. അതിനാൽ ആ യുദ്ധപ്രഭു അതു ഒരാളുടെ പേരാണെന്ന് തെറ്റിദ്ധരിച്ചെങ്കിൽ അത്ഭുതപ്പെടാനില്ല. കിയാങ്സി കാലഘട്ടത്തിനു ശേഷം ഈ വിദേശപദം ആഭ്യന്തര രാഷ്ട്രീയ ലക്ഷ്യം എന്ന നിലക്ക് ഉപയോഗിക്കാതായി.

പഴിക്കുക, എന്നിട്ട് ചൈനാവിരുദ്ധ പ്രവർത്തനങ്ങളാരംഭിക്കുക. അത് ശരിയാണോ? ചൈനയാണോ നോദിൻ ദീമിനെ വധിച്ചത്? അല്ല. പക്ഷെ അതു സംഭവിച്ചു. പ്രസിഡന്റ് കെന്നഡി വധിക്കപ്പെട്ടപ്പോൾ ചൈനക്കാർ (കമ്യൂണിസ്റ്റുകാർ) അത്ഭുതസ്തബ്ധരായി. അവരല്ല അതു് ആസൂത്രണം ചെയ്തത് എന്നറപ്പല്ലേ? പിന്നെ റഷ്യയിൽ ക്രൂഷ്ചേവ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടപ്പോഴും അവർ അത്ഭുതപ്പെട്ടു. അതും അവരുടെ ആജ്ഞാനുസരണം നടന്നതായിരുന്നില്ല.

ഐക്യരാഷ്ട്ര സഭയെക്കുറിച്ച്

''ഇന്തോനേഷ്യ ചൈനയുടെ പിൻതുണയോടെ ഐക്യരാഷ്ട്ര സഭയിൽ നിന്നു് പിൻവാങ്ങുകയുണ്ടായല്ലോ[10] ഇതൊരു തുടക്കംമാത്രമാണെന്നും മറ്റു പല രാഷ്ട്രങ്ങളും ഇങ്ങനെ പിൻവലിയുമെന്നും താങ്കൾ കരുതുന്നുണ്ടോ''?

ചൈനയെ ഐക്യരാഷ്ട്രസഭയിൽ പ്രവേശിപ്പിക്കാതിരുന്നതു വഴി അമേരിക്കയാണു് പ്രശ്നം തുടങ്ങിവച്ചതു് മാവോ പറഞ്ഞു. ഇപ്പോൾ മിക്കരാജ്യങ്ങളും ചൈനയുടെ അംഗത്വത്തെ അനുകൂലിക്കുമെന്ന കണ്ടതോടെ അവർ പുതിയൊരു സൂത്രം പ്രയോഗിക്കാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കയാണു് അംഗത്വം നൽകുന്നതിനു് കേവല ഭൂരിപക്ഷം പോരാ മറിച്ചു് മൂന്നിൽ രണ്ടു ഭൂരിപക്ഷം വേണം എന്നു സ്ഥാപിക്കാനാണു്. ശ്രമം പക്ഷെ, പ്രശ്നമതല്ല. കഴിഞ്ഞ പതിനഞ്ചു വർഷമായി ഐക്യരാഷ്ട്രസഭയ്ക്കു വെളിയിൽ നിന്നതുകൊണ്ടു് ചൈനയ്ക്കു് നഷ്ടമാണോ ലാഭമാണോ ഉണ്ടായിട്ടുള്ളതു്? അതാണു് പ്രശ്നം. ഇന്തോനേഷ്യ ഐക്യരാഷ്ട്രസഭ വിട്ടതു്, അതിനകത്തു നിന്നതുകൊണ്ടു് അവർക്കു പ്രത്യേകിച്ചു മെച്ചമൊന്നുമില്ലെന്ന മനസ്സിലായതിനെ തുടർന്നാണു്. ചൈനയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ചൈന സ്വയമേവ ഒരു ഐക്യരാഷ്ട്ര സഭയല്ലേ? ചൈനയിൽ നിരവധി ന്യൂനപക്ഷ

---

10 പട്ടാളം സുക്കാർണോയെ പുറത്താക്കുകയും ഇന്തോനേഷ്യൻ കമ്യൂണിസ്റ്റ് പാർടിയെ തകർക്കുകയും ചെയ്തശേഷം 1966ൽ ഇന്തോനേഷ്യ വീണ്ടും ഐക്യരാഷ്ട്ര സഭയിൽ അംഗമാവുകയുണ്ടായി.

ദേശീയതകളുണ്ട്. അവയോരോന്നും ജനസംഖ്യയുടെ കാര്യത്തിലായാലും, വിസ്തീർണത്തിന്റെ കാര്യത്തിലായാലും ചൈനയുടെ അംഗത്വത്തിനെതിരായി നിലകൊള്ളുന്ന പലരാഷ്ട്രങ്ങളേക്കാളും വലുതാണ്. ഐക്യരാഷ്ട്രസഭയ്ക്കു വെളിയിൽ നിന്നുകൊണ്ടതന്നെ നിരവധി കാര്യങ്ങൾ ചെയ്തുതീർക്കാനുള്ള വലിയൊരു രാജ്യമാണ് ചൈന.

ഇക്കാര്യത്തിൽ എന്റെ അഭിപ്രായം എന്താണെന്ന് അദ്ദേഹം ആരാഞ്ഞു. കഴിഞ്ഞ പതിനഞ്ചുവർഷക്കാലം ഐക്യരാഷ്ട്രസഭയിൽ അംഗമായിരുന്നുവെങ്കിൽ ചൈനക്ക് എന്തെങ്കിലും മെച്ചമുണ്ടാകുമായിരുന്നോ?

ചൈന, രണ്ടു ചൈനകളായി വിഭജിക്കപ്പെടാതെയാണ് ഐക്യരാഷ്ട്രസഭയിൽ അംഗത്വം ലഭിച്ചിരുന്നെങ്കിൽ ഒരു പക്ഷേ മെച്ചമുണ്ടായിരുന്ന പക്ഷേ, ഒരു സാഹചര്യത്തിലും ഐക്യരാഷ്ട്രസഭയിൽ അംഗമാകാൻ ചൈന ആഗ്രഹിക്കുന്നില്ല എന്നാണല്ലോ ചിലർ ഇപ്പോൾ പറയുന്നത്?

അങ്ങനെ പറയുന്നതു് ശരിയായിരിക്കില്ല. ഐക്യരാഷ്ട്രസഭയിലെ മൂന്നിൽ രണ്ടുഭാഗം അംഗങ്ങളും ക്ഷണിച്ചതിനുശേഷവും തങ്ങൾ ഐക്യരാഷ്ട്രസഭയിൽ ചേരാതിരുന്നാൽ തങ്ങൾ ദേശീയ വാദികളാണ് (അതായതു് അന്തർദേശീയതാവാദത്തിനു വിരുദ്ധർ) എന്നാരോപിക്കപ്പെടില്ലേ? പക്ഷേ, ഇനിയും ക്ഷണിക്കുന്നതിനെ ഒറ്റപ്പെടുത്താനും ചൈനയ്ക്കു് അംഗത്വം നൽകാനും ഐക്യരാഷ്ട്രസഭ തീരുമാനിക്കുകയാണെങ്കിൽ, അപ്പോഴും പല പ്രശ്നങ്ങളുണ്ടാവില്ലേ? ചൈനയെ ആക്രമണകാരിയെന്നമുദ്രകുത്തിക്കൊണ്ടിരിക്കെത്തന്നെ അവർ ഞങ്ങൾക്കു് അംഗത്വം നൽകുന്നതെങ്ങിനെ? (അമേരിക്കൻ സൈനികർ വടക്കൻ കൊറിയയിലേക്കു് പ്രവേശിച്ചതിനെ തുടർന്നു് ആ പ്രശ്നത്തിൽ ഇടപെട്ടപ്പോൾ, ചൈന ആക്രമണകാരിയാണെന്നാരോപിച്ചുകൊണ്ടു് ഐക്യരാഷ്ട്രസഭ ഒരു പ്രമേയം പാസാക്കുകയുണ്ടായി. അതേക്കുറിച്ചാണു് മാവോ സൂചിപ്പിച്ചതു്.) ഇനി ആക്രമണകാരി എന്ന വിശേഷണം ചൈനയുടെ മേൽ ആരോപിക്കാതിരിക്കുന്നു എന്നതന്നെയിരിക്കട്ടെ. എന്നാലോ? വിയത്നാമിനെ സംബന്ധിച്ചിടത്തോളം അമേരിക്ക ഒരാക്രമണകാരിയാണു് എന്നു് വിധിക്കാൻ ഐക്യരാഷ്ട്രസഭ തയ്യാറാ

കുമോ? മിക്കവാറും ഇത്തരം മാറ്റങ്ങളൊന്നും അമേരിക്ക അനുവദിക്കുകയില്ല. തന്മൂലം ചൈന ഐക്യരാഷ്ട്രസഭയിൽ പ്രവേശിക്കുക എന്ന അപകടം സംഭവിക്കാൻ പോകുന്നില്ല!

''അമേരിക്കയെ മാറ്റിനിർത്തികൊണ്ട് ഒരു സംയുക്ത രാഷ്ട്രസമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുക സാധ്യമാവില്ലേ?''

അത്തരം സമിതികളും ഇപ്പോൾ തന്നെ നിലവിലുണ്ടെന്ന കാര്യം മാവോ ചൂണ്ടിക്കാണിച്ചു. ആഫ്രോ ഏഷ്യൻ സമ്മേളനം ഒരുദാഹരണമാണ്. അതുപോലെ മറ്റൊന്നാണ് ഗനീഫോ*. അമേരിക്ക ഒളിമ്പിക് മത്സരങ്ങളിൽ നിന്നും ചൈനയെ ഒഴിച്ചു നിർത്തിയതിനെ തുടർന്നു രൂപീകൃതമായ ഒരു സംഘടനയാണിത്.

(1965ൽ അൾജിയേഴ്സിൽ ആരംഭിക്കാനിരുന്ന ആഫ്രോ–ഏഷ്യൻ സമ്മേളനത്തിനു പല പ്രശ്നങ്ങളേയും അഭിമുഖീകരിക്കേണ്ടി വന്നു. ഇന്ത്യോനേഷ്യ–മലയേഷ്യാ തർക്കങ്ങളും, യു.എസ്സ്.എസ്സ്.ആറിനെ ഒരു യൂറോപ്യൻ ശക്തിയായി കണക്കാക്കി സമ്മേളനത്തിൽ നിന്നും ഒഴിച്ചു നിർത്തേണ്ടതാണെന്ന ചൈനാനുകൂലികളായ ബന്ദുങ്ങ് ശക്തികളുടെ വാദം എന്നിവയെല്ലാം ഈ പ്രശ്നങ്ങളുടെ കൂട്ടത്തിൽ പെടുന്നു. നിയോകൊളോണിയൽ അഥവാ പാശ്ചാത്യ മൂലധനത്തിൽ നിന്നും സ്വതന്ത്രമായി മൂന്നാംലോകത്തിൽ ആസൂത്രിതമായ വികസനം നടപ്പാക്കുന്നതിനു പറ്റിയ ഒരു കേന്ദ്രശക്തിയായാണ് അന്നു ചൈന ആഫ്രോ ഏഷ്യൻ സമ്മേളനത്തെ കണക്കാക്കിയിരുന്നതു്. ആഭ്യന്തര വികസനത്തിന്റെ രംഗത്തു് 'സ്വാശ്രയത്വ'സിദ്ധാന്തത്തെ ആശ്രയിക്കുകയും ആഫ്രോ–ഏഷ്യൻ രാഷ്ട്രങ്ങളും തമ്മിൽ പരസ്പര സഹായം ഊട്ടി വളർത്തുകയും ചെയ്യുക എന്ന ചൈനീസ് ആദർശങ്ങളും സ്വീകരിക്കുക വഴി മാത്രമേ ഈ രാഷ്ട്രങ്ങളിലെ നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുകയും വളരെ സാവധാനം, വേദനാജനകമായ പാരമ്പര്യ ബൂർഷ്വാ സമ്പ്രദായം വഴിയുള്ള മൂലധന നിക്ഷേപ വർധനവിനെ മറികടക്കാൻ കഴിയുകയും ചെയ്യും എന്നാണ് ചൈനാക്കാർ വിശ്വസിക്കുന്നതു്. പക്ഷെ, ഇത്തരത്തിലുള്ള ഒരു സൈദ്ധാന്തിക പ്ര

* Ganefo; Games of the Now Emerging Forces.

തിവിധി സാദ്ധ്യമാകണമെങ്കിൽ, അവിടങ്ങളിൽ കൂടുതൽ പെട്ടെന്നു് സമൂല രാഷ്ട്രീയ പരിവർത്തനങ്ങളും നടക്കുകയും മൂലധന ദരിദ്രമായ ആഫ്രോ ഏഷ്യൻ രാജ്യങ്ങളിൽ സോഷ്യലിസത്തിനു തെട്ടുമുൻപുള്ള സാഹചര്യങ്ങളും നിലവിൽ വരികയും ചെയ്യേണ്ടതുണ്ടു്. ഇതിനും പുറമേ, ആഫ്രോ ഏഷ്യൻ കോൺഫ്രൻസു് അമേരിക്കൻ മേധാശക്തി പുലർത്തുന്ന ഐക്യരാഷ്ട്ര സമിതിക്കു് ബദലായുള്ള ഒരു സ്ഥിരം ദരിദ്രരാഷ്ട്ര സംഘടനയായി മാറാനുള്ള സാധ്യതയും നിലവിലുണ്ടായിരുന്നു. പക്ഷെ സംഗതികൾ മറെറാരു വഴിക്കാണു് നീങ്ങിയതു്. ഇതിനൊരു പ്രധാന കാരണം ചൈനാ—സോവിയെറു് ശത്രുതയായിരുന്നു).

എതു ചൈനാക്കാർ?-

''ചെയർമാൻ, യഥാർഥത്തിൽ ചൈനയുടെ സ്വന്തം ഐക്യരാഷ്ട്രസഭയിൽ ഇപ്പോഴും എതുമനുഷ്യർ അധിവസിക്കുന്നുണ്ടു്? അടുത്ത കാലത്തു് എന്നെങ്കിലും നടത്തിയ സെൻസസ്സിന്റെ വിവരങ്ങൾ വെളിപ്പെടുത്താമോ?'' 11 ഞാൻ ചോദിച്ചു.

ശരിക്കും പറഞ്ഞാൽ തനിക്കറിഞ്ഞുകൂടാ എന്നായിരുന്നു മഴവോയുടെ മറുപടി. അറുപത്തെട്ടോ അറുപത്തൊൻപതോ കോടി ജനങ്ങൾ ഉണ്ടെന്നാണു് ചിലർ പറയുന്നതു്. പക്ഷെ താൻ അതു് വിശ്വസിക്കുന്നില്ല. ഇതുയധികം ആളുകളുണ്ടാവുകയോ? ജനസംഖ്യ കണക്കാക്കാൻ അതുയേറെ പ്രയാസമുണ്ടായേതില്ലെന്നും റേഷൻ കാർഡുകളെ മാത്രം (തുണിക്കും അരിക്കുമുള്ള റേഷൻ കാർഡുകളും) അടിസ്ഥാനമാക്കി ഒരു നിഗമനത്തിലെത്താൻ കഴിയുമെന്നും ഞാൻ സൂചിപ്പിച്ചപ്പോഴും, ചിലപ്പോഴൊക്കെ കർഷകർ തെറാറായ വിവരം നൽകി തൊഴിലിടങ്ങളിപ്പിക്കാറുണ്ടു് എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. വിമോചന സമരത്തിനു മുൻപുള്ള കാലഘട്ടത്തിൽ നിർബന്ധ സൈന്യ സേവനത്തെ ഭയന്നു് അവർ തങ്ങളുടെ ആൺമക്കളുടെ പേർ വിവരം ജനനമരണ രജിസ്റ്ററിൽ ഉൾക്കൊള്ളിക്കാൻ മടിച്ചു. വിമോചന

11 1964ൽ ഒരു സാമ്പിൾ സെൻസസ് നടക്കുകയുണ്ടായി. പക്ഷെ അതിന്റെ വിവരങ്ങൾ ഔദ്യോഗികമായി വെളിപ്പെടുത്തിയിരുന്നില്ല.

ത്തിനു ശേഷമാകട്ടെ, ഭൂഉടമസ്ഥതയെയും ധാന്യോൽപാദനത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ പുതുക്കിപ്പറയാനും അതേ സമയം പ്രകൃതിക്ഷോഭവും മറ്റും കാരണമായുണ്ടാവുന്ന ദുരിതങ്ങൾ പെരുപ്പിച്ചു കാണിക്കാനുമുള്ള പ്രവണതയാണു് കാണുന്നതു്. ഇപ്പോഴും, കുടുംബത്തിൽ ഒരു പുതിയ ജനനമുണ്ടായാൽ അതു് ഉടൻ തന്നെ അറിയിക്കപ്പെടും. പക്ഷെ, ആരെങ്കിലും മരിച്ചാൽ, മാസങ്ങൾക്കു ശേഷമാണു് ആ വിവരം അറിയിക്കുക. (അർഹതയുള്ളതിൽ കൂടുതൽ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്ന സമ്പ്രദായത്തെക്കുറിച്ചായിരിക്കണം അദ്ദേഹം സൂചിപ്പിച്ചതു്) ജനനനിരക്കിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടു്. പക്ഷെ ജനനനിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ കർഷകർ ഇപ്പോഴും വളരെ പുതുക്കെയാണു്. ജനനനിരക്കിൽ ഉള്ളതിനേക്കാൾകുറവു് പ്രകടമായിരിക്കുന്നതു് മരണനിരക്കിലാണെന്നു തോന്നുന്നു. ശരിയായി ആയുസ്സു് 30 വർഷത്തിൽ നിന്നു് 50 വർഷത്തോളമായി ഉയർന്നിരിക്കുന്നു.

അമേരിക്ക വിയത്നാമിൽ

''അമേരിക്കയ്ക്കു് നൽകാനായി വല്ല ഉപദേശവുമുണ്ടോ?'' ഞാൻ ചോദിച്ചു. ഉപദേശമൊക്കെ നേരത്തേ നൽകിക്കഴിഞ്ഞിരിക്കുന്നു. അമേരിക്ക ഒരൽപം പിൻവാങ്ങണമെന്നായിരുന്നു തങ്ങളുടെ ഉപദേശം. അമേരിക്ക സ്വന്തം കൈകൾ ലോകം മുഴുവൻ വിടർത്തിവച്ചിരിക്കയാണു്. പക്ഷെ, പതിവുപോലെ അമേരിക്കൻ ഭരണാധികാരികൾ ഉപദേശമൊന്നും ചെവിക്കൊള്ളാൻ തയ്യാറാവുകയുണ്ടായില്ല.

അമേരിക്ക ഒരു ദുർഘടാവസ്ഥയിൽ അകപ്പെട്ടിരിക്കുകയാണു്. പ്രത്യേകിച്ചു്, വിയത്നാമിന്റെ കാര്യത്തിൽ. അവിടെനിന്നു് പിൻവാങ്ങുന്നതും ശരിയല്ല, പിൻവാങ്ങാതിരിക്കുന്നതും ശരിയല്ല. അതാണവരുടെ നില.[12] എവിടെയൊക്കെ പ്രശ്നങ്ങളുണ്ടോ അവിടെയൊക്കെ അമേരിക്കൻ സാമ്രാജ്യവാദികൾക്കു തങ്ങളുടെ സേനകളെ അയയ്ക്കണം. ആദ്യമിവിടെയെങ്കിൽ പിന്നെയവിടെ അങ്ങനെ....

12 പുഹാവോ... യ്യെ പൂഹാവോ.

''അമേരിക്കൻ പട്ടാളവും കപ്പൽപ്പടയും മറ്റും വിയത്നാമിൽ തമ്പടിക്കുന്നതും മറെറവിടെയെങ്കിലും നിൽക്കുന്നതും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല—എതായാലും അവർക്കു ശമ്പളം കൊടുക്കണം—വാഷിംഗ്ടണിൽ ചിലർ ഇങ്ങനെ വാദിക്കുന്നതു കേൾക്കുകയുണ്ടായി.''

ശരിയാണു്. അവർക്കു ധാരാളം ജോലിയുണ്ടു്. എല്ലാപ്രദേശങ്ങളിലെയും പിന്തിരിപ്പന്മാർക്കു് അവരുടെ സഹായം ആവശ്യമാണല്ലോ. ഉദാഹരണമായി കോങ്കോ. പക്ഷെ ഒടുവിൽ അവർ സ്വന്തം നാട്ടിലേക്കുതന്നെ മടങ്ങിക്കൊള്ളും. മുൻപു്, തീൻത്സിനിലും സിങ്ങ്ടാവോയിലും ഷാങ്ങ്ഹായിലും എന്തിനു്, പെക്കിങ്ങിൽ പോലും അമേരിക്കൻ സൈന്യങ്ങളും ഉണ്ടായിരുന്നതാണല്ലോ, ഒടുവിലെത്തുണ്ടായി? അവരെല്ലാം സ്വന്തം നാട്ടിലേക്കു തന്നെ മടങ്ങി, വളരെ വേഗത്തിലായിരുന്നു തിരിച്ചുപോക്കു്!

ചൈനയ്ക്കു്, സാമ്രാജ്യത്വവാദികൾക്കെതിരായുള്ള സമരത്തിൽ വിപ്ലവകരമാംവിധം വിജയം നേടാൻ കഴിഞ്ഞതിനു് രണ്ടു കാരണങ്ങളുണ്ടു്. ഒന്നാമതായി. എല്ലാ യുദ്ധങ്ങളിലും പരാജയപ്പെട്ടുന്ന പാരമ്പര്യമുള്ള ചിയാങ്ങ് കൈഷേക്കിന്റെ നേതൃത്വത്തിലുള്ള ഭരണ വർഗം ദുർബലവും കഴിവുറവവുമായിരുന്നു. രണ്ടാമതായി, ജനകീയ വിമോചന സേന തികച്ചും പ്രബലമായിരുന്നു. അതിന്റെ നേതൃത്വം കരുത്തുറ്റതും. കൂടാതെ, അത്തരമൊരു സമരത്തിന്റെ ആവശ്യകതയെക്കുറിച്ചു് ജനങ്ങളും തീർത്തും ബോധവാന്മാരായിരുന്നു. ഇത്തരം സാഹചര്യങ്ങളൊന്നും നിലവിലില്ലാത്ത പ്രദേശങ്ങളിൽ അമേരിക്കയ്ക്കു് ഇടപെടാൻ കഴിഞ്ഞെന്നുവരാം. പക്ഷെ മറിച്ചാണെങ്കിൽ, ഇടപെടലുകളും ഒഴിവാക്കുകയോ സ്ഥലം വിടുകയോ ചെയ്യുന്നതായിരിക്കും അമേരിക്കയെ സംബന്ധിച്ചിടത്തോളം കരണീയം.

അത്തരുണത്തിനിടയിൽ, ജോൺസനു് അദ്ദേഹത്തിന്റെ മുൻഗാമികളുടെതിൽ നിന്നു് വ്യത്യസ്തമായ ഒരു വിയത്നാം നയം സ്വീകരിക്കാൻ കഴിയുമെന്നു് ഞാൻ കരുതുന്നുണ്ടോ എന്നു് പെന്റർമാൻ ആരായുകയുണ്ടായി. മിക്കവാറും കഴിയില്ല, ഞാൻ പറഞ്ഞു. പഴയ മാർഗത്തിലൂടെ മുന്നോട്ടുപോയി ഇപ്പോ

ഴത്തേക്കാം കൂടുതൽ കെണിയിൽപ്പെടാനാണ് സാധ്യത. പക്ഷെ വിയത്നാം യുദ്ധത്തിനു ജനസമ്മതിയില്ല. പ്രസിഡന്റ് ജോൺസനാകട്ടെ, ജനസമ്മതി നേടുന്നതിൽ തൽപ്പരനുമാണു്. അദ്ദേഹത്തിന്റെ ഗവണ്മെന്റിനാണെങ്കിൽ പല ആഭ്യന്തര പ്രശ്നങ്ങളെയും അഭിമുഖീകരിക്കേണ്ടതായിട്ടുണ്ടു്. ഏഷ്യയിൽ കൂടുതൽ രൂക്ഷമായ ഒരു യുദ്ധമുണ്ടാവുന്നതുകൊണ്ടു് ഈ പ്രശ്നങ്ങളൊന്നും പരിഹൃതമാവുകയില്ല. പക്ഷെ, ഹോചിമിനും മാവോയും, 'ആകർഷണീയമായ ഒരു 'പരിഹാരമാർഗം' കാണിച്ചുകൊടുക്കാൻ തയ്യാറല്ലാത്തതുകൊണ്ടു് യുദ്ധച്ചെലവുകൾ താങ്ങാനാവാത്തവരുന്ന ഘട്ടമെത്തുംവരെ, ജോൺസൺ വിയത്നാമിൽ നിന്നു് പിന്തിരിയുകയില്ല. 'അടുത്ത വർഷത്തിനു മുൻപു് വിയത്നാമിലെ അമേരിക്കൻ സൈനികരുടെ എണ്ണം 1,00,000 ആയി ഉയരുകയാണെങ്കിൽ എനിക്കു് അത്ഭുതം തോന്നുകയില്ല' എന്നു് ഫൈനീസ് വിദേശകാര്യമന്ത്രി ചൌയിയോടു് ഞാൻ നേരത്തെ പറയുകയുണ്ടായി എന്ന കാര്യവും ഞാൻ അനുസ്മരിച്ചു.

ജോൺസൻ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അഭ്യന്തര പ്രശ്നങ്ങളെ ഏതു വിധത്തിലുള്ളതാണു്? മാവോ അന്വേഷിച്ചു.

പ്രധാനപ്പെട്ട പല പ്രശ്നങ്ങളെക്കുറിച്ചും ഞാൻ സൂചിപ്പിച്ചു. ഉദാഹരണമായി തൊഴിലില്ലായ്മ. കറുത്ത വർഗക്കാർക്കിടയിലാണു് തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. തന്മൂലം വർണവിവേചന പ്രശ്നങ്ങളും കൂടുതൽ രൂക്ഷമായിരിക്കുന്നു. യുദ്ധം തൊഴിലില്ലായ്മക്കു് താൽക്കാലികമായ പരിഹാരമുണ്ടാക്കാൻ സഹായവുമായേക്കും. തൊഴിലില്ലായ്മയുള്ള ഒരു പ്രധാന കാരണം, യന്ത്രവൽക്കരണമാണു്. കൃഷിസ്ഥലങ്ങളിൽ നിന്നു് ആളുകൾ വൻതോതിൽ മറ്റുസ്ഥലങ്ങളിലേക്കു് നീങ്ങിയിരിക്കുന്ന കാര്യവും ഞാൻസൂചിപ്പിച്ചു. യന്ത്രവൽക്കരണവും വൻതോതിലുള്ള മൂലധനകേന്ദ്രീകരണവും മൂലം നിരവധി ചെറുകിട കർഷകർ ഈ പ്രദേശങ്ങളിൽ നിന്നു് നിഷ്കാസിതരായിരിക്കുന്നു. ഇങ്ങനെയുള്ളവർ നഗരങ്ങളിലെ തൊഴിൽ വിപണിയിലേക്കു നീങ്ങിയിരിക്കുകയാണു്. ഇപ്പോൾ മൊത്തം ജനസംഖ്യയുടെ കേവലം എട്ടുശതമാനം ആളുകളെക്കൊണ്ടു് അമേരിക്കയിലെ ആഭ്യന്തര

ഉപഭോഗത്തിനു് ആവശ്യമായതിലേറെ ക്ഷ്യപദാർഥങ്ങളം ഉൽപാദിപ്പിക്കാൻ കഴിയും.

മാവോ ആ കണക്കു് ഒരിക്കൽ കൂടി ആവർത്തിക്കാനാവശ്യപ്പെട്ടു. ഞാൻ വീണ്ടും ആവർത്തിച്ചപ്പോഴും അദ്ദേഹം വിശ്വാസം വരാത്ത മട്ടിൽ തലയാട്ടി. അതെങ്ങനെ സാധ്യമാകും എന്നുമാത്രമാണു് അദ്ദേഹം ചോദിച്ചതു്.

ചൈനയും അമേരിക്കയും

''ചരിത്ര ശക്തികളുടെ സ്വാധീനം ഫലമായി കഴിഞ്ഞ പതിനഞ്ചുവർഷക്കാലമായി അമേരിക്കൻ ജനതയും ചൈനീസ് ജനതയും തമ്മിൽ യാതൊരു സമ്പർക്കങ്ങളും സാധ്യമല്ലാത്തവിധം അകന്നിരിക്കുന്നു എന്നതിൽ വ്യക്തിപരമായി എനിക്കു് ഖേദമുണ്ടു്. ഈ അകൽച്ച വർധിച്ചുകൊണ്ടിരിക്കുകയാണു്. പക്ഷെ, ഇതു് ഒരു യുദ്ധത്തിലോ, അല്ലെങ്കിൽ മാനവപരിത്രത്തിലെ അതിഭീകരമായ മറേറതെങ്കിലും ദുരന്തത്തിലോ ചെന്നവസാനിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല.'' ഞാൻ പറഞ്ഞു.

ചരിത്രശക്തികളം തന്നെ, ആത്യന്തികമായി ഈ രണ്ടു് ജനതകളെയും പരസ്പരം അടുപ്പിക്കുമെന്നതു് തീർച്ചയാണു്. അങ്ങനെയൊരു ദിവസം വരാതിരിക്കില്ല. അതിനിടയ്ക്കു് ഒരു യുദ്ധമുണ്ടാകുന്നതു് ഒഴിവാക്കാൻ കഴിയുമെന്ന എന്റെ വിശ്വാസം ശരിയാകാൻ സാധ്യതയുണ്ടെന്നും മാവോ പറഞ്ഞു.

അമേരിക്കൻ സൈനികർ ചൈനയുടെ മണ്ണിൽ പ്രവേശിക്കുകയാണെങ്കിൽ മാത്രമേ ഒരു യുദ്ധമുണ്ടാകു, അവർ വന്നെന്നു വരാം. വന്നില്ലെന്നുവരാം. പക്ഷെ വരാൻ തന്നെയാണു് അവർ തീരുമാനിക്കുന്നതെങ്കിൽ, അവർക്കു് വലിയ നേട്ടമൊന്നുമുണ്ടാവുകയില്ല, അതു് അനുവദിക്കപ്പെടില്ല എന്നതം തീർച്ചയാണു്. ഒരു പക്ഷെ, അമേരിക്കൻ നേതാക്കൾക്കു് ഇക്കാര്യം അറിയാമായിരിക്കും. അതുകൊണ്ടു തന്നെ ചൈനയെ ആക്രമിക്കാൻ അവർ മുതിരുകയുമില്ല. അങ്ങനെയാണെങ്കിൽ ഒരു യുദ്ധമുണ്ടാവില്ല കാരണം, അമേരിക്ക ചൈനയിലേക്കു് സൈനികരെ അയക്കുന്നില്ല എങ്കിൽ ചൈന അമേരിക്കയിലേ

ക്ക് സേനകളെ അയച്ച് ആക്രമിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

''വിയത്നാം പ്രശ്നത്തെച്ചൊല്ലി ഒരു യുദ്ധമുണ്ടാകാനുള്ള സാധ്യതകളോ? അമേരിക്ക, വടക്കൻ വിയത്നാമിലേക്ക് യുദ്ധം വ്യാപിപ്പിക്കാൻ ശ്രമിക്കുന്നതായി ചില പത്രങ്ങളിൽ ഞാൻ വായിക്കുകയുണ്ടായി''.

ഇല്ല. അങ്ങനെ സംഭവിക്കുകയില്ല. അമേരിക്ക അങ്ങനെ ചെയ്യില്ലെന്ന് മി. റസ്ക് വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. നേരത്തെ, റസ്ക്, മറിച്ച് വല്ലതും പറഞ്ഞിരുന്നിരിക്കാം. ഏതായാലും ഇപ്പോഴാ അദ്ദേഹം അത് തിരുത്തുകയും താൻ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. തന്മൂലം ഉത്തര വിയത്നാമിൽ ഒരു യുദ്ധമുണ്ടാകേണ്ട കാര്യമില്ല.

''ഞാൻ, കാലാകാലങ്ങളിൽ ഡീൻ റസ്കു് അടക്കം പല അമേരിക്കൻ ഭരണാധികാരികളുമായും സംഭാഷണങ്ങളിൽ നടത്തിയിട്ടുണ്ട്. അതിൽ നിന്നെല്ലാം എനിക്കു മനസ്സിലായിട്ടുള്ളതു് അമേരിക്കൻ നയരൂപീകരണ വിദഗ്ധന്മാർക്കും ഭരണാധികാരികൾക്കും താങ്കളെ മനസ്സിലാക്കാനേ കഴിഞ്ഞിട്ടില്ല എന്നാണ്.

എന്തുകൊണ്ട്? ചൈനയുടെ സായുധസേന, സ്വന്തം അതിർത്തി വിട്ട് ഒരിടത്തും പടപൊരുതാൻ പോവുകയില്ല. ഇക്കാര്യം നേരത്തെ തന്നെ വ്യക്തമാണല്ലോ. അമേരിക്ക ചൈനയെ ആക്രമിക്കുകയാണെങ്കിൽ മാത്രമേ ചൈനക്കാർ ഒരു പോരാട്ടത്തിനൊരുങ്ങൂ. ആതും വളരെ വ്യക്തമല്ലേ? ചൈന ആഭ്യന്തര രംഗത്ത് തിരക്കിട്ടു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സ്വന്തം അതിർത്തികൾക്കു പുറത്ത്, പോരാട്ടങ്ങൾ നടത്തുന്നത് കുറ്റകരമാണ്. ചൈനാക്കാർ അതിനെന്തിനൊരുമ്പെടണം? തെക്കൻ വിയത്നാംകാർക്ക് സ്വയം അവരുടെ പ്രശ്നങ്ങളെ നേരിടാൻ കഴിയുമല്ലോ.

''വിയത്നാമിൽ നിന്ന് അമേരിക്കൻ സേനകളെ പിൻവലിച്ചു കഴിഞ്ഞാൽ, തെക്കുകിഴക്കൻ ഏഷ്യ മുഴുവൻ കീഴടക്കപ്പെടുമെന്നാണ് അമേരിക്കൻ ഉദ്യോഗസ്ഥന്മാർ ആവർത്തിച്ചു പറയുന്നത്.''

ആർ, ആരെ 'കീഴടക്കു'ന്നു എന്നതാണ് പ്രശ്നം. ചൈനക്കാർ കീഴടക്കുമെന്നാണോ അതോ തദ്ദേശവാസികൾ 'കീഴട

ക്ക'മെന്നാണോ? ചൈനയെ ചൈനാക്കാർ മാത്രമേ കീഴടക്കിയിട്ടുള്ള.

''വിയത്നാമിൽ ഇപ്പോഴും കുറച്ചെങ്കിലും ചൈനീസ് സൈനികരുണ്ടോ?''

വടക്കൻ വിത്നാമിലോ തെക്കു കിഴക്കൻ ഏഷ്യയുടെ മറ്റേതെങ്കിലും ഭാഗത്തോ ഒരൊറ്റ ചൈനീസ് സൈനികൻ പോലുമില്ലെന്ന് മാവോ തറപ്പിച്ചു പറഞ്ഞു. *ചൈനയുടെ അതിർത്തിക്കു വെളിയിൽ ചൈനീസ് സൈനികരേ ഇല്ല.*

''ചൈന അവരുടെ ആക്രമണ നയങ്ങളും അവസാനിപ്പിക്കുകയാണെങ്കിൽ അമേരിക്ക വിയത്നാമിൽ നിന്ന് പിന്തിരിയുമെന്ന് ഡീൻ റസ്ക്ക് പറയുകയുണ്ടായി. എന്തായിരിക്കാം അദ്ദേഹം അതുകൊണ്ട് അർത്ഥമാക്കിയത്?''

ചൈന, ഉപേക്ഷിക്കേണ്ടതായ ആക്രമണ നയങ്ങളൊന്നും തന്നെ പിൻതുടർന്നു വരുന്നില്ല എന്നായിരുന്നു മാവോയുടെ മറുപടി. എവിടെയാണ് ചൈന ആക്രമണം നടത്തുന്നത്? തങ്ങളോ യാതൊരുവിധ ആക്രമണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നില്ല. ചൈന വിപ്ലവ പ്രസ്ഥാനങ്ങളെ പിൻതാങ്ങുന്നുണ്ട് എന്നതു ശരിതന്നെ. പക്ഷെ മറ്റു രാജ്യങ്ങളെ ആശ്രയിച്ചിട്ടല്ല തങ്ങളോ വിപ്ലവ പ്രസ്ഥാനങ്ങൾക്ക് പിൻതുണ നൽകുന്നത്. എപ്പോഴൊക്കെ വിമോചന സമരങ്ങളോ നടന്നിട്ടുണ്ടോ, അപ്പോഴൊക്കെ ചൈന അതിനനുകൂലമായി പ്രസ്താവനകളോ പുറപ്പെടുവിക്കുകയും പ്രകടനങ്ങളോ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുത തന്നെയാണ് സാമ്രാജ്യത്വവാദികളെ സംഭീതരാക്കുന്നതും.

ചില സന്ദർഭങ്ങളിൽ കരുതിക്കൂട്ടിത്തന്നെ സ്വല്പം ബഹളമുണ്ടാക്കാനും ചൈന മുതിർന്നിട്ടുണ്ട്. ഉദാഹരണമായി കമോയി, മാത്സു പ്രശ്നം. അവിടെ കുറച്ച് വെടിയുണ്ടകളോ ഉതിർത്ത സംഭവം ഒട്ടു വളരെ ശ്രദ്ധയാകർഷിക്കുകയുണ്ടായി. ചൈനയുടെ സമുദ്രാതിർത്തിക്കുള്ളിൽ കിടക്കുന്ന ആപ്രദേശത്ത് ശൂന്യമായ രണ്ടു മൂന്ന് ഷെല്ലുകളോ പൊട്ടിക്കുന്നതുമൂലം എന്തെങ്കിലും നേടാനാകുമോ എന്ന സംശയം തോന്നുന്നുണ്ടോ? അല്പകാലം മുൻപ് തയ്വാൻ ഉൾക്കടലിലുള്ള ചൈനീസ് കുമിന്താങ്ങിന്റെ ഏഴാം കപ്പൽപ്പടയ്ക്ക് ഈ ഷെല്ലുകൾക്ക് യഥാവിധി മറുപടി നൽകാൻ കഴിഞ്ഞില്ല. അവർ ആറാം കപ്പൽ പടയുടെ ഒരു ഭാ

ഗത്തെയും സാൻഫ്രാൻസിസ്കോയിലുള്ള നാവികസേനയുടെ ഒരു ഭാഗത്തെയും ചൈനയുടെ ദിശയിലേക്ക് പറഞ്ഞയച്ചു. അള്ളട്ടർ എത്തിപ്പെട്ടപ്പോഴോ, അവർക്കവിടെ പ്രത്യേകിച്ചൊന്നും ചെയ്യാനുണ്ടായിരുന്നില്ല. ചുരുക്കത്തിൽ, അമേരിക്കൻ സൈന്യങ്ങളെ എങ്ങോട്ട് നീങ്ങണം എന്നു് നിർദ്ദേശിക്കാൻ ചൈനയ്ക്ക് കഴിഞ്ഞു.

ഇതേ അമളി തന്നെയാണ് ചിയാങ്ങ് കൈഷേക്കിന്റെ സൈന്യങ്ങൾക്കും സംഭവിച്ചതു്. ചിയാങ്ങിന്റെ സൈന്യങ്ങളെ അങ്ങോട്ടുമിങ്ങോട്ടും പരക്കം പായിക്കാൻ തങ്ങൾക്കു കഴിഞ്ഞു. ഏതായാലും നാവികസേനക്കാർക്ക് എന്തെങ്കിലും ജോലിയുണ്ടാവണമല്ലോ. പക്ഷെ, സ്വന്തം രാജ്യത്തു നിന്നുകൊണ്ട് ശത്രുതയായ ഷെല്ലുകൾ പൊട്ടിക്കുന്നവരെ അക്രമികാരികളെന്നു വിളിക്കുകയും അതേ സമയം അന്യരാജ്യങ്ങളിൽ നടത്തുന്ന യുദ്ധ ഇടപെടലുകൾ നടത്തുകയും ബോംബിട്ട്, ജനങ്ങളെ നിർദ്ദയം കൊന്നൊടുക്കുകയും ചെയ്യുന്നവരെ അങ്ങനെ കണക്കാക്കാതിരിക്കുകയും ചെയ്യുന്നതിൽ എന്തു ന്യായമാണുള്ളതു്?

റഷ്യൻ ആക്രമണകാരികളാണ് ചൈനീസ് വിപ്ലവത്തിനു് നേതൃത്വം നൽകിയതെന്നു് അമേരിക്കക്കാർ പണ്ടൊരിക്കൽ പറയുകയുണ്ടായി. പക്ഷെ യഥാർത്ഥത്തിൽ ചൈനീസ് വിപ്ലവത്തെ സായുധവൽക്കരിച്ചതു് അമേരിക്കയാണു്. അതുപോലെതന്നെ, വിയത്നാമിലെ വിപ്ലവത്തെ സായുധവൽക്കരിക്കുന്നതും അമേരിക്കയാണു്; ചൈനയല്ല. വിയത്നാമിലെ വിപ്ലവകാരികൾ അമേരിക്കൻ ആയുധങ്ങൾ സംഭരിക്കുകമാത്രമല്ല ചെയ്തിട്ടുള്ളതു്. അവർ അമേരിക്കൻ പരിശീലനം ലഭിച്ച പാവപ്പട്ടാളയിലെ സൈനികരെയും ഓഫീസർമാരേയും കൂട്ടിച്ചേർത്തു് തങ്ങളുടെ അണികൾ വിപുലീകരിക്കുകകൂടി ചെയ്യുന്നുണ്ടു്. ചൈനയിലെ വിമോചന സേനകൾ ചിയാങ്ങ് കൈഷേക്കിനുവേണ്ടി അമേരിക്കക്കാരിൽ നിന്നും പരിശീലനം സിദ്ധിച്ച സൈനികരെ തങ്ങളോടൊപ്പം ചേർത്തിരുന്നതുപോലെത്തന്നെ. ''തൊപ്പിമാറ്റൽ'' എന്നായിരുന്ന ഈ ചേരിമാറ്റത്തിനു് പേരു്. ഒരു വശത്തു്, സ്വന്തം ഓഫീസർമാരിലുള്ള വിശ്വാസം നഷ്ടപ്പെടുകയും അവർ തങ്ങളെ വധിക്കുമെന്നു് ഭയപ്പെടുകയും ചെയ്ത പാവം തൊഴിലാളിവർഗ്ഗത്തിൽ

നിൽക്കുന്നതുമൂലം കർഷകർ തങ്ങളെ വഞ്ചിക്കുമെന്നും ഭയന്ന നാഷനലിസ്റ്റ് ടെന്മാർ ക്രൂരം ക്രൂരമായി 'തൊപ്പിമാറൽ' ആരംഭിച്ചു. നാഷനലിസ്റ്റ് ശത്രുതികളുടെ പരാജയം അവിടെ നിന്നാണ് ആരംഭിച്ചതു്. ഇപ്പോഴും വിയത്നാമിലെ സ്ഥിതിയും അതുതന്നെ. അവിടത്തെ പാവപ്പട്ടയിലെ അംഗങ്ങളും വൻതോതിൽ 'തൊപ്പിമാറി'ത്തുടങ്ങിയിരിക്കുന്നു.

'തെക്കൻ വിയത്നാമിൽ വിമോചന സേനകൾക്കു വിജയം കൈവരിക്കാൻ പറ്റിയ ഒരു സാഹചര്യമാണു് ഇപ്പോഴും നിലനില്ക്കുന്നതു് എന്നാണോ താങ്കൾ അർഥമാക്കുന്നതു്?

അമേരിക്കൻ സേനകൾ ഉടനടി വിയത്നാമിൽ നിന്നു് പിൻവാങ്ങാൻ തയ്യാറാവില്ല എന്നാണു് താൻ കരുതുന്നതെന്നായിരുന്നു മാവോയുടെ മറുപടി. ഒന്നരപ്പതിറ്റാണ്ടുകാലത്തേക്കെങ്കിലും കൂടി പോരാട്ടം തുടരും. അപ്പോഴേക്കും അമേരിക്കൻ സൈനികർക്കു് പടവെട്ടിമടുക്കും. അവർ സ്വരാജ്യത്തേയ്ക്കോ മറ്റൊരിടത്തെങ്കിലുമോ മടങ്ങുകയും ചെയ്യും. മാവോ പറഞ്ഞു.

'അടുത്തകാലത്തു് പ്രധാനമന്ത്രി കൂ എൻ ലായിയുമായി നടത്തിയ ഒരഭിമുഖസംഭാഷണത്തിൽ നിന്നു്, അമേരിക്കൻ സേനകൾ വിയത്നാമിൽ നിന്നു പിൻവാങ്ങാതിരിക്കുന്നിടത്തോളം കാലം 1954ലെ ഒത്തുതീർപ്പുകരാർ നടപ്പാക്കുന്നതിനു വേണ്ടി ഒരു ജനീവാ സമ്മേളനം വിളിച്ചു കൂട്ടാൻ ചൈന അനുകൂലിക്കുന്ന പ്രശ്നമില്ല എന്നെനിക്കു മനസ്സിലാവുകയുണ്ടായി. സംയുക്ത വിയത്നാമിന്റെ രൂപീകരണത്തെക്കുറിച്ചു് ചർച്ച ചെയ്യുന്നതിനായി ജനീവാ സമ്മേളനം വിളിച്ചു കൂട്ടുന്നതിനു മുൻപു്, അമേരിക്ക വിയത്നാമിൽ നിന്നു് പിൻവാങ്ങണമെന്നു് നിർബന്ധിക്കുക എന്നതാണോ താങ്കളുടെ ഇപ്പോഴത്തെ നയം?'

പ്രധാനമന്ത്രി ചൂ എൻ ലാ അതിനു പറഞ്ഞതു് എന്നു് തനിക്കറിഞ്ഞുകൂടാ, മാവോ പറഞ്ഞു. *തന്റെ അഭിപ്രായത്തിൽ ഈ പ്രശ്നത്തിൽ പല സാധ്യതകളാണുള്ളതു് ഒന്നാമതായി, ഒരു സമ്മേളനം വിളിച്ചുകൂട്ടുകയും അതേ തുടർന്നു് അമേരിക്ക വിയത്നാമിൽ നിന്നു് പിൻവാങ്ങുകയും ചെയ്യുക. രണ്ടാമതായി, പിൻവാങ്ങൽ പൂർത്തിയാകുന്നതുവരെയും സമ്മേളനം മാ*

റിവത്ക്കുക മൂന്നാമതായി, സമ്മേളനം നടക്കുകയും അമേരിക്കൻ സൈനൃങ്ങൾ സൈഗോണിനെ ചുറ്റിപ്പറ്റിത്തന്നെ നിലകൊളളുകയും ചെയ്യുക—കൊറിയയിലെന്നപോലെ. അവസാനമായി, അനുരഞ്ജന സമ്മേളനമോ അന്തർദേശീയ ഒത്തുതീർപ്പുകളോ ഒന്നുംകൂടാതെതന്നെ, തെക്കൻ വിയത്നാമിലെ വിമോചനസേനകൾ അമേരിക്കക്കാരെ തുരത്തുക.

1954ൽ നടന്ന ജനീവാ സമ്മേളനം, ഇന്തോചൈനയിൽ നിന്നു മുഴുവൻ ഫ്രഞ്ചുസേനകളും പിൻവലിയണമെന്നു അനുശാസിക്കുകയും മറേറതെങ്കിലും വിദേശസേനകളെ അവിടെ ഇടപെടുന്നതു നിരോധിക്കുകയും ചെയ്തിരുന്നു. പക്ഷെ, അമേരിക്ക ജനീവാ സമ്മേളന നിബന്ധനകളെ ലംഘിച്ചു. അതു ഇനിയും സംഭവിച്ചെന്നു വരാം. തുറന്നു പറഞ്ഞാൽ, അമേരിക്ക, തെക്കൻ വിയത്നാമിൽ സൈന്യങ്ങളെ നിറുത്താൻതീരുമാനിച്ചതു നന്നായി. അതു ജനങ്ങളെ ബോധവാന്മാരാക്കി. അവരുടെ വിമോചന സേനയെ ശക്തിപ്പെടുത്തി. ഒരു നോദിൻ ദീമാത്രം പോരല്ലോ—ചൈനയിൽ ഒരു ചിയാങ്ങ് കൈഷേക് മാത്രം മതിയായിരുന്നില്ല എന്നതു പോലെ. അതുപോലെതന്നെ, എട്ടരവർഷക്കാലം ഒരു ജപ്പാന്റെ ആവശ്യമുണ്ടായിരുന്നു. അപ്പോഴാണു ശക്തന്മാരായ നേതാക്കളും ആഭ്യന്തരം രംഗത്തെ പ്രതിവിപ്ലവകാരികളെയും അമേരിക്കൻ സാമ്രാജ്യവാദികളെയും തുരത്താൻ വേണ്ടതു കരുത്തുള്ള ഒരു വിപ്ലവസേനയും ഉരുത്തിരിഞ്ഞു വന്നതു.

''ചൈനയും മറു ലോകരാഷ്ട്രങ്ങളും അണുവായുധങ്ങൾ നിർമ്മിക്കുകയും പരിപൂർണമായ നിരായുധീകരണം നടപ്പാക്കുകയും ചെയ്യുകയാണെങ്കിൽ തങ്ങളെ തെക്കൻ കൊറിയ, തയ്വാൻ, ദക്ഷിണപൂർവേഷ്യ എന്നിവിടങ്ങളിൽ നിന്നുമാത്രമല്ല, മറെറല്ലാ വിദേശ രാഷ്ട്രങ്ങളിൽനിന്നും പിൻവാങ്ങാൻ തയ്യാറാണു എന്നൊരു നിർദേശം അമേരിക്ക മുന്നോട്ടുവയ്ക്കുകയാണെങ്കിൽ എന്തായിരിക്കും ചൈനയുടെ പ്രതികരണം?''

അങ്ങനെയൊരു കാര്യത്തെക്കുറിച്ചു താൻ ആലോചിച്ചിട്ടേ ഇല്ല എന്നായിരുന്നു മാവോയുടെ മറുപടി.

'ഞാൻ ഇതുവരേക്കും ജോൺസനെ കാണുകയുണ്ടായിട്ടില്ല. പക്ഷെ താങ്കൾക്ക് എന്നെങ്കിലും പ്രത്യേകസന്ദേശം നൽകാനു

ണ്ടെങ്കിൽ അത് അദ്ദേഹത്തിനെത്തിക്കാൻ എനിക്കു കഴിഞ്ഞെക്കും. അൽപനേരത്തെ മൗനത്തിനുശേഷം മാവോ പറഞ്ഞു, 'ഇല്ല ഒന്നുമില്ല.'

ഞാൻ ചോദിച്ചു: ''ഇന്നത്തെ സാഹചര്യത്തിൽ ചൈനാ അമേരിക്കൻ ബന്ധങ്ങളിൽ എന്തെങ്കിലും പുരോഗതിയുണ്ടാകുമെന്നു താങ്കൾ പ്രതീക്ഷിക്കുന്നുണ്ടോ'?

ആശക്കു വകയുണ്ടെന്നാണ് അദ്ദേഹം കരുതുന്നതു്, പക്ഷെ ഇനിയും സമയമെടുക്കും. ഒരു പക്ഷെ തലമുറയുടെ ജീവിതകാലത്തു് പുരോഗതിയൊന്നുമുണ്ടായില്ലെന്നുവരാം. താൻ താമസിയാതെതന്നെ ദൈവത്തെ കാണാൻ പോവുകയാണു്.14

൬. ദൈവത്തെ കാണാൻ

''താങ്കളുടെ ആരോഗ്യസ്ഥിതിയെപ്പറ്റി ഒന്നും പറഞ്ഞില്ലല്ലോ. ഈ സായാഹ്നം മുഴുവൻ താങ്കളെ കണ്ടുകൊണ്ടിരുന്നശേഷം എനിക്കു തോന്നിയതു് താങ്കളുടെ ആരോഗ്യസ്ഥിതി തികച്ചും മെച്ചമാണെന്നാണു്''

മാവോ ചിരികേട്ടി മന്ദഹസിച്ചു. എന്നിട്ടു്, എന്റെ തോന്നലിനെക്കുറിച്ചു്, തനിക്കു് സംശയമുണ്ടെന്നു പറഞ്ഞു. താൻ താമസിയാതെതന്നെ ദൈവത്തെ കാണാൻ ഒരുങ്ങുകയാണെന്നു് അദ്ദേഹം വീണ്ടും ആവർത്തിച്ചു. ഞാൻ അതു് വിശ്വസിച്ചുവോ?

''താങ്കൾ, ദൈവം ഉണ്ടോ എന്നു് അന്വേഷിക്കാൻ ഒരുങ്ങുകയാണോ എന്നു് ഞാൻ ആശ്ചര്യപ്പെടുകയാണു്. താങ്കൾക്കു് ദൈവത്തിൽ വിശ്വാസമുണ്ടോ''?

---

13 പു—ഷി....

14 ചൈനീസ് ഭാഷയിൽ *ചു ചിചുയാവോഷാങ്ങ്ടി*— അധികം താമസിയാതെ ദൈവത്തെ കാണാൻ ബാധ്യസ്ഥനാണു്. *ഷാങ്ങ്ടി*—ദൈവങ്ങളുടെ ചക്രവർത്തി എന്നവാക്കാണു് മാവോ ഉപയോഗിച്ചതു്. *ഷാങ്ങ്ടി* എല്ലാ ദൈവങ്ങളുടെയും നായകനാണു്. ചൈനീസ് ഭാഷയിൽ ദൈവത്തിനുള്ള മറ്റൊരു പദമാണു് *തീൻ* അതു് അത്ര വ്യക്തതയുള്ള ഒരു വാക്കല്ല. *തീൻ* എന്നതിൽ പ്രകൃതിയുടെ രൂപത്തിലോ ബ്രഹ്മാണ്ഡ സങ്കല്പത്തിലോ ഉള്ള ദൈവം എന്നും അർത്ഥമുണ്ടു്.

ഇല്ല അദ്ദേഹത്തിനു് ദൈവത്തിൽ വിശ്വാസമില്ല. പക്ഷെ, വിവരമുള്ള പലരും ദൈവമുള്ളതായി അവകാശപ്പെട്ടിട്ടുണ്ടു്. ദൈവങ്ങളും പലതുണ്ടു്. ചിലപ്പോഴൊക്കെ ഒരേ ദൈവം തന്നെ പലരെയും സഹായിക്കുന്നതായി കാണുന്നുണ്ടു്. യൂറോപ്പിലെ യുദ്ധങ്ങളുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ ഒരേ ദൈവം—ക്രിസ്ത്യൻ ദൈവം, തന്നെയാണു് ഇംഗ്ലീഷുകാരെയും ഫ്രഞ്ചുകാരെയും ജർമൻകാരെയും പിൻതുണച്ചിരുന്നതു്—അവരൊക്കെ പരസ്പരം പടപൊരുതിയിരുന്നപ്പോഴും. സ്വയം സംകനാൽ പ്രശംനത്തിന്റെ സമയത്തു് ക്രിസ്ത്യൻ ദൈവം ബ്രിട്ടീഷുകാരെയും ഫ്രഞ്ചുകാരെയുമാണു് തുണച്ചതു്. പക്ഷെ, മറുപക്ഷത്തെ സഹായിക്കാൻ 'അള്ള'യുണ്ടായിരുന്നു.

അത്താഴം കഴിച്ചുകൊണ്ടിരിക്കെ, തന്റെ രണ്ടു സഹോദരന്മാരും വധിക്കപ്പെടുകയാണുണ്ടായതെന്നു് മാവോ അനുസ്മരിച്ചു. അദ്ദേഹത്തിന്റെ ആദ്യപത്നി വിപ്ലവകാലത്തു് കൊല്ലപ്പെട്ടു (1930). മകൻ കൊറിയൻ യുദ്ധരംഗത്തു് വച്ചു മരിച്ചു. മരണം ഇതുവരെ തന്നെ ഒഴിവാക്കിയതു് അത്ഭുതകരമായിരിക്കുന്നു. പലവട്ടം താൻ തയ്യാറെടുത്തതാണു്. പക്ഷെ മരണത്തിനു് തന്നെ ആവശ്യമില്ലായിരുന്നെന്നു തോന്നുന്നു. എന്തുപെയ്യും? പലപ്രാവശ്യം മരിക്കുമെന്നു കരുതിയതാണു്. ഒരിക്കൽ തന്റെ തൊട്ടടുത്തു നീന്നിരുന്ന അംഗരക്ഷകൻ കൊല്ലപ്പെട്ടു. മറ്റൊരിക്കൽ സമീപത്തു നിന്നിരുന്ന ഒരു യോദ്ധാവു് ബോംബേറിൽ കൊല്ലപ്പെട്ടു. അയാളുടെ രക്തം തന്റെ ദേഹത്താകെ തെറിച്ചു വീണു. പക്ഷെ ബോംബു് തന്നെ സ്പർശിച്ചില്ല.

'യെനാനിൽ വച്ചാണോ അത്ഭുതമുണ്ടായതു്''?

യെനാനിൽ വച്ചും അങ്ങനെ സംഭവിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ അംഗരക്ഷകൻ കൊല്ലപ്പെട്ടതു് ലോങ്ങു് മാർച്ചിന്റെ സമയത്താണു്. ഇതുകൂടാതെയും പല സന്ദർഭങ്ങളിലും അദ്ദേഹം മരണത്തിന്റെ കയ്യിൽ നിന്നും കഷ്ടിച്ചു് രക്ഷപ്പെടുകയുണ്ടായിട്ടുണ്ടു്. വൈരുധ്യാത്മകതയനുസരിച്ചു്, എല്ലാസമരങ്ങൾക്കും പരിഹാരമുണ്ടായേപറ്റൂ, ഭൂമിയിൽ നിലനിൽക്കുന്നുള്ള മനുഷ്യന്റെ സമരത്തിനടക്കം.

''താങ്കളെ മരണത്തിൽ നിന്നു രക്ഷിച്ച ചരിത്രത്തിന്റെ ആകസ്മികതയ്ക്കു നന്ദി. അതുമൂലമാണല്ലോ പൈനയുടെ ചാ

ത്തിലെ ഏറ്റവും ഉജ്ജ്വലമായ ജീവിതം സാധ്യമായത്. ചൈനയുടെ സുദീർഘമായ ചരിത്രത്തിൽ ഒരിടത്തും ഇതുപോലെ, ഒരു ഗ്രാമത്തിന്റെ അജ്ഞതയിൽ നിന്നും ഉയർന്നു വന്ന് ഒരു മഹത്തായ സാമൂഹ്യവിപ്ലവം പൂർത്തിയാക്കുകയും, ഒരു രാഷ്ട്രത്തിന്റെ ചരിത്രം തന്നെ തിരുത്തി എഴുതുകയും അതിന്റെ സായുധ വിജയങ്ങൾക്കാധാരമായ തന്ത്രങ്ങൾക്ക് രൂപം നൽകുകയും അവിടെ നിലനിന്നിരുന്ന പാരമ്പര്യ ചിന്താഗതികളെ മുഴുവൻ മാറ്റിമറിച്ചുകൊണ്ട് പുതിയൊരു സിദ്ധാന്തിനും രൂപം നൽകുകയും അതിനുശേഷം ഈ പുതിയ സാംസ്കാരിക സാഹചര്യത്തിൽ, ലോകമാസകലം പ്രത്യാഘാതങ്ങളുളവാക്കത്തക്കവണ്ണം തന്റെ തത്വശാസ്ത്രം പ്രയോഗിക്കപ്പെടുന്നതു് സ്വയം ദർശിക്കുകയും ചെയ്ത ഒരു വ്യക്തി ഉണ്ടായിട്ടുണ്ട് എന്നതോന്നുന്നില്ല.''

അൽപ്പനേരം എന്തോ ആലോചിച്ചിരുന്നശേഷം അദ്ദേഹം പറഞ്ഞു: ഞാൻ ജീവിതമാരംഭിച്ചതു് ഒരു പ്രൈമറി സ്കൂൾ അധ്യാപകൻ എന്ന നിലയിലാണ് എന്നു താങ്കൾക്കറിയാമല്ലോ. അന്നു് താൻ യുദ്ധങ്ങളിൽ ഏർപ്പെടാൻ ആഗ്രഹിച്ചിരുന്നില്ല. ഒരു കമ്യൂണിസ്റ്റുകാരനായിത്തീരുന്നതിനെക്കുറിച്ചും അന്നു് ചിന്തിക്കുകയുണ്ടായില്ല, അന്നു് താൻ ഏറെക്കുറെ ഒരു ജനാധിപത്യവാദിയായിരുന്നു—എന്നെപ്പോലെത്തന്നെ. പിന്നീടാണു് ചൈനീസ് കമ്യൂണിസ്റ്റുപാർടി സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിനുതാല്പര്യം തോന്നിയതു്. തന്നിൽ അത്തരമൊരുതാൽപ്പര്യമുളവാകാനിടയാക്കിയ കാരണങ്ങളെക്കുറിച്ചു് അദ്ദേഹം പലപ്പോഴും ആശ്ചര്യപൂർവം ചിന്തിച്ചു നോക്കിയിട്ടുണ്ട്. പക്ഷെ വ്യക്തിഗതമായ ധാരണകൾക്കു് രൂപടൊപ്പിച്ചുകൊണ്ടല്ലല്ലോ സംഭവങ്ങൾ മുന്നോട്ടുനീങ്ങുന്നതു്. ചൈന സാമ്രാജ്യത്വത്തിന്റെയും ഫ്യൂഡലിസത്തിന്റെയും ബ്യൂറോക്രസിയുടെയും മുതലാളിത്തത്തിന്റെയും മർദനത്തിനു് വിധേയമായിക്കൊണ്ടിരിക്കയായിരുന്നു എന്നതാണു് മുഖ്യസംഗതി. അങ്ങനെയങ്ങനെ ...

---

15 1935ൽ മാവോയുടെ സഹോദരൻ മാവോ സെ ടാൻ ഒരു ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. മാവോയുടെ ഏറ്റവും ഇളയ സഹോദരൻ മാവോ സെ മിൻ 1942ൽ സിങ്കിയാങ്ങിൽ വച്ചുണ്ടായ ഒരു കമ്യൂണിസ്റ്റു വിരുദ്ധ സമരത്തിനിടയ്ക്കു കൊല്ലപ്പെട്ടു.

''1937ൽ താങ്കളുടെ പ്രഭാഷണങ്ങളും കേട്ട യുവാക്കൾക്ക് പിൽക്കാലത്ത് വിപ്ലവത്തെക്കുറിച്ച് പ്രായോഗികമായിത്തന്നെ പഠിക്കാൻ അവസരം ലഭിക്കുകയുണ്ടായല്ലോ. ഇന്നത്തെ ചൈനീസ് യുവാക്കൾക്ക്, അത്തരമൊരനുഭവത്തിനു പകരമായി എന്താണ് ലഭിക്കുക?''

ഇന്ന് ചൈനയിൽ ജീവിക്കുന്നവരിൽ ഇരുപതുവയസ്സിനു താഴെ പ്രായമുള്ളവരാരും യുദ്ധത്തിൽ പങ്കെടുക്കുകയോ സാമ്രാജ്യവാദികളെ കാണുകയോ ചെയ്തിട്ടില്ല. അവരൊന്നും മുതലാളിത്തത്തിന്റെ അധികാരവാഴ്ച അനുഭവിച്ചിട്ടുള്ളവരല്ല. പഴയസമൂഹ്യവുമായി ബന്ധപ്പെട്ടയാതൊന്നും അവർ നേരിട്ടനുഭവിച്ചിട്ടില്ല. മാതാപിതാക്കൾ മക്കളോട് ചരിത്രകഥകൾ പറയുന്നുണ്ടാവാം. പക്ഷെ ആ കഥകൾ കേൾക്കുകയോ അവയെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിക്കുകയോ ചെയ്യുന്നതും, അവ അനുഭവിച്ചതും ജീവിക്കുക എന്നതും രണ്ടുരണ്ടാണ്.

'മനുഷ്യൻ സ്വന്തം ചരിത്രം നിർമിക്കുന്നു. പക്ഷെ സാഹചര്യങ്ങൾക്ക് അനുസൃതമായ മട്ടിലാണ് അവനത് രചിക്കുന്നത്. താങ്കൾ ചൈനീസ് സാഹചര്യങ്ങളിലാകമാനം അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിത്തീർത്തിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങളിൽ വളർന്നു വരുന്ന യുവതലമുറ ചെയ്യുന്നതെന്തായിരിക്കുമെന്നാണ് പലരും ആശ്ചര്യപ്പെടുന്നത്. ഇതേപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്''?

തനിക്കും അറിഞ്ഞുകൂടാ എന്നായിരുന്നു ചെയർമാന്റെ ഉത്തരം. ആർക്കെങ്കിലും അതേപ്പറ്റിപറയാനാവുമോ എന്നും അദ്ദേഹം സംശയിക്കുന്നുണ്ട്. കമ്മ്യൂണിസത്തിലേക്കുള്ള വികാസം തുടർന്നുപോകാം. യുവാക്കൾ വിപ്ലവത്തെ അവഗണിച്ച് സാമ്രാജ്യത്വ ശക്തികളുമായി അനുരഞ്ജനത്തിലേർപ്പെടുകയും ചിയാങ്ങ് ക്കൈഷെക്കിന്റെ അവശിഷ്ടങ്ങൾ ചൈനയിലേക്ക് തിരിച്ചുകൊണ്ടുവരികയും രാജ്യത്തെ ഇപ്പോഴും അവശേഷിക്കുന്ന ഒരുപിടി പ്രതിവിപ്ലവകാരികൾക്ക് പിന്നിൽ അണിനിരക്കുകയും എന്നീ ദുഷ്കൃത്യങ്ങളിൽ ഏർപ്പെടാനുള്ള സാധ്യതയാണ് പിന്നെയുള്ളത്. ഒരു പ്രതിവിപ്ലവം നടക്കുമെന്ന് അദ്ദേഹം കരുതുന്നില്ല. പക്ഷെ ഭാവിസംഭവങ്ങളും നിർണയിക്കേണ്ടത് പുതിയ തലമുറകളാണ്. അവരുടെ സാഹചര്യങ്ങളുടെ കൂടെ, നമുക്ക് മുൻകൂട്ടി കാണാൻ കഴിയാത്തതായിരിക്കും. ദീർഘവീക്ഷണം വച്ചുനോക്കിയാൽ ചരിത്രപുരോഗമനത്തെ

ക്കാം കൂടുതൽ അറിവുണ്ടാകേണ്ടവരാണ്. ബൂർഷ്വാ ജനാധിപത്യകാലഘട്ടത്തിലെ മനുഷ്യർ ഫ്യൂഡൽ കാലഘട്ടത്തിലെ മനുഷ്യരെക്കാൾ അറിവുള്ളവരായതുപോലെ. ഏതായാലും ഭാവിതലമുറയുടെ തീരുമാനങ്ങളാണ് നിലനിൽക്കുക. നമ്മുടെയല്ല. ഇന്നത്തെ യുവാക്കളും അവരെ പിൻതുടർന്നു വരുന്നവരും അവരുടേതായ മൂല്യങ്ങൾക്കനുസൃതമായി വിപ്ലവത്തിന്റെ നേട്ടങ്ങളെ വിലയിരുത്തിക്കൊള്ളും.

ചെയർമാൻ ശബ്ദം അൽപ്പം താഴ്ത്തി. കണ്ണുകൾ പാതിയടച്ചു. ഭൂമിയിലെ മനുഷ്യന്റെ സാഹചര്യങ്ങൾ ദ്രുതഗതിയിൽ പരിവർത്തന വിധേയമായിക്കൊണ്ടിരിക്കയാണ്. ഒരായിരം വർഷങ്ങൾ കഴിയുമ്പോൾ മാർക്സ്, എംഗൽസ്, ലെനിൻ എന്നിവർ പോലും പരിഹാസ്യരായിത്തീരുകയില്ല എന്ന് എങ്ങനെയറിയാം. മാവോ പറഞ്ഞു.

ഞാൻ യാത്ര പറഞ്ഞ് എഴുനേൽക്കാൻ തുടങ്ങിയപ്പോൾ ചെയർമാൻ, അമേരിക്കൻ ജനതയെ തന്റെ ആശംസകൾ അറിയിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം അവർക്ക് പുരോഗതിയുണ്ടാവട്ടെ എന്നാശംസിച്ചു. താൻ അവർക്ക് വിമോചനമാണ് ആശംസിക്കുന്നതെങ്കിൽ ചിലർ എതിർപ്പു പ്രകടിപ്പിക്കില്ലേ? അവർക്കിപ്പോഴത്തെ വോട്ടവകാശമുണ്ട് എന്നുപറയില്ലേ? അതിനാൽ താൻ, ഇപ്പോഴും വിമോചനം സിദ്ധിച്ചിട്ടില്ലാത്ത, വിമോചനം കാംക്ഷിക്കുന്നവരായ ആളുകൾക്ക് നന്മനേരുന്നു.

അദ്ദേഹം വാതിൽ വരെ എന്റെ കൂടെ നടന്നു വന്നു. പിന്നെ, എന്റെ പ്രതിഷേധങ്ങളൊന്നും ചെവിക്കൊള്ളാതെ, കാറുവരെ എന്നെ അനുഗമിച്ചു. അവിടെ, ആ കൊടും തണുപ്പിൽ, ഒരു കോട്ടുപോലും ധരിക്കാതെ നിന്നുകൊണ്ട്, ആ പഴയ നഗരത്തിന്റെ പുരമ്പരാഗതമായ രീതിയിൽ അദ്ദേഹം എന്നെ യാത്രയാക്കി. കവാടത്തിനടുത്തോ പരിസരപ്രദേശങ്ങളിലോ ഒരൊറ്റ അംഗരംക്ഷകനെപ്പോലും കണ്ടതായി ഞാൻ ഓർക്കുന്നില്ല. സാധാരണ രീതിയിൽ വസ്ത്രധാരണം ചെയ്ത ഒന്നരണ്ട് സ്ത്രീകളും മാത്രം, ഞങ്ങളും ഇരുന്നു സംസാരിച്ച മുറിയിലേക്ക് കടന്നു വരികയും അല്പനേരം ഞങ്ങളുടെ പിൻഭാഗത്ത് നിന്നശേഷം പുറത്തു പോവുകയും ചെയ്യുന്നതു കാണായി. അവർ മാവോയുടെ മക്കളായിരുന്നോ? ആവോ? അവരിലൊ

• •

രാത്രം, അദ്ദേഹം എഴുനേൽക്കുമ്പോഴും കൈസ്സുപിടിക്കുന്നതുകണ്ടു. കാറിൽ കയറും മുൻപ്, മാവോ എന്റെ കൈ പിടിച്ചു കുലുക്കി. എന്നിട്ട്, ഒരു ചൈനീസ് പഴംചൊല്ലുദ്ധരിച്ചു: ''സൂക്ഷിക്കുക. പ്രവചിക്കാനാവാത്തവിധം കടുത്ത കാറും കോളും ദൌർഭാഗ്യങ്ങളുമുണ്ട് അകാശത്തിൽ.''

കാർ മുന്നോട്ടു നീങ്ങവേ, ഞാൻ തിരിഞ്ഞു നോക്കി. മാവോ അല്പം കനിഞ്ഞ്, സാവധാനത്തിൽ തിരിച്ചു നടന്നു മഹത്തായ ജനകീയ ഹാളിലേക്കു പ്രവേശിക്കുന്നത് കാണാമായിരുന്നു.

ചൂ എൻ ലായുമായി നടത്തിയ സംഭാഷണങ്ങൾ 1964

ഒക്ടോബർ ഇരുപത്തിരണ്ട്, ഡിസംബർ പതിനാറ്, 1964. പ്രധാനമന്ത്രി ചൂ എൻ ലായുമായി നടത്തിയ അഭിമുഖ സംഭാഷണങ്ങൾ.

1964ൽ ഞാൻ ചൂ എൻ ലായുമായി രണ്ടു വട്ടം അഭിമുഖസംഭാഷണങ്ങളും നടത്തുകയുണ്ടായി. ഈ സംഭാഷണങ്ങളിൽ നാം ചൈനയുടെ 1964ലെ കാർഷിക–വ്യവസായിക ഉത്പാദനത്തെക്കുറിച്ചുള്ള ചില കണക്കുകളും എനിക്കു ലഭിച്ചു. അതിനു മുൻപുള്ള നാലു വർഷങ്ങൾക്കിടയിൽ ഔദ്യോഗികമായി ഇത്തരം വിവരങ്ങളൊന്നും പുറത്തു വരുന്നതു് അത്യപൂർവമായിട്ടായിരുന്നു. ധാന്യോൽപ്പാദന രംഗത്തും, അതുപോലെതന്നെ ചില പ്രത്യേക വ്യവസായങ്ങളുടെ രംഗത്തും ചൈന, തൃപ്തികരമായ പുരോഗതി കൈവരിച്ചു കഴിഞ്ഞിരിക്കുന്നു എന്നു് തെളിയിക്കുന്നവയായിരുന്നു ഈ കണക്കുകൾ. കൂടാതെ, 1959–61 കാലത്തു് തുടർച്ചയായി ഉണ്ടായ വിളനാശങ്ങളും ചൈനയുള്ള പിൻതുണ പൂർണ്ണമായും പിൻവലിക്കാനുള്ള സോവിയറ്റ് യൂണിയന്റെ തീരുമാനവും ഏൽപ്പിച്ച ആഘാതങ്ങളിൽ നിന്നു് രാഷ്ട്രം വിമുക്തമായിത്തുടങ്ങിയിരിക്കുന്നു എന്നും അവ വ്യക്തമാക്കി. ചൂ വളരെ ശ്രദ്ധപൂർവമാണു് കാര്യങ്ങൾ വിവരിച്ചു തന്നതു്. ഒന്നിനെക്കുറിച്ചും വീമ്പു് പറയാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒന്നോ രണ്ടോ വർഷത്തേക്കുകൂടി തുടർച്ചയായി മെച്ചപ്പെട്ട വിളവുകൾ ലഭ്യമായാൽ മാത്രമേ ചൈന ഏറെക്കുറെ സമ്പന്നമായ ഒരവസ്ഥയിലെത്തൂ എന്ന

പൊതുധാരണ നിലനിർത്തുന്നതിൽ ചൂ ഉത്സുകനായിരുന്നു എന്നു തോന്നി.

പ്രധാനമന്ത്രി ചൂ,പഴയ വിലക്കപ്പെട്ട നഗരത്തിൽ സ്ഥിതിചെയ്യുന്ന തന്റെ വസതിയിലേക്ക് രണ്ടുവട്ടം എന്നെ സ്വാഗതം ചെയ്തു. ഞങ്ങളും തമ്മിലുള്ള സംഭാഷണം മൊത്തം നാലു മണിക്കൂർ നീണ്ടതായിരുന്നു. ചൂ തികച്ചും ആരോഗ്യവാനായി കാണപ്പെട്ടു. തന്റെ ''ഗുരുതരമായ രോഗ''വസ്ഥയെക്കുറിച്ചുള്ള അഭ്യൂഹങ്ങളെല്ലാം അദ്ദേഹം പുച്ഛിച്ചു തള്ളി. അദ്ദേഹത്തിനു് അറുപത്തിനാലു വയസ്സു് കഴിഞ്ഞിരുന്നുവെങ്കിലും നരനേരിയ തോതിൽ മാത്രമേ അദ്ദേഹത്തെ ആക്രമിച്ചിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ചില അഭിപ്രായങ്ങളിൽ തെളിഞ്ഞു കണ്ട യഥാതഥ മനോഭാവം, സാഹസികതയോടും ചൂടുള്ള മനസ്ഥിതിയോടും അദ്ദേഹത്തിനുള്ള കടുത്ത വിദ്വേഷം വ്യക്തമാക്കി. അതേ സമയം, ചൈനയെ ഒരാധുനിക രാഷ്ട്രമാക്കി മാറ്റുന്നതിനു് നിരവധി ദശാബ്ദക്കാലത്തെ—തന്റെ കാലത്തിനു ശേഷവും—കഠിനാധ്വാനം കൂടിയേതീരൂ എന്നതിനെക്കുറിച്ചു് അദ്ദേഹം തികച്ചും ബോധവാനാണെന്ന വസ്തുതയും വ്യക്തമായിരുന്നു. ഞങ്ങളുടെ സംഭാഷണത്തിന്റെ ചില ഭാഗങ്ങൾ പ്രസിദ്ധീകരണത്തിനു് നൽകരുതെന്നു് ചൂ ആവശ്യപ്പെടുകയുണ്ടായി. പക്ഷെ മിക്കകാര്യങ്ങളും നേരിട്ടുള്ള ഉദ്ധരണികളും ഉപയോഗിച്ചോ സരാംശരൂപത്തിലോ, പ്രസിദ്ധീകരിക്കാൻ അദ്ദേഹം അനുമതി നൽകി.

വിദേശ ബന്ധങ്ങളെക്കുറിച്ചു സംസാരിക്കവെ, ചൈനാ അമേരിക്കൻ ബന്ധങ്ങളിൽ നിലവിലുള്ള സംഘർഷാവസ്ഥ ഉടനെ മെച്ചപ്പെടുമെന്ന യാതൊരു പ്രതീക്ഷയും ചൂ പ്രകടിപ്പിക്കുകയുണ്ടായില്ല. അമേരിക്ക ഒരു സ്വതന്ത്രരാജ്യമായ് വാൻ സർക്കാരിനെ അംഗീകരിക്കുകയാണെങ്കിൽ, ചൈനാ അമേരിക്കൻ ബന്ധങ്ങളിൽ, വളരെ വർഷക്കാലത്തേക്ക് യാതൊരു പുരോഗതിയുമുണ്ടാവില്ല എന്നദ്ദേഹം പറഞ്ഞു. ഐക്യരാഷ്ട്ര സഭ അത്തരമൊരു നീക്കം നടത്തുകയാണെങ്കിൽ ചൈന, ഭാവിയിൽ ആ സംഘടനയെ പൂർണമായി തിരസ്കരിക്കും. ഫ്രാൻസിനെ 'രക്ഷിച്ച'തിനു് അദ്ദേഹം ജനറൽ ഡിഗാളിനെ അഭിനന്ദിച്ചു; ഡിഗാളിന്റെ സാമ്പത്തിക നയത്തെ പ്രത്യേകിച്ചും.

ക്രൂഷ്ചേവ് പ്രധാനമന്ത്രിയായിരുന്ന കാലത്ത് ചൈനയും റഷ്യയും തമ്മിൽ പ്രധാനപ്പെട്ട പത്തു പ്രശ്നങ്ങളിന്മേലാണ് അഭിപ്രായവ്യത്യാസമുണ്ടായിരുന്നത്. ക്രൂഷ്ചേവ് നിഷ്കാസിതനായതിനെ തുടർന്ന് പ്രശ്നങ്ങളിൽ ഒരെണ്ണം കുറഞ്ഞിരിക്കുന്നു, മാ പറഞ്ഞു. വരാനിരിക്കുന്ന ആഫ്രോ ഏഷ്യൻ സമ്മേളനത്തിൽ റഷ്യ പങ്കെടുക്കുന്നതിനെ ചൈന അങ്ങേ അറ്റം എതിരാണ്. അതുപോലെതന്നെ, ക്രൂഷ്ചേവിന്റെ പഴയ ആഹ്വാനം പുതുക്കിക്കൊണ്ട് പുതിയ റഷ്യൻ നേതാക്കൾ വിളിച്ചുകൂട്ടാനൊരുങ്ങുന്ന ലോക കമ്മ്യൂണിസ്റ്റ് സമ്മേളനത്തിനും ചൈന എതിരാണ്.

ചൈനയുടെ 1964ലെ ധാന്യോൽപാദനത്തെ സംബന്ധിച്ച് വർഷാവസാനത്തിൽ ലഭിച്ച റിപ്പോർട്ടുകൾ ഏതാണ്ട് 10ശതമാനത്തോളം അപൂർണമാണെന്നും മാ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ മൊത്തം ധാന്യോൽപാദനം ഏതാണ്ട് 20 കോടി ടണ്ണോളം വരും. ഈ കണക്ക് കമ്യൂണുകളിലെ യഥാർഥ വിൽപനയുടെയും ഗവണ്മെന്റിനു നൽകിയിട്ടുള്ള കരത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണെന്നും മാ ചൂണ്ടിക്കാണിച്ചു. സ്റ്റാറ്റിസ്റ്റിക്സ് വിദഗ്ധന്മാർ സ്വീകരിക്കുന്നതു മാറ്റു ചില കണക്കുകൂട്ടലുകളാണ്. ഉദാഹരണമായി സാംപ്ലിങ്ങ് രീതി. ഈ രീതിയനുസരിച്ച്, 1964ലെ വിളവ് 1963ലേതിനേക്കാൾ 14–15 ശതമാനം കൂടുതലാണെന്നും മാ ചൂണ്ടിക്കാണിച്ചു. (ഈ കണക്കനുസരിച്ച് 1964ലെ ധാന്യോൽപാദനം ഏതാണ്ട് 21കോടി ടണ്ണോളം വരും. ഇത് ചൈനയുടെ ചരിത്രത്തിലെ ഏറ്റവും വലിയ വിളവാണ്. പക്ഷെ ചൈനീസ് ഉദ്യോഗസ്ഥന്മാർ ഇത്തരം അവകാശവാദങ്ങൾ ശ്രദ്ധാപൂർവം ഒഴിവാക്കുന്നുണ്ടായിരുന്നു. അവർ അവസാന വിവരങ്ങൾ ലഭിക്കാൻ കാത്തിരിക്കുകയായിരുന്നു.)

1964ൽ പല പരുത്തികൃഷിഭൂമികളിൽ നിന്നും ലഭിച്ച വിളവിൽ 40 ശതമാനം മുതൽ 50 ശതമാനംവരെ വർധനവ് പ്രകടമാവുകയുണ്ടായി എന്നും മാ പ്രസ്താവിച്ചു. (എല്ലാ പ്രദേശങ്ങളിലും ബാധകമായ കണക്കുകളൊന്നും മാ നൽകുകയുണ്ടായില്ല. പൊതുവെ നോക്കിയാൽ പരുത്തിയുൽപാദനത്തിൽ 1963 ലേതിനെ അപേക്ഷിച്ച് 15 ശതമാനം വർധനവുണ്ടായി

ട്ടുണ്ട് എന്ന കണക്കാക്കാവുന്നതാണ്. ഇതൊരു പുതിയ റിക്കാർഡാണ്.

വ്യാപകമായ ജലസേചന സൗകര്യങ്ങളും ഗ്രാമ വൈദ്യുതീകരണവും രാസവളങ്ങളുടെ വർധമാനമായ ഉപയോഗവും പൊതുവെ മെച്ചമായ കാലാവസ്ഥയുമാണ് കാർഷിക മേഖലയിലെ വികാസത്തിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് (കാർഷിക വകുപ്പിലെ ഉപമന്ത്രിയായ മിസ്റ്റർ വു ചെന്നുമായി നടത്തിയ മറെറാരു അഭിമുഖസംഭാഷണത്തിൽ നിന്ന് 1964 ൽ ചൈനയിലെ മൊത്തം രാസവളോൽപാദനം 70 ലക്ഷം ടണ്ണായി ഉയരുകയുണ്ടായിഎന്നെനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഹോങ്കോങ്ങിലെ ചൈനാ വിദഗ്ധന്മാർ കണക്കാക്കിയിരിക്കുന്നതിനെറ ഇരട്ടിയാണിത്).

ഉരുക്കുൽപാദന രംഗം ഇപ്പോഴും പഴയതിനേക്കാൾ അൽപം പുറകിലാണ്. പക്ഷെ മൊത്തത്തിൽ 1963ലെ ഉത്പാദനത്തേക്കാൾ 20 ശതമാനം വർധനവുണ്ടായിട്ടുണ്ട്. മികച്ച വ്യാവസായികോൽപ്പന്നങ്ങളുടെയും ഗുണവും വൈവിധ്യവും മെച്ചപ്പെട്ടതുമൂലം ചൈനയുടെ വ്യാവസായിക സമ്പദ്വ്യവസ്ഥ കൂടുതൽ സംതുലിതവും നവീനവുമായിത്തീർന്നിരിക്കുന്നു എന്നു വസ്തുത പ്രധാനമന്ത്രി ഊന്നിപ്പറയുകയുണ്ടായി. (വീട്ടുമുറ്റ ഉരുക്കുൽപ്പാദനം അഥവാ നാടൻ ഉരുക്കുൽപ്പാദനം പഴയകണക്കുകൾ പെരുപ്പിച്ചു കാണിക്കാൻ സഹായകമായിരുന്നു. പക്ഷെ ഈ രീതി മിക്കവാറും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. 1964ൽ ചൈനയുടെ ആധുനിക രീതിയിലുള്ള സ്റ്റീൽ ഉൽപാദനം ഏതാണ്ട് 1.3–1.5 കോടി ടണ്ണാണെന്നാണ് പെക്കിങ്ങിലുള്ള വിദേശ നിരീക്ഷകർ കണക്കാക്കിയിരിക്കുന്നത്.)

പഴയതും പുതിയതുമായ പല മേഖലകളിലും ഗുണപരവും പരിമാണപരവുമായ നേട്ടങ്ങൾ കൈവന്നിട്ടുണ്ട്. പ്രധാനമന്ത്രി പെട്രോളിയത്തിനെറ കാര്യം ഉദാഹരിച്ചു. പെട്രോളിയം ഉത്പാദനത്തിനെറ മേഖലയിൽ ചൈന സ്വയം പര്യാപ്തത കൈവരിച്ചിരിക്കുന്നു. താച്ചിങ്ങ് എണ്ണപ്പാടങ്ങളിൽ പുതുതായി കണ്ടെത്തിയ എണ്ണയാണ് ഇതിനു പ്രധാനകാരണം. 1935ൽ ചൈനയുടെ മൊത്തം പെട്രോളിയം ഉത്പാദനം 1 കോടി ടണ്ണായിരിക്കുമെന്നു അദ്ദേഹം പ്രവചിക്കുകയുണ്ടായി. ചൈന ഇ

പ്പോഴും പലതരം ആധുനിക ഇന്ധനങ്ങളും നിർമിച്ചുവരുന്നുണ്ട്. 1962 ആയപ്പോഴേക്കും ചൈന സ്വന്തമായി ജറ്റ് എൻജിനുകളും ജറ്റ് വിമാനങ്ങളും നിർമിച്ചിരുന്നു എന്ന് ഞാൻ നേരത്തെ റിപ്പോർട്ടുചെയ്തിരുന്നു. അത് ശരിയാണോ എന്നാരോ ഞങ്ങളോടു ചോദിച്ചു. അത് സ്ഥിരീകരിക്കുകയുണ്ടായി. ഈയിടെയായി നിർമിച്ച ജറ്റ് എൻജിനുകളുടെയും ജറ്റ് വിമാനങ്ങളുടെയും ഗുണം വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനവേണ്ടി ഗവണ്മെൻറ് നടത്തി വരുന്ന ആത്മാർഥമായ പരിശ്രമങ്ങളുടെ ഭാഗമായി കുടുംബാസൂത്രണ പ്രവർത്തനങ്ങളും കൂടുതൽ ആസൂത്രിതവും വ്യാപകവുമാക്കപ്പെട്ടിരിക്കുന്നു. ഈ ലക്ഷ്യം വച്ച് ആവിഷ്ക്കരിച്ചിട്ടുള്ള പുതിയൊരു പ്രചരണപരിപാടി ഗ്രാമങ്ങളിലേക്ക് സാവധാനത്തിൽ ഇറങ്ങിച്ചെന്നു തുടങ്ങിയിട്ടുണ്ട്. (ഗർഭച്ഛിദ്രമടക്കം എല്ലാ ആധുനിക, പ്രായോഗിക ജനനനിയന്ത്രണ രീതികളും ഉപയോഗത്തിലുണ്ട്.) ജനസംഖ്യാ വർധനവിൻെറ തോത് ക്രമേണ കുറച്ച്, ജപ്പാനിലെ ജനസംഖ്യാ വർധനവിൻെറ തോതിനോളം താഴ്ത്തുക എന്നതാണ് ചൈനയുടെ ലക്ഷ്യമെന്നും ചൂ പ്രസ്താവിക്കുകയുണ്ടായി.

അന്നു ശാസ്ത്രരംഗത്ത്, അമേരിക്ക ചെയ്തപോലെ, നൂറുകണക്കിനു ബോബുകൾ ചൈന വിസ്ഫോടനം നടത്തുകയില്ലെന്നും—അത് തികച്ചും അനാവശ്യമാണെന്നാണ് ചൂ കരുതുന്നത്—പ്രധാനമന്ത്രി പറയുകയുണ്ടായി. എങ്കിലും അണ്വായുധ രംഗത്തെ ചൈനയുടെ പുരോഗതി—ഹൈഡ്രജൻ ബോമ്പിൻെറ കാര്യമാണ് അദ്ദേഹം ഉദ്ദേശിച്ചതെന്നു തോന്നുന്നു—'വ്യാവസായിക പുരോഗതി കൈവരിച്ചു കഴിഞ്ഞിട്ടുള്ള രാഷ്ട്രങ്ങളിലേതിനെ അപേക്ഷിച്ച് ഒട്ടും കുറവല്ലാത്ത വേഗതയിലായിരിക്കും' നടക്കുന്നത്. ആദ്യം അണ്വായുധം ഉപയോഗിക്കുന്നതു തങ്ങളായിരിക്കുകയില്ല എന്ന ചൈനയുടെ ഏകപക്ഷീയമായ പ്രതിജ്ഞയുടെ പരിധിയിൽ ചെറുകിട അണ്വായുധങ്ങളും തന്ത്രപരമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള അണ്വായുധങ്ങളും ഉൾപ്പെടുന്നില്ല എന്നും പ്രധാനമന്ത്രി വ്യക്തമാക്കുകയുണ്ടായി. അതേ സമയം, അണ്വായുധങ്ങളും പൂർണ

മായി നശിപ്പിക്കുക എന്ന നിർദ്ദേശം തങ്ങളും തുടർന്നും ഉന്നയിച്ചു കൊണ്ടിരിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി.

ചൈനയുടെ അഭിപ്രായത്തിൽ, 1954 ലെ ജനീവാ കരാറനുസരിച്ച് സംയുക്ത വിയത്നാം ഗ്രൂപിപരിക്കുക എന്ന ലക്ഷ്യം നടപ്പിലാക്കുക എന്നതുമാത്രമാണ്, തെക്കൻ വിയത്നാം പ്രശ്നത്തിനുള്ള ഏകപരിഹാരം. തെക്കൻ വിയത്നാമിൽ നിന്ന് അമേരിക്കൻ സൈനികരെ പൂർണമായും പിൻവലിക്കുക എന്നതാണ് ഏറ്റവും പ്രധാന കാര്യമെന്നും ചൂ ഊന്നിപ്പറഞ്ഞു. 'അങ്ങിനെ, അവിടത്തെ ജനങ്ങൾക്ക്, അവരുടെ ആഭ്യന്തര പ്രശ്നങ്ങളും സ്വയം പരിഹരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കിക്കൊടുക്കണം.'

ചൈനയും സോവിയറ്റ് യൂണിയനും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾക്കുള്ള പ്രധാന കാരണം അതിർത്തിത്തർക്കമാണ്. എന്ന വാദം ചൂ നിഷേധിച്ചു. പക്ഷെ, ആശയപരമായ വ്യത്യാസങ്ങളും തങ്ങളുടെ പല നയങ്ങളെയും സ്വാധീനിച്ചിട്ടുണ്ട് എന്നും അദ്ദേഹം സമ്മതിച്ചു. 1965 ആവുമ്പോഴേക്കും ചൈനയ്ക്ക് സോവിയറ്റ് യൂണിയനു കൊടുത്തു തീർക്കാനുള്ള കടം മുഴുവൻ വീട്ടാൻ കഴിയും എന്നതിൽ ചൂ ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു. ഇനി ചൈന ഒരു രാജ്യത്തിൽ നിന്നും കടം വാങ്ങുകയില്ല. 1968 ആവുമ്പോഴേക്കും ആഭ്യന്തര കടബാധ്യതകളും തീർക്കാൻ കഴിയും. (നേരത്തെ ചൈനയുടെ വിദേശ വ്യാപാരബന്ധങ്ങളിൽ 80 ശതമാനവും സോവിയറ്റ് പക്ഷത്തുള്ള രാഷ്ട്രങ്ങളുമായിരുന്നു. പക്ഷെ 1964 ആയപ്പോഴേക്കും ചൈന 125 വിദേശ രാഷ്ട്രങ്ങളുമായി വ്യാപാരബന്ധം പുലർത്തിയിരുന്നു. ഇതിൽ 70 ശതമാനവും യു എസ്സ് എസ്സ് ആറിനും പുറത്തുള്ള രാഷ്ട്രങ്ങളാണ്)

കൃഷിയെ സംബന്ധിച്ചുള്ള പോദ്യങ്ങളോടെയാണ് ഞാൻ അഭിമുഖസംഭാഷണം ആരംഭിച്ചത്. വിളവിനെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു ശേഷം ഞാൻ ചോദിച്ചു: ''ഇതൊരു നല്ല വാർത്തയാണ്. പക്ഷെ ഇങ്ങനെയായിട്ടും ഇപ്പോഴും ചൈന വിദേശത്തു നിന്നും ധാന്യം ഇറക്കുമതി ചെയ്യുന്നതെന്തുകൊണ്ടാണ്? പ്രധാനമന്ത്രി അതുപ്പാറി വിശദീകരണം നൽകി. നേരത്തെ, യഥാർഥത്തിൽ കുമ്മി നികത്തുന്നതിനുവേണ്ടിയാണ് ധാന്യം ഇറക്കുമതി ചെയ്തിരുന്നത്. എന്നാൽ ഇപ്പോഴും, വാ

ണിജ്യപരമായ ചില ഉദ്ദേശങ്ങളാണു് അതിനു പുറകിലുള്ളതു്. പല രാജ്യങ്ങളിലേക്കും അരി കയറ്റുമതി ചെയ്യുകയും—ഉദാഹരണമായി, സിലോൺ, ക്യൂബ, ഇന്തോനേഷ്യ. അവിടങ്ങളിൽ അരിക്കു നല്ല വിലകിട്ടുന്നു—വില കുറവുള്ള ഗോതമ്പു് ഇറക്കുമതിചെയ്തു് ആഭ്യന്തര ഉപഭോഗത്തിനുപയോഗിക്കുകയും ചെയ്യുന്നു ഇതുമൂലം ചൈനയ്ക്കു് മെച്ചമുണ്ടു്. ഇങ്ങനെ ലഭിക്കുന്ന ഗോതമ്പിന്റെ ഭൂരിഭാഗവും നഗരങ്ങളിൽ വിപണനം ചെയ്യുന്നു. തന്മൂലം ഉൽപ്രദേശത്തെ കമ്യൂണുകാർക്കു് തങ്ങൾ ഉല്പാദിപ്പിക്കുന്ന നെല്ലു് കൂടുതൽ വയ്ക്കാൻ കഴിയുന്നു. ഈ നയം തുടരുന്നതാണെന്നു് മൂ സൂചിപ്പിച്ചു.

കർഷകർക്കു് ഒരു പ്രോത്സാഹനമെന്ന നിലയ്ക്കു് സ്വകാര്യ കൃഷി വിസ്തീർണം കൂട്ടാൻ അനുവാദം നൽകുക എന്ന നയമാണോ കാർഷികോല്പാദന രംഗത്തെ ഉയിർത്തെഴുന്നേൽപ്പിൽ പ്രധാനമായിട്ടുള്ളതു് എന്നതു് വിദേശങ്ങളിൽ ഒരു തർക്കവിഷയമാണു്. മൊത്തം ഉല്പാദനത്തിന്റെ 20 ശതമാനത്തോളം ഈ മേഖലയിൽ നിന്നുള്ളതാണു് എന്നു റിപ്പോർട്ടു് വാസ്തവമാണോ എന്നു് ഞാൻ ആരാഞ്ഞു. സ്വകാര്യ കൃഷിഭൂമികളുടെ വിസ്തീർണം മൊത്തം കൃഷിഭൂമിയുടെ ഏഴു ശതമാനത്തിലധികം വരില്ലെന്നും അതു് പത്തു ശതമാനത്തിലധികം വർധിക്കാൻ അനുവദിക്കുകയില്ല എന്നുമായിരുന്നു പ്രധാനമന്ത്രിയുടെ ഉത്തരം. സ്വകാര്യ കൃഷിക്കളങ്ങളിലെ മൊത്തം ഉത്പാദനത്തെ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ അറിയുക പ്രയാസമാണു്. അതു് മിക്കപ്പോഴും റിപ്പോർട്ടു ചെയ്യപ്പെടാതെ പോകുന്നു. 1964ലെ ധാന്യോൽപാദനത്തെ സംബന്ധിച്ചുള്ള കണക്കുകളിൽ നിന്നു് വീട്ടപോയിട്ടുണ്ടെന്നു് സ്റ്റാറിസ്റ്റിക്സ് വിദഗ്ധന്മാർ പറയുന്ന പത്തു ശതമാനത്തിന്റെ ഭാഗമായിരിക്കും ഒരു പക്ഷെ അതു്. പല സ്വകാര്യ കൃഷിക്കളങ്ങളുടെയും ഉത്പാദനക്ഷമത കൂട്ടുകൃഷിക്കളങ്ങളുടേതിനെക്കാളും ഉയർന്നതാണു് എന്നതു് യാഥാർഥ്യമാണു്. ഇത്തരം കൃഷിക്കളങ്ങളിലെ കർഷകർ തങ്ങളുടെ ഒഴിവുസമയത്തു് വിളകളുടെ പരിരക്ഷണത്തിലും മറ്റു, പ്രത്യേകം ശ്രദ്ധിക്കുകയും പന്നിച്ചാണകവും മറ്റു വളങ്ങളും സുലഭമായി ഉപയോഗിക്കുകയും ചെയ്യുവരുന്നുണ്ടു്.

ഞങ്ങളുടെ സംഭാഷണം ഇങ്ങനെ തുടർന്നു:

ചോദ്യം: സ്വകാര്യ നിലങ്ങളിലാണോ കൂട്ടുകൃഷിക്കളങ്ങളിലാണോ താരതമ്യേന കൂടുതൽ രാസവളങ്ങൾ ഉപയോഗിക്കപ്പെടുന്നത്?

ചൂ എൻ ലായ്: കർഷകർ അവരുടെ പന്നികളിൽ നിന്നു ലഭിക്കുന്ന ചാണകത്തിന്റെ ഒരംശം കൂട്ടുകൃഷിസ്ഥാപനങ്ങൾക്ക് വിലയ്ക്കു വിൽക്കുന്നു. പക്ഷെ, പൊതുവെ, ഇതിന്റെ ഒരംശം അവർ സ്വന്തം ഉപയോഗത്തിനായി (സ്വകാര്യകൃഷിക്കളങ്ങളിൽ) നീക്കി വയ്ക്കുക പതിവാണ്".

''കൃഷിക്കളങ്ങളിലേക്ക് വളമെത്തിക്കൽ എന്ന ശീർഷകത്തിൽ ഒരു നാടകം ഇയ്യിടെ അരങ്ങേറുകയുണ്ടായി. എല്ലാ ആളുകളും ആ നാടകത്തിൽ ചിത്രീകരിച്ചിരുന്ന പരിചയ സമ്പന്നനായ മാതൃകാ കമ്യൂൺ അംഗത്തപ്പോലെ പെരുമാറിക്കൊള്ളണമെന്നില്ല. അങ്ങിനെ സംഭവിച്ചിരുന്നെങ്കിൽ ഇത്തരമൊരു നാടകം അവതരിപ്പിക്കേണ്ട ആവശ്യമേ വരുമായിരുന്നില്ലല്ലോ. സമൂഹത്തിലെ പല ആളുകളും ചെയ്യാൻ മടിക്കുന്ന കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനാണ് ഇത്തരം നാടകങ്ങൾ അവതരിപ്പിക്കുന്നതെന്നു് സൂക്ഷ്മദൃക്കുകൾക്കെങ്കിലും മനസ്സിലാവും. മാനസികമായി ഏറെ ഉയർന്നു കഴിഞ്ഞിട്ടില്ലാത്തവർക്ക് മാതൃകാപരമായ ചില കാര്യങ്ങൾ കാണിച്ചു കൊടുക്കുക എന്നതാണ് ഇത്തരം സൃഷ്ടികളുടെ ഉദ്ദേശ്യം. തന്മൂലം ഇവയെക്കുറിച്ച് പാശ്ചാത്യ നിരൂപകർ അഭിപ്രായങ്ങൾ പാസ്സാക്കേണ്ട ആവശ്യമൊന്നുമില്ല. ഇവിടെ എല്ലാക്കാര്യങ്ങളും വേണ്ടത്ര വികസിച്ചു കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഞങ്ങൾക്കുതന്നെ അറിയാവുന്നതാണ്. വികാസം കൈവരിച്ചു കഴിഞ്ഞിട്ടുള്ളവരെ വേണ്ടത്ര വികാസം പ്രാപിച്ചു കഴിഞ്ഞിട്ടില്ലാത്തവർക്ക് മാതൃകയാക്കി കാണിച്ചുകൊടുക്കുകയാണ് ഞങ്ങൾ.''

''വസ്തുതകൾ ശേഖരിക്കുന്നതിനുവേണ്ടി ചൈനയിലെത്തുന്നവർ ഉള്ളുറകൾ തേടി അലയേണ്ട ആവശ്യമൊന്നുമില്ല. ഞങ്ങളുടെ നാടകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ നിന്നുതന്നെ അവർക്ക് ഞങ്ങളുടെ പ്രശ്നങ്ങൾ ഗ്രഹിക്കാൻ കഴിയും. നാടകങ്ങളിലും പ്രസിദ്ധീകരണങ്ങളിലും കാണുന്ന ചില കാര്യങ്ങൾ തെറ്റാണെന്നുവരാം. പക്ഷെ, നിലവിലുള്ള

സാഹചര്യങ്ങളുടെ പൊതു പ്രവണത അവയിൽ നിന്നും ഗ്രഹിക്കാൻ കഴിയും. ഞങ്ങൾ നന്മയെ പ്രോത്സാഹിപ്പിക്കുകയും ചീത്തയെ വിമർശിക്കുകയും ചെയ്യുന്നതിൽ നിന്നു തന്നെ പല ചീത്ത കാര്യങ്ങളും ഇപ്പോഴും നിലവിലുണ്ടെന്നും നന്മകൾ പൂർണമായിക്കഴിഞ്ഞിട്ടില്ലെന്നും വ്യക്തമാണല്ലോ. എല്ലാം നന്നായിക്കഴിഞ്ഞാൽപോലും കൂടുതൽ നല്ല ഉദാഹരണങ്ങൾ കണ്ടെത്താനായിരിക്കും ഞങ്ങളുടെ ശ്രമം.

താജായ് ഉത്പാദന ബ്രിഗേഡിന്റെ കാര്യംതന്നെ എടുക്കാം. താജായിയുടെ മാതൃകയ്ക്ക് ഞങ്ങൾ വമ്പിച്ച പ്രചാരണം നൽകിക്കൊണ്ടിരിക്കുകയാണ്. ഷാൻഷി പ്രവിശ്യയിലെ തായ്ഹങ് മലമ്പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഈ കമ്യൂൺ മുഴുക്കെ, ചെരിഞ്ഞ നിലങ്ങളും കൊല്ലികളുമാണ്. നിലങ്ങൾ മണ്ണു കറഞ്ഞവയും തരിശായി കിടക്കുന്നവയുമായിരുന്നു. പക്ഷെ കഴിഞ്ഞ ഒരു ദശാബ്ധകാലത്തെ സ്വശ്രയ പരിശ്രമത്തിന്റെ ഫലമായി മുഴുവൻ ഭൂമിയും തട്ടുതട്ടായുള്ള കൃഷിക്കളങ്ങളാക്കിത്തിരിക്കാനും ഉത്പാദനം വർധിപ്പിക്കാനും അങ്ങനെ ദരിദ്രമായ ആ താഴ്വാര പ്രദേശത്തെ ഐശ്വര്യപൂർണമാക്കിത്തീർക്കാനും അവിടത്തെ ജനങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു.

കഴിഞ്ഞ പതിനൊന്നു വർഷത്തിനിടയ്ക്ക് ഒരൊറ്റ പ്രാവശ്യം മാത്രമേ അവർ സ്റ്റേറ്റ് ഫണ്ടിൽ നിന്ന് കടമെടുത്തിട്ടുള്ളൂ. അത് അടുത്തവർഷം തന്നെ തിരിച്ചടയ്ക്കുകയും ചെയ്തു. അവരുടെ വികസന പ്രവർത്തനങ്ങളെല്ലാം തന്നെ തികച്ചും സ്വാശ്രയാടിസ്ഥാനത്തിലുള്ളവയായിരുന്നു. ഷാൻഷി പ്രവിശ്യയുടെ തന്നെ മറ്റു ചില പ്രദേശങ്ങളിൽ വൻകിട ജലസംഭരണ സംവിധാനങ്ങൾ നിർമിക്കപ്പെട്ടിട്ടുണ്ടെങ്കിലും താജായിലെ ജലസംഭരണ സംവിധാനങ്ങളെല്ലാം അവിടത്തെ ജനങ്ങൾ സ്വപരിശ്രമം കൊണ്ട് നിർമിച്ചുണ്ടാക്കിയവയാണ്. കഴിഞ്ഞ പതിനൊന്നു വർഷമായി താജായിലെ ഓരോ കുടുംബവും പ്രതിവർഷം ശരാശരി ഒരു മെടിക്ടൺ ധാന്യം വീതം രാഷ്ട്രത്തിനു നൽകിക്കൊണ്ടിരിക്കുകയാണ് (സഹകരണസ്ഥാപനങ്ങൾ വഴി). ഇത് ചെറിയൊരു കാര്യമല്ല. ഇന്നത്തെ അവരിലെ ധാന്യത്തിന്റെ അളവ് ഇതിലും കൂടുതലാണ്. ചുരുക്കത്തിൽ, താജായ് ഒരൊന്നാന്തരം ഉദാഹരണമാണ്.

ചൈനയുടെ എല്ലാ പ്രവിശ്യകളിലും ഇത്തരം ഉദാഹരണങ്ങളും കാണാൻ കഴിയും. ചൈനയിലെ ഗ്രാമങ്ങളിൽ ഏതാണ്ട് 12 കോടി കുടുംബങ്ങളാണ് അധിവസിക്കുന്നുണ്ട്. ഓരോ കമ്യൂൺ അഥവാ ഉൽപാദന ബ്രിഗേഡും പ്രതിവർഷം, കുടുംബമൊന്നിന് ഒരു മെടിക്ടൺ ധാന്യം വീതം രാഷ്ട്രത്തിന് നൽകുകയാണെങ്കിൽ, ആ ഇനത്തിൽ മാത്രം 12കോടി മെടിക്ടൺ ധാന്യം സമാഹരിക്കാൻ കഴിയും. പക്ഷെ ഇതുവരേക്കും ഈ ലക്ഷ്യത്തിലെത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പക്ഷെ ഭാവിയിൽ താജായിൽ ഇന്നു കാണുന്ന ആവേശം ചൈനയിലുടനീളം പ്രകടമായിത്തുടങ്ങുമ്പോൾ ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഞങ്ങൾക്കു കഴിയും. തീർച്ച.

നികുതികളും അതുപോലെ തന്നെ രാഷ്ട്രത്തിനു നൽകേണ്ടതായ മറ്റ് ഓഹരികളും കൊടുത്തു തീർത്തതിനുശേഷം, മൊത്തം ഉൽപാദിപ്പിച്ച ധാന്യത്തിന്റെ 60ശതമാനം കരുതൽ സ്റ്റോക്കായി ശേഖരിക്കാനാണ് കമ്യൂണുകൾക്കുള്ള നിർദേശം. രാഷ്ട്രത്തിന്റെ ഓഹരിയായി 12 കോടി ടൺ ധാന്യം ലഭ്യമാവണമെങ്കിൽ ചൈനയിലെ മൊത്തം ധാന്യോൽപാദനം 30 കോടി ടണ്ണായി ഉയരണം. അതായത് ധാന്യോൽപാദനരംഗത്ത് ചൈനലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിലെത്തണം. താജായിൽ 1964 ൽ, 83 കുടുംബങ്ങളിലായി 360 ആളുകളാണുണ്ടായിരുന്നത്. അതായത് ഒരു കുടുംബത്തിൽ ശരാശരി 4.3 ആളുകൾ. ജനസംഖ്യാ ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം ചൈനയിലെ ഏതുഭാഗമായ 'മൊത്തം ജനസംഖ്യ'യെക്കുറിച്ചും ഇതുവരെ പുറത്താക്കപ്പെട്ടിട്ടില്ലാത്ത 1964 ലെ സെൻസസ് വിവരങ്ങളെക്കുറിച്ചും അന്വേഷണം നടത്താൻ സഹായമായ കാര്യങ്ങളായിരുന്നു. ഈ വിവരങ്ങൾ.

ചോദ്യം: 1957 ൽ ആവിഷ്കരിച്ച പതിനഞ്ചു വർഷ പദ്ധതിയനുസരിച്ച് വ്യാവസായികോൽപാദനത്തിന്റെ കാര്യത്തിൽ 1973 ആവുമ്പോഴേക്കും ചൈന ബ്രിട്ടനോടൊപ്പമെത്തണമെന്നതാണ്. പക്ഷെ ഇപ്പോഴിടയായി ഈ മുദ്രാവാക്യം കേൾക്കുന്നേയില്ലല്ലോ. എന്താണിതിനു കാരണം?

ചൂ: ബ്രിട്ടനെ മറികടക്കുക എന്നത് ഇന്ന് ഞങ്ങളുടെ ലക്ഷ്യമല്ല. 1957 ൽ, മൊത്തം ഉൽപാദനത്തിന്റെ കാര്യത്തിൽ അമേ

രിക്കയെ കവച്ചു വയ്ക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് സോവിയറ്റ് യൂണിയൻ പ്രഖ്യാപിക്കുകയുണ്ടായി. ആ സാഹചര്യത്തിലാണ് ബ്രിട്ടനെ മറികടക്കുക എന്നൊരു ലക്ഷ്യം ഞങ്ങളും സ്വീകരിച്ചത്. പക്ഷെ കഴിഞ്ഞ വർഷങ്ങളിൽ സ്വയം പര്യാപ്തത എന്ന മുദ്രാവാക്യത്തിൽ ഊന്നി നിന്നുകൊണ്ട് നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുക വഴി ഞങ്ങൾക്കു ലഭിച്ച അനുഭവങ്ങളുടെ വെളിച്ചത്തിൽ, മുഖ്യലക്ഷ്യം ബ്രിട്ടനെ മറികടക്കുക എന്നതായിരിക്കരുതെന്നു ഞങ്ങൾക്കു മനസ്സിലായി. ചില വ്യാവസായികോൽപ്പന്നങ്ങളുടെ രംഗത്ത് പരിണാമപരമായ വളർച്ച ഉണ്ടായതുകൊണ്ടു മാത്രം വ്യവസായ രംഗത്തെ നവീകരിക്കാൻ കഴിയില്ല. ഉദാഹരണമായി പെട്രോളിയത്തിന്റെ കാര്യമെടുക്കാം. ബ്രിട്ടൺ, ഫലത്തിൽ ഒട്ടും പെട്രോളിയം ഉൽപാദിപ്പിക്കാത്ത ഒരു രാഷ്ട്രമാണ്. ഇങ്ങനെ നോക്കുമ്പോൾ, പെട്രോളിയം ഉൽപാദന രംഗത്ത് ഒറ്റയടിക്കുതന്നെ ബ്രിട്ടനെ മറികടക്കാൻ കഴിഞ്ഞതായി ഞങ്ങൾക്ക് അവകാശപ്പെടാവുന്നതാണ്. പക്ഷെ അതൊരു വില കുറഞ്ഞ ലക്ഷ്യമായിത്തീരും. ഈ രീതിയിൽ, ബ്രിട്ടനെ കവച്ചു വച്ചിരിക്കുന്നു എന്നവകാശപ്പെടുന്നതിൽ എന്തെങ്കിലും അർഥമുണ്ടോ? മറിച്ച് ഉന്നതമായ മറെറാരു ലക്ഷ്യത്തിന്റെ കാര്യമെടുത്തു നോക്കാം. ഉദാഹരണമായി വിദ്യുച്ഛക്തിയുടെ കാര്യം. അനേകം നൂറാണ്ടുകളിലെ വളർച്ചയുടെ ഫലമായി ബ്രിട്ടൻ വിദ്യുച്ഛക്തി സുലഭമായി ലഭിക്കുന്ന ഒരു ആധുനിക വ്യവസായിക രാഷ്ട്രമായിത്തീർന്നിരിക്കുന്നു അവിടെ വ്യവസായിക രംഗത്തു മാത്രമല്ല, നിത്യോപയോഗ വസ്തുക്കളുടെ രംഗത്തുപോലും വൈദ്യുതി അനിവാര്യമാണ്. ബ്രിട്ടന്റെ മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ എന്തെല്ലാം പ്രതിസന്ധികൾ ഉളവായാലും വിദ്യുച്ഛക്തിയുൽപ്പാദനത്തിൽ ഗണ്യമായ കുറവു സംഭവിക്കുകയില്ല (മറിച്ച് അത്തരമൊരു പ്രതിസന്ധിയുണ്ടായാൽ ഉരുക്കിന്റെയും കൽക്കരിയുടെയും ഉൽപാദനംകുറയും). വിദ്യുച്ഛക്തിയുടെ ഉൽപാദനച്ചെലവുകൾ ഉപഭോക്താക്കളിൽ നിന്നുള്ള ഭിക്ഷന്ന വരുമാനം കൊണ്ടുതന്നെ നേരിടാനാവും എന്നതാണ് ഇതിനുകാരണം (വ്യവസായേതര ഉപഭോഗരംഗത്തുള്ള സ്ഥിരചോദനം, മിനിമം വിപണി ഉറപ്പുവരുത്തു

ന്നതിനു് സഹായകമായിവർത്തിക്കുന്നു.) ഗ്രാമീണ ചൈനയിലെ വിദ്യുച്ഛക്തി ഉപഭോഗത്തിന്റെ കാര്യം പരിഗണിച്ചാൽ, 1964 ലെ വിദ്യുച്ഛക്തി ഉപഭോഗം 1957ലേതിനെ അപേക്ഷിച്ചു് ഇരുപത്തിരണ്ടുമടങ്ങു് കൂടുതലായിരുന്നു എന്നു കാണാം. എങ്കിൽപോലും പ്രതിശീർഷ വൈദ്യുതി ഉൽപാദനത്തിന്റെ കാര്യത്തിൽ ബ്രിട്ടനോടൊപ്പമെത്താൻ ചൈന ഇനിയും വളരെക്കാലം കാത്തിരിക്കേണ്ടിയിരിക്കുന്നു. ഓരോ രാഷ്ട്രങ്ങളിലും നിലനിൽക്കുന്ന വ്യത്യസ്ത സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, ആവശ്യമായ വ്യത്യസ്ത ഉൽപ്പന്നങ്ങളുടെ അളവിലും അന്തരമുണ്ടായിരിക്കും. ഒരു രാഷ്ട്രത്തിനു് ഒരു പ്രത്യേക ഉൽപ്പന്നമായിരിക്കും കൂടുതൽ ആവശ്യം. മറ്റൊരു രാഷ്ട്രത്തിനു് വേറൊന്നും. ഞങ്ങളുടേതു് ഒരു ആസൂത്രിത സമ്പദ് വ്യവസ്ഥയാണു് അവരുടേതു് മുതലാളിത്ത സമ്പദ്വ്യവസ്ഥയും. രണ്ടും വ്യത്യസ്തമാണു്. ഞങ്ങളുടെ വ്യവസായരംഗത്തെയും സാങ്കേതിക പശ്ചാത്തലത്തേയും മുഴുവനുമായി എടുത്തു് പഠിക്കുകയെന്നതാണു് ഇടതുപക്ഷ പ്രധാനം.

ചോദ്യം: ചൈനയിലെ ഇപ്പോഴത്തെ ജനസംഖ്യ എത്രയുമധികമെന്നാണു് താങ്കളുടെ അഭിപ്രായം? ഇവിടത്തെ കുടുംബാസൂത്രണ പ്രവർത്തകർ ജനസംഖ്യാവർധനവു് കുറയ്ക്കുന്നതിനുവേണ്ടി ആത്മാർഥമായി പരിശ്രമിക്കുന്നുണ്ടു് എന്നതിനു് വേണ്ടത്ര തെളിവുകൾ എനിക്കു നേരിട്ടു് കാണാൻ കഴിഞ്ഞിട്ടുണ്ടു്. വാർഷിക ജനസംഖ്യാ വർധനവിന്റെ നിരക്കു് രണ്ടു ശതമാനത്തിൽ കുറവായിത്തീരാൻ ഇനിയും എത്രകാലം കാത്തിരിക്കേണ്ടിവരും എന്നാണു് താങ്കൾ കരുതുന്നതു്?

പ്രധാനമന്ത്രി. ലക്ഷ്യ പ്രാപ്തിയിലേക്കുള്ള ആദ്യത്തെ ചുവടാണു് കുടുംബാസൂത്രണ പ്രവർത്തനങ്ങൾ. ചില നഗരങ്ങളിൽ ഈ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുമുണ്ടു്. പക്ഷെ ഇവ, ഗ്രാമപ്രദേശങ്ങളിൽ പെട്ടെന്നു് കാര്യമായ എന്തെങ്കിലും ഫലങ്ങൾ ഉളവാക്കുമെന്നു് തോന്നുന്നില്ല. മരണനിരക്കു്, ജനനനിരക്കിനേക്കാൾ വളരെ വേഗത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. ബാല്യമരണങ്ങൾ വിരളമാണു്. ജനങ്ങൾക്കാവശ്യമായ അടിസ്ഥാന ജീവിത സൗകര്യങ്ങൾ വർധിച്ചിരിക്കുന്നു എന്നതാണു് ഇതിനുകാരണം. ചൈനക്കാരുടെ ജീവിതനിലവാരം വളരെ

ഉയർന്നു കഴിഞ്ഞിട്ടുണ്ട് എന്നല്ല പറയുന്നത്. പഴയ ചൈനയിലെ സ്ഥിതിഗതികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്നത്തെ സ്ഥിതി വളരെ മെച്ചപ്പെട്ടിരിക്കുന്നു എന്ന കാര്യം താങ്കൾക്കറിയാമല്ലോ. ചൈനയിലെ ഇന്നത്തെ ജീവിത നിലവാരം അമേരിക്കയിലെ ജീവിതനിലവാരത്തെ അപേക്ഷിച്ച് വളരെ താഴെയാണ്, പക്ഷെ ഇവിടെ 50 ലക്ഷമാളുകൾ തൊഴിലില്ലാതെ കഴിയുന്നില്ല. അമേരിക്കയിൽ തൊഴിലില്ലാത്തവരുടെ ജീവിതം ദുരിതം നിറഞ്ഞതാണ്; അതേസമയം അവിടെയുള്ള ഒരു വിഭാഗമാളുകൾ ചൈനാക്കാരെക്കാൾ വളരെ ഉയർന്ന നിലയിൽ ജീവിക്കുന്നുണ്ട്. ചൈനയിലാവട്ടെ, വ്യത്യസ്ത വിഭാഗങ്ങളിൽപെട്ട ആളുകളുടെ ജീവിത നിലവാരങ്ങൾ തമ്മിൽ കാര്യമായ അന്തരമൊന്നുമില്ല. മരണ നിരക്ക് കുറഞ്ഞിരിക്കുന്നതിന്റെ കാരണവും ഇതുതന്നെയാണ്.

ഞങ്ങൾ കുടുംബാസൂത്രണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. നഗരപ്രദേശങ്ങളിൽ ഈ പ്രവർത്തനം ഏറെക്കുറെ മികച്ച ഫലമുളവാക്കിയിരിക്കുന്നു. പ്രത്യേകിച്ചും സ്കൂളുകൾ, ഫാക്ടറികൾ, ഗവണ്മെന്റ് ഓഫീസുകൾ തുടങ്ങിയസ്ഥാപനങ്ങളിൽ. ഇവിടങ്ങളിലൊക്കെയുള്ള യുവാക്കൾ വിവാഹപ്രായം ഉയർത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും വിവാഹത്തിനുശേഷം കുടുംബാസൂത്രണം പരിശീലിക്കുകയും ചെയ്യുന്നവരാണ്. കുടുംബാസൂത്രണ ഫലവത്താണ്. പക്ഷെ അതിനു് അനുയോജ്യമായ പ്രചരണവും വിദ്യാഭ്യാസവും ആവശ്യമാണ്. മാത്രമല്ല, അത് ഫലപ്രദമാക്കാൻ സമയമെടുക്കുകയും ചെയ്യും. ഈ നൂറാണ്ടിന്റെ അവസാനമാവുമ്പോഴേക്ക് ചൈനയിലെ മൊത്തം ജനസംഖ്യാ വർദ്ധനവ് ഒരു ശതമാനം കുറവായിത്തീരുകയാണെങ്കിൽ അത് വളരെ തൃപ്തികരമായ ഒരു നേട്ടമായിരിക്കും.

ചോദ്യം: ചൈനാ–അമേരിക്കാ ബന്ധങ്ങൾ മെച്ചപ്പെടാനുള്ള എന്തെങ്കിലും സാധ്യത താങ്കൾ കാണുന്നുണ്ടോ? കുറേ ശാസ്ത്രജ്ഞന്മാരേയും പണ്ഡിതന്മാരേയും പരസ്പരം കൈമാറുന്നതുകൊണ്ട് ഇക്കാര്യത്തിൽ എന്തെങ്കിലും ഫലമുണ്ടാകുമെന്നു് താങ്കൾ കരുതുന്നുണ്ടോ?

പ്രധാനമന്ത്രി: ചൈനാ–അമേരിക്കൻ ബന്ധങ്ങളെ മെച്ചപ്പെടുത്താൻ ശ്രമിക്കുമ്പോൾ അടിസ്ഥാന പ്രശ്നങ്ങളിൽ നിന്നു തുടങ്ങേണ്ടിയിരിക്കുന്നു. അല്ലാതെ പാർശ്വ പ്രശ്നങ്ങളിൽ നിന്നല്ല. വാഴ്സയിൽ വച്ച് ചൈനയും അമേരിക്കയും തമ്മിൽ അംബാസഡർമാരുടെ തലത്തിൽ സംഭാഷണങ്ങളെ നടന്നപ്പോഴുമുള്ള രണ്ടു കാര്യങ്ങളാണു ഞങ്ങളെ മുന്നോട്ടു വച്ചിരുന്നതു്. ഒന്നാമതായി, ചൈനയും അമേരിക്കയും പഞ്ചശീല തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമാധാനപരമായ സഹവർത്തിത്വം പുലർത്തുന്നതിനെക്കുറിച്ച് ഒത്തുതീർപ്പിലെത്തേണ്ടതാണു്. രണ്ടാമതായി, അമേരിക്ക തായ്വാനിൽ നിന്നും തായ്വാൻ ഉൽക്കടലിൽ നിന്നും തങ്ങളുടെ സൈന്യങ്ങളെ പൂർണമായി പിൻവലിക്കേണ്ടതാണു്. ഈ രണ്ടു പ്രശ്നങ്ങളിൽ ഒത്തുതീർപ്പുണ്ടായിക്കഴിഞ്ഞാൽ മറ്റു പ്രശ്നങ്ങളെല്ലാം എളുപ്പത്തിൽ പരിഹരിക്കാൻ കഴിയും. മറിച്ച് പാർശ്വ പ്രശ്നങ്ങൾക്കുമാത്രം പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയാണെങ്കിൽ അടിസ്ഥാനപരമായ പ്രശ്നങ്ങളെല്ലാം പഴയപടി അവശേഷിക്കും.

വാഴ്സാ സംഭാഷണങ്ങൾ ഒമ്പതു വർഷത്തിലേറെക്കാലമായി തുടർന്നു കൊണ്ടിരിക്കുകയാണു്. ഇക്കാലമത്രയും മേൽപ്പറഞ്ഞ രണ്ടു നിർദേശങ്ങളും അമേരിക്ക തള്ളിക്കളയുകയാണുണ്ടായതു്. മറ്റുള്ളവരെപ്പോലെ തങ്ങളും സമാധാനപരമായ സഹവർത്തിത്വത്തിനു വേണ്ടിയാണു് നിലകൊള്ളുന്നതെന്നു് അമേരിക്ക പറയുന്നുണ്ടു്. പക്ഷേ, അതു സംബന്ധിച്ചു് ചൈന മുന്നോട്ടു വച്ചിട്ടുള്ള നിർദേശങ്ങളെല്ലാം, അവർ തള്ളിക്കളയുകയാണു് ചെയ്യുന്നതു്. അമേരിക്കൻ ഗവണ്മെന്റിന്റെ വാക്കുകളിൽ ഒളിഞ്ഞിരിക്കുന്ന കാപട്യം ഇതിൽ നിന്നും വ്യക്തമാവുന്നില്ലേ? പിന്നെ, ചില വ്യക്തികൾക്കു് ചൈന സന്ദർശിക്കാൻ അനുമതി നൽകുന്ന കാര്യം. ഇന്നത്തെ സാഹചര്യത്തിൽ അതു സംബന്ധിച്ചു് യാതൊരു കരാറിലും ഏർപ്പെടാൻ കഴിയുകയില്ല. ഞങ്ങൾ സ്വാഗതം ചെയ്യാൻ തയ്യാറാവുന്നവരുടെ അമേരിക്കൻ ഗവണ്മെന്റു് അനുമതി നൽകുകയുണ്ടായില്ല. അതുപോലെ, അവർ അയക്കുന്നവരെയെല്ലാം സ്വാഗതം ചെയ്യാൻ ഞങ്ങളും തയ്യാറല്ല. ചുരുക്കിപ്പറഞ്ഞാൽ, അടിസ്ഥാന

പ്രശ്നങ്ങളും പരിഹരിക്കപ്പെടാതിരുന്നാൽ തീരെ നിസ്സാരമായ കാര്യങ്ങളും പോലും സ്ഫോടനാവസ്ഥയിലാവും. താങ്കളുടെ കാര്യം ഒരപവാദമാണ്. ഞങ്ങളും താങ്കളെ സ്വാഗതം ചെയ്യുന്നു. അമേരിക്കൻ സ്റ്റോറഡിപ്പാർട്ടുമെന്റും താങ്കൾക്ക് സന്ദർശനാനുമതി നൽകുകയും ചെയ്യുന്നു.''

''ഒരു 'സ്വതന്ത്ര തയ്വാൻ റിപ്പബ്ലിക്ക്' സ്ഥാപിക്കാനുള്ള ശ്രമം ചൈനാ—അമേരിക്കൻ ബന്ധങ്ങളെ ഏതു വിധത്തിലാണ് ബാധിക്കുക?'' ഞാൻ ഇടയ്ക്കു കയറി ചോദിച്ചു.

''ഇപ്പോൾ ചിയാങ്ങ് കൈ ഷേക്കും കൂട്ടരും അവകാശപ്പെടുന്നത് അവരാണ് യഥാർത്ഥ ചൈന എന്നാണല്ലോ. ദേശസ്നേഹിയായ ഒറ്റ ചൈനാക്കാരനും ആ അവകാശവാദത്തോട് യോജിക്കാനാവില്ല. പക്ഷെ, ഒരു കാര്യം ഞാൻ വ്യക്തമാക്കാം: തയ്വാനിലെ ഏതെങ്കിലുമൊരു വ്യക്തി, പൂർണമായും അമേരിക്കയുടെ ശാസനകൾക്കു വഴങ്ങുകയും അമേരിക്കൻ നയങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ തയ്വാനെ ഒരു സ്വതന്ത്ര രാഷ്ട്രീയ ഘടകമായി പ്രഖ്യാപിക്കുകയും അമേരിക്ക തങ്ങളുടെ സമ്മർദ്ദ തന്ത്രങ്ങളും സ്വാധീനവും വഴി നേടിയെടുക്കുന്ന ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ചൈനയെ ഐക്യരാഷ്ട്ര സഭയിൽ നിന്നും എന്നന്നേക്കും മാറ്റി നിറുത്തുകയും ചെയ്യുകയാണെങ്കിൽ ചൈനാ—അമേരിക്കൻ ബന്ധങ്ങൾ മെച്ചപ്പെടുത്താൻ കഴിയുകയില്ല എന്നു മാത്രമല്ല, ഞങ്ങളും ഐക്യരാഷ്ട്രസഭയും തമ്മിൽ പിന്നീടും യാതൊരു ബന്ധവും ഉണ്ടാവുകയുമില്ല. അത്തരമൊരു സാഹചര്യം സംജാതമാവുകയാണെങ്കിൽ ചൈനാ—അമേരിക്കാ സംഘർഷം ഏതാനും ചില വർഷങ്ങൾക്കകം പരിഹരിക്കപ്പെടുന്ന ഒരു പ്രശ്നമല്ലാതായിത്തീരും. അത് വളരെക്കാലത്തേക്ക് നീണ്ടു നിന്നെന്നും വരും. എത്ര വർഷക്കാലത്തേക്ക് എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. അമേരിക്കക്ക് അവരുടെ ഇപ്പോഴത്തെ നയം തുടരാൻ കഴിയാതെ വരികയും അങ്ങനെ, അതുപേക്ഷിക്കാൻ അവർ തയ്യാറാവുകയും ചെയ്യുന്ന ദിവസംവരെ—അങ്ങനെയൊരു ദിനം വരുമെന്നതന്നെയാണ് എന്റെ വിശ്വാസം—ഈ നില തുടരും.''

ചോദ്യം: ജപ്പാനിലെ സാറേറാ ഗവണ്മെന്റും സ്വതന്ത്ര തയ്വാൻ നിർദ്ദേശത്തെ പിൻതാങ്ങുന്നതായാണല്ലോ കേൾവി

ഒക്കിനാവാ പ്രദേശം തിരിച്ചു കിട്ടുന്നതിനു് ജപ്പാൻ അമേരിക്കയ്ക്കു നൽകുന്ന ഒരു പ്രത്യുപകാരമായി ഇതിനെ കണക്കാക്കാമോ?

പ്രധാനമന്ത്രി: ''ഈ രണ്ടു് പ്രശ്നങ്ങളും തമ്മിൽ നേരിട്ടു് ബന്ധമൊന്നുമില്ല. ജപ്പാനു്, ഒക്കിനാവാ പ്രദേശം വീണ്ടെടുക്കാനുള്ള കെൽപ്പുണ്ടായിരുന്നെങ്കിൽ അവരുടെ നിലപാടു് അമേരിക്കയുടേതിൽ നിന്നും വ്യത്യസ്തമാകമായിരുന്നു. പക്ഷെ ആ ജപ്പാൻ ഇന്നത്തെ ജപ്പാനായിരിക്കുകയില്ല. ഇപ്പോഴാം അവർ അമേരിക്കൻ നിർദ്ദേശങ്ങളെ—'രണ്ടു ചൈനാക്കാർ' അല്ലെങ്കിൽ 'ഒരു തയ്വാനും ഒരു ചൈനയും'—പിൻതാങ്ങുകയും സ്വതന്ത്ര തയ്വാനെ അംഗീകരിക്കുകയും ചെയ്തിരിക്കുകയാണു്. അവർ അമേരിക്കൻ നയങ്ങളുടെ പുറകേ പോവുകയും അമേരിക്കയ്ക്കു് ചേങ്ങല കൊട്ടുകയുമാണു് ചെയ്യുന്നതു്. ഒക്കിനാവാ പ്രദേശം വീണ്ടെടുക്കാനുള്ള മനക്കരുത്തോ കഴിവോ അവർക്കില്ലെന്നാണു് ഇതു് കാണിക്കുന്നതു്.''

ചോദ്യം: തെക്കൻ വിയത്നാമിലെ പോരാട്ടം അവസാനിപ്പിക്കുന്നതിനുവേണ്ടി 1954ലെ ജനീവാ കരാറിൽ ഒപ്പുവച്ചവരുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടണമെന്നാണല്ലോ ചൈനയുടെ വാദം. അന്തർദേശീയ തലത്തിൽ വിയത്നാമിന്റെ സ്വാതന്ത്ര്യവും നിഷ്പക്ഷതയും ഉറപ്പുവരുത്തുന്നതിനായി ജനറൽ ഡിഗാം മുന്നോട്ടു വച്ചിട്ടുള്ള നിർദേശങ്ങളെക്കുറിച്ചു് ചർച്ചചെയ്യാൻ ചൈനയും വിയത്നാം ജനകീയ റിപ്പബ്ലിക്കും തയ്യാറാവുമോ?''

പ്രധാനമന്ത്രി: വിയത്നാമിന്റെ സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും രണ്ടു വിയത്നാമുകളെയും ഏകോപിപ്പിക്കുകയും തെക്കൻ വിയത്നാമിലെ പോരാട്ടം അവസാനിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി 1954 ലെ ജനീവാ കരാറിൽ മുന്നോട്ടു വച്ചിട്ടുള്ള നിബന്ധനകളാം നടപ്പാക്കേണ്ടതാണു് എന്നു് ഞങ്ങളാം വിശ്വസിക്കുന്നു. വിയത്നാമിലെ ഭരണസംവിധാനം ഏതു വിധത്തിലുള്ളതായിരിക്കണമെന്നു് അവിടത്തെ ജനങ്ങളാം തങ്ങളുടെ അഭിലാഷങ്ങളനുസരിച്ചു് തീരുമാനിക്കേണ്ടതാണു്. തെക്കൻ വിയത്നാമിനെസംബന്ധിച്ചിടത്തോളം അടിയന്തര പ്രശ്നം സമ്മേളനം വിളിച്ചു കൂട്ടുക എന്നതല്ല. ആദ്യം വേണ്ടതു് അമേരിക്കൻ സൈന്യങ്ങളെ വിയത്നാമിൽ നിന്നു്

പിൻവലിക്കുകയും അങ്ങനെ സ്വന്തം ആഭ്യന്തര പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അവിടത്തെ ജനങ്ങളെ അനുവദിക്കുകയുമാണ്. ലാവോസിന്റെയും കമ്പോഡിയയുടെയും നിഷ്പക്ഷതയും സ്വാതന്ത്ര്യവും സമാധാനവും ഉറപ്പു വരുത്തുന്നതിനു് ഉടൻ തന്നെ ജനീവാസമ്മേളനം വിളിച്ചു കൂട്ടി ചർച്ചകൾ നടത്തേണ്ടതാണ്.''

ചോദ്യം: ''വിദേശങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ചൈനയുടെ ബോമ്പ്, അമേരിക്കൻ വിദഗ്ധന്മാർ പ്രതീക്ഷിച്ചതിനെക്കാൾ കൂടുതൽ ''ഉയർന്ന'' തരത്തിലുള്ളതാണ്. എന്താണിതിനർത്ഥം?

പ്രധാനമന്ത്രി: ''അമേരിക്കൻ വിദഗ്ധന്മാർ തങ്ങൾ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചൈനയുടെ ആറാം ബോംബ് സാങ്കേതികമായി അമേരിക്കയും ബ്രിട്ടനും ഫ്രാൻസും ആദ്യം വിസ്ഫോടനം ചെയ്ത ബോംബുകളേക്കാൾ ഉയർന്ന നിലവാരം പുലർത്തുന്നവയാണ് എന്ന നിഗമനത്തിൽ എത്തിച്ചേർന്നുകൂടെയെന്നു ഞാൻ ചോദിക്കുന്നു. ഇതേക്കുറിച്ച് താങ്കൾക്കും എനിക്കും അറിയുന്നതിൽ കൂടുതൽ അമേരിക്കൻ വിദഗ്ധന്മാർക്കറിയാം. നാമിരുവരും ഇക്കാര്യത്തിൽ വൈദഗ്ധ്യമുള്ളവരല്ലല്ലോ.''

ചോദ്യം: ''അണുവായുധങ്ങൾ കന്നുകുട്ടിവെയ്ക്കുന്നതു് കുട്ടികൾ മരം കൊണ്ടുനിർമിച്ച സൈനികരെക്കൊണ്ട് യുദ്ധം നടത്തുന്നതുപോലെ ബാലിശമാണല്ലോ. ഈ ആയുധങ്ങളൊന്നും ഉപയോഗിക്കാൻ കഴിയുകയില്ല എന്നതു തന്നെ കാരണം. പക്ഷെ ഓരോ വട്ടവും അവയെക്കുറിച്ചുള്ള ഭീഷണികൾ ഉയരുമ്പോൾ, റഷ്യൻ റൗലത്ത് കളിയിൽ തോക്കിന്റെ കാഞ്ചിവലിക്കപ്പെടുമ്പോഴുണ്ടാകുന്ന അതേ അനുഭവമാണുണ്ടാകുന്നതു്. ഇതു് അപകടകരമാണെന്നു് തോന്നുന്നില്ലേ?''

പ്രധാനമന്ത്രി: ''അത് അത്ര അപകടകരമൊന്നുമല്ല. താങ്കൾ എന്തിനാണ് ഇത്രയേറെ യേപ്പെടുന്നതു്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞിട്ട് ഇരുപതു വർഷമായില്ലേ?''

ചോദ്യം: പക്ഷെ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ തമ്മിലുള്ള ഇടവേള ഇരുപതു വർഷമായിരുന്നു.

പ്രധാനമന്ത്രി ''ഞങ്ങൾ വിധിവിശ്വാസികളല്ല, പ്രശ്നങ്ങളെ വൈരുധ്യാധിഷ്ഠിത മാർഗത്തിലൂടെ നോക്കി കാണുന്നവരാണു്. നിരവധി രാഷ്ട്രങ്ങൾ അണുവായുധങ്ങൾ സമ്പാദിച്ചു

കഴിഞ്ഞിരിക്കെ, ആരും അതുപയോഗിക്കാൻ ധൈര്യപ്പെട്ടുകയില്ല. അല്ലെങ്കിൽപ്പിന്നെ, ജനറൽ മാക്ലെവൽ ടെയ്ലർ 'പ്രത്യേക യുദ്ധതന്ത്രങ്ങൾ' ആവിഷ്കരിക്കാൻ ശ്രമിച്ചതെന്തുകൊണ്ടാണ്? അദ്ദേഹം തന്റെ കണ്ടുപിടിത്തത്തെ സംബന്ധിച്ച് പുതിയ ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു എന്നതാണ് രസകരമായ മറ്റൊരു സംഗതി. ഞങ്ങളുടെ കാഡർമാർ, നേരിട്ടുള്ള അനുഭവങ്ങൾ സമ്പാദിക്കുന്നതിനായി ഇടയ്ക്കൊക്കെ ഗ്രാമപ്രദേശങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക പതിവാണ്. ടെയ്ലർ, വിയത്നാമിൽ ഇതേ രീതി പിൻതുടരാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കയാണ്. പക്ഷെ അങ്ങോട്ടിറങ്ങിച്ചെല്ലുക അത്ര എളുപ്പമൊന്നുമല്ല.''

വിയത്നാമിലെ ഗറില്ലാ യുദ്ധതന്ത്രത്തിന്റെ വിജയത്തെക്കുറിച്ചും വിയത്നാമും അൾജീരിയയും കൈവിട്ടതിനു ശേഷം ഫ്രാൻസിനു അമേരിക്കൻ ഡോളറിനെ വെല്ലുവിളിക്കാൻ കെല്പുള്ള ഒരു ശക്തിയായി വളരാൻ കഴിഞ്ഞതിനെക്കുറിച്ചും പ്രധാനമന്ത്രി വിശദമായി സംസാരിക്കുകയുണ്ടായി. അദ്ദേഹം ഇങ്ങനെ തുടർന്നു:

'ഡിഗാളിനു ഇത്രയേറെ അഭിമാനിക്കാൻ വകയുണ്ടായതെന്തുകൊണ്ടാണ്? അദ്ദേഹം അൾജീരിയയിലെ കൊളോണിയൽ യുദ്ധം അവസാനിപ്പിച്ചു എന്നതുതന്നെയാണ് അതിനു കാരണം. 800000 സൈനികരെയും 10 ലക്ഷത്തോളം സാധാരണ പൗരന്മാരേയും അൾജീരിയയിൽ നിന്നു പിൻവലിക്കാനും അൾജീരിയക്കു പൂർണസ്വാതന്ത്ര്യം നൽകാനും അദ്ദേഹം തയ്യാറായി. ഇതിന്റെ ഫലമായി, ബാഹ്യമായ ചില അപമാനങ്ങളൊക്കെ സഹിക്കേണ്ടി വന്നുവെങ്കിലും യഥാർഥത്തിൽ ഫ്രാൻസിനെ ഒരു സാമ്പത്തികത്തകർച്ചയിൽ നിന്നു രക്ഷിക്കാൻ ഡിഗാളിനു കഴിഞ്ഞു. അതുപോലെ ലോകത്തിന്റെ നാനാഭാഗത്തുമുള്ള അമേരിക്കൻ സേനകളെ പിൻവലിക്കാനും അമേരിക്കയെക്കുറിച്ചു ഇന്നുള്ള ധാരണ പാടെ മാറ്റാനും കെൽപ്പുള്ള ഒരു പ്രസിഡന്റിനെ സൃഷ്ടിക്കാൻ അമേരിക്കക്കു കഴിയുമോ?''

ദേവിനെയക്കുറിച്ചും ചെയ്തു തീർക്കേണ്ടുന്നതായ മറിച്ചുജോലികളെക്കുറിച്ചും സംസാരിക്കവെ, മൂ, ചൈനീസ് സമ്പദ്വ്യവസ്ഥയിൽ നിലനിൽക്കുന്ന നാടകീയമായ ചില വൈരുദ്ധ്യങ്ങൾക്കു നേരെ വിരൽ ചൂണ്ടുകയുണ്ടായി. 16000

ടൺ ശേഷിയുള്ളതും ലോകത്തെ മറ്റെവിടെയുമുള്ളതിനേക്കാൾ കിടനിൽക്കുന്നതുമായ ക്രൂറൻ ഹൈഡ്രോളിക്സ്റ്റീൽ പ്രസ്സുകളും ഒരു വശത്ത്, റബ്ബർടയറുകളോടുകൂടിയ കാളവണ്ടികളും മറുവശത്ത്; സൂക്ഷ്മോപകരണങ്ങളും ക്രൂറൻ ഡീസൽകപ്പലുകളും ഒരു വശത്ത്; കർഷകരുടെ നാടൻ വഞ്ചികളും എണ്ണവിളക്കുകളും മറുവശത്തും, ചൈന ഒരാധുനിക രാഷ്ട്രമായിത്തീരാൻ ഇനിയും ഒട്ടുവളരെ സമയം പിടിക്കും, ചൂ പറഞ്ഞു. അദ്ദേഹം ഇങ്ങനെ പറഞ്ഞുകൊണ്ടാണു സംഭാഷണം അവസാനിപ്പിച്ചത്:

''ഷാങ്ഹായിൽ വളം ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും കടത്തുന്നതിനും ഉപയോഗിച്ചു വരുന്ന വഞ്ചികളും തികച്ചും വ്യത്തികെട്ടവയാണ്. വടക്കൻ കിയാങ്സുവിലെ ചൂറുപാടുകളുണ്ടെങ്കിൽ ഇതിലും മോശമാണ്. ഉദാഹരണമായി നാൻ ടുങ്ങിനു തെക്കുകിഴക്കുഭാഗത്ത്, തീരപ്രദേശത്തു സ്ഥിതിചെയ്യുന്ന ചിതുങ്ങ് കൗണ്ടിയുടെ കാര്യം. ഇവിടത്തെ മുഴുവൻ നിലങ്ങളും ജലസേചന സൗകര്യമുള്ളവയാണ്. പക്ഷെ, അവിടെ കാർഷികോപകരണങ്ങളും പോയിട്ട്, കാളകളെ പോലും ഉപയോഗപ്പെടുത്താറില്ല. അതിന്റെ ആവശ്യമില്ല എന്നതു തന്നെയാണ് കാരണം. ഓരോ കർഷകനും ഒരു മൺ അല്ലെങ്കിൽ അതിൽ അൽപം കൂടുതൽ നിലമേയുള്ളൂ. നിലത്തിൽ നിന്നു നല്ലവിളവു ലഭിക്കും. ഒരു മൺഭൂമിയിൽ നിന്നും 50കിഗ്രാം പരുത്തിയും 500കിഗ്രാം ധാന്യവും ലഭിക്കുന്നു. മിക്കവാറും കൃഷിഭൂമികളെല്ലാം വെള്ളത്തിൽ കുതിർന്നു കിടക്കുന്നവയാണ്. തന്മൂലം ആ പ്രദേശത്ത് മനുഷ്യന്റെ കായികാധ്വാനം മാത്രം മതിയാകും. നിലം ആഴത്തിൽ ഉഴേണ്ടതില്ല. നിരവധി കനാലുകളും പുഴകളാലും ബന്ധിതമാണ് ആ പ്രദേശം. തന്മൂലം വളവും മറ്റും ചെറിയ തോണികളും വഴിയോ കാവുകളിലോ വയലുകളിലെത്തിക്കാൻ കഴിയും. ഇത്തരമൊരു പ്രദേശത്ത് എങ്ങനെയാണ് യന്ത്രവൽക്കരണം നടപ്പിലാക്കുക? ഈ പ്രശ്നം വിശദമായി പഠിക്കേണ്ടിയിരിക്കുന്നു.

''ചൈനയിലെ സ്ഥിതിഗതികളും വളരെ സങ്കീർണമാണ്. വിപ്ലവ സമരങ്ങളുടെ കാര്യമെടുക്കാം. അവയിലൂടെ ഞങ്ങളും പലതും പഠിക്കേയുണ്ടായി. ചിയാങ്ങ് കൈഷേക്കിനെ പരാജയപ്പെടുത്താനും അമേരിക്കയെ പുറത്തു നിൽക്കാനും

ഞങ്ങൾക്ക് കഴിഞ്ഞു. ഇതൊന്നും യക്ഷിക്കഥകളല്ല. അതിനുവേണ്ടി ഞങ്ങൾ രക്തം ചൊരിഞ്ഞു. പക്ഷെ, തുറന്നുപറയട്ടെ, പ്രധാനമന്ത്രിയെന്ന നിലയ്ക്ക്, കഴിഞ്ഞ പതിനഞ്ചു വർഷമായി ഇവിടെ നടന്നു വരുന്ന സാമ്പത്തിക പ്രവർത്തനങ്ങളെക്കുറിച്ച് പൂർണമായി മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. കുറേ കാര്യങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പക്ഷെ വളരെ വിശദമായിട്ടല്ല. ഞങ്ങളെല്ലാവരും പഠിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക വികാസത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ തികച്ചും സങ്കീർണമാണ്. ഞങ്ങളെല്ലാം അല്പാല്പം പരിചയം നേടിയിട്ടുണ്ട്. പക്ഷെ ഇനിയും വളരെയേറെ അന്വേഷണത്തിന് കരസ്ഥമാക്കേണ്ടിയിരിക്കുന്നു. ചില നിയമങ്ങളൊക്കെ ഞങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. പക്ഷെ സാമ്പത്തിക വികാസത്തിനാധാരമായ പല നിയമങ്ങളും ഇനിയും പഠിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഒരേസമയത്തും ധനാത്മകവും ഋണാത്മകവുമായ അനുഭവങ്ങൾ കൈവരിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ കാലത്തെ സമരങ്ങളുടെയെല്ലാം കാര്യമിതാണ്. ചിലപ്പോഴൊക്കെ ഞങ്ങൾ വിജയിച്ചു. ചിലപ്പോഴൊക്കെ പരാജയപ്പെട്ടു. അങ്ങനെയാണ് ഞങ്ങൾ അന്വേഷണനായത്; അങ്ങനെയാണ് വിജയത്തിലെത്തിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞത്. ഇതേ കാര്യം നിർമാണ പ്രവർത്തനങ്ങൾക്കും ബാധകമാണ്. പ്രശ്നങ്ങളെ നേരിടാനുള്ള കരുത്ത് ആർജിക്കുമ്പോൾ മാത്രമേ അവയെ മറികടക്കാനാവൂ. അതുപോലെ സ്വന്തം തെറ്റുകളും കുറവുകളും സമ്മതിക്കാനൊരുങ്ങിയാൽ മാത്രമേ അവ തിരുത്താൻ കഴിയൂ. തടസ്സങ്ങളെ മറികടക്കാനും തെറ്റുകൾ തിരുത്താനും ഞങ്ങൾ നിരന്തരം പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്.

'ഇത്തരം കാര്യങ്ങളുമായി ബന്ധമില്ലാത്തവർ, ഞങ്ങൾ എല്ലാം ശരിയാം വിധമാണ് ചെയ്തുകൊണ്ടിരിക്കുന്നതു് എന്നു കരുതും. അതെങ്ങനെയാണ് സാധ്യമാവുക? മറുചിലർ, തെറ്റുകൾ മാത്രം കണ്ടെത്തുന്നതിൽ വ്യാപൃതരായിരിക്കയാണ്. ഞങ്ങൾക്ക് ചില പിഴവുകൾ സംഭവിച്ചപ്പോൾ, അവർ കരുതി, പൈന കാറ്റിനായ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണെന്ന്. ഇപ്പോൾ, സാമ്പത്തിക

സ്ഥിതി മെച്ചപ്പെട്ടതോടെ, ചില ആളുകൾ ചൈനയിലെ എല്ലാ കാര്യങ്ങളെയും പുകഴ്ത്തിത്തുടങ്ങിയിരിക്കുന്നു. ഇവരെല്ലാം ചൈനയെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം അവതരിപ്പിക്കുന്നതിൽ പരാജയപ്പെടുകയാണ് ചെയ്യുന്നത്. ഞങ്ങളുടെ കാര്യം പറയുകയാണെങ്കിൽ, ഞങ്ങൾ ശരിയായ പാത കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. ഈ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്നതിടയിൽ തടസ്സങ്ങളും കുറവുകളും പ്രകടമായിക്കൊണ്ടിരിക്കും. അവയെ മറികടന്ന് മുന്നോട്ട പോകുന്നതിനു് നിരന്തരമായ പരിശ്രമം ആവശ്യമാണ്. ലക്ഷ്യത്തിലെത്തിച്ചേരുന്നതിനു് സഹായകമായ കൂടുതൽ മെച്ചപ്പെട്ട മാർഗങ്ങൾ കണ്ടെത്തുന്നതിനു്, ഇതുവരെയുള്ള അനുഭവങ്ങളും ഇതുവരെ പഠിച്ച പാഠങ്ങളും നിരന്തരമായി സമാഹരിക്കേണ്ടിയിരിക്കുന്നു. സമരങ്ങൾക്കു മാത്രമല്ല, ഉൽപാദന, നിർമാണ പ്രവർത്തനങ്ങൾക്കും ഇതു് ബാധകമാണ്. മനുഷ്യൻ പ്രായോഗികാനുഭവങ്ങളിലൂടെ നിരന്തരമായി പഠിക്കുന്നു, കണ്ടുപിടിത്തങ്ങൾ തുടരുന്നു. അങ്ങനെ പുതിയത് നിർമിക്കുകയും മുന്നേറുകയും ചെയ്യുന്നു.

ചൈനീസ് കമ്യൂണിസ്റ്റു പാർടി കേന്ദ്രക്കമ്മറ്റിയുടെ പതിനൊന്നാം പ്ലീനം പാസാക്കിയ പ്രമേയങ്ങൾ

1966ലെ സാംസ്കാരിക വിപ്ലവത്തിന്റെ പതിനാറിന പരിപാടി.

1. ഈയിടെ ആരംഭിച്ചിട്ടുള്ള മഹത്തായ തൊഴിലാളി വർഗ സാംസ്കാരിക വിപ്ലവം നമ്മുടെ ജനങ്ങളുടെ ആത്മാവിനെ പുണരുകയും നമ്മുടെ രാഷ്ട്രത്തിന്റെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വികാസത്തിൽ കൂടുതൽ ആഴവും വ്യാപ്തിയുമുള്ള ഒരു പുതിയ ഘട്ടത്തിനു തുടക്കമിടുകയും ചെയ്യുന്ന മഹത്തായ ഒരു വിപ്ലവ പ്രസ്ഥാനമാണ്.

പാർടിയുടെ എട്ടാമത് കേന്ദ്രക്കമ്മറ്റിയുടെ പതിനൊന്നാം പ്ലീനറി സമ്മേളനത്തിൽ സഖാവ് മാവോ സെ തുങ്ങ് ഇങ്ങനെ പറയുകയുണ്ടായി: 'ഒരു രാഷ്ട്രീയ ശക്തിയെ തകിടം മറിക്കുന്നതിന് ഏറ്റവുമാദ്യം ചെയ്യേണ്ടത് പൊതുജനാഭിപ്രായം സൃഷ്ടിക്കുക-ആശയതലത്തിൽ പ്രവർത്തിക്കുക, എന്നതാണ്.' വിപ്ലവ വർഗത്തിനും പ്രതിവിപ്ലവവർഗത്തിനും ഒരു പോലെ ബാധകമാണ് ഇക്കാര്യം. സഖാവ് മാവോസെ തുങ്ങിന്റെ ഈ സിദ്ധാന്തം തികച്ചും ശരിയാണെന്നു പ്രായോഗികാനുഭവങ്ങളും തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.

ബൂർഷ്വാവർഗം നിഷ്കാസനം ചെയ്യപ്പെട്ടിരുന്നുവെങ്കിലും ഇപ്പോഴും അവർ പഴയ ആശയങ്ങളും സംസ്കാരവും ആചാര പെരുമാറ്റരീതികളും ഉപയോഗിക്കാനും ജനങ്ങളെ വഞ്ചിച്ച്

അവരുടെ പിൻതുണ നേടാനും അങ്ങനെ ഒരു തിരിച്ചുവരവ് നടത്താനും പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽ നിന്ന് നേരെ വിപരീതമാണ്, തൊഴിലാളി വർഗത്തിന്റെ കടമ. അത്, ആശയതലത്തിൽ ബൂർഷ്വാ വർഗം ഉയർത്തുന്ന എല്ലാ വെല്ലുവിളികളെയും ശക്തിയുക്തം ചെറുക്കുകയും പുതിയ ആശയങ്ങളും സംസ്കാരവും ആചാരങ്ങളും പെരുമാറ്റ രീതികളും ഉപയോഗിച്ച് മുഴുവൻ സമൂഹത്തിന്റെയും കാഴ്ചപ്പാടിൽ മാറ്റം വരുത്തുകയും ചെയ്യേണ്ടതാണ്. ഈ ഘട്ടത്തിൽ, നമ്മുടെ ലക്ഷ്യം, അധികാരത്തിലിരുന്നു കൊണ്ട് മുതലാളിത്ത പാത സ്വീകരിക്കുന്നവർക്കെതിരെ സമരം ചെയ്യ് അവരെ തൂത്തുകയും പിൻതിരിപ്പൻ ബൂർഷ്വാ അക്കാദമിക 'അധികാരി' കളെയും ബൂർഷ്വാ വീക്ഷണത്തിന്റെയും മറ്റ് മൂഷക വർഗങ്ങളുടെയും ആശയങ്ങളെയും വിമർശന വിധേയമാക്കുകയും സോഷ്യലിസ്റ്റ് സാമ്പത്തികാടിത്തറയുമായി പൊരുത്തപ്പെട്ടപോവാത്ത വിദ്യാഭ്യാസ രീതികളെയും സാഹിത്യത്തെയും കലയേയും അതുപോലെ മേൽപ്പുരയുടെ മറ്റ് ഘടകങ്ങളേയും മാറ്റിയെടുക്കുകയും അങ്ങനെ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ദൃഢീകരണത്തിനും വികാസത്തിനും വഴിയൊരുക്കുകയും ചെയ്യുക എന്നതാണ്.

2. ഈ സാംസ്കാരിക വിപ്ലവത്തിലെ മുഖ്യശക്തി തൊഴിലാളികളും കർഷകരും സായുധസേനാംഗങ്ങളും വിപ്ലവ ബുദ്ധിജീവികളും, വിപ്ലവകാഡറുകളുമാണ്. മുമ്പ് അറിയപ്പെടാത്ത നിരവധി വിപ്ലവകാരികളായ യുവജനങ്ങളാണ് പഴഞ്ചൻ മാർഗങ്ങളെ നിരസിക്കാനുള്ള ധൈര്യവും തന്റേടവും നേടിയെടുത്തിരിക്കുന്നു. അവർ ഊർജസ്വലമായി പ്രവർത്തിക്കുന്നവരും ബുദ്ധിശാലികളുമാണ്. അവർ, ക്വറൻ അക്ഷര പോസ്റ്ററുകളും വാദപ്രതിവാദങ്ങളും ഉപയോഗിച്ച്, കാര്യങ്ങളെ വെളിവാക്കുകയും സൂക്ഷ്മമായി വിമർശിക്കുകയും ഒളിഞ്ഞും തെളിഞ്ഞും ബൂർഷ്വാവർഗത്തിന്റെ പ്രതിനിധികളായിവർത്തിക്കുന്നവർക്കുനേരെ ശക്തമായ ആക്രമണങ്ങളും നടത്തുകയും ചെയ്തുവരുന്നുണ്ട്. ഇത്തരമൊരു മഹത്തായ വിപ്ലവ പ്രസ്ഥാനത്തിനിടയ്ക്ക്, അവർ പലതരത്തിലുള്ള പോരായ്മകളും പ്രകടിപ്പിക്കുന്നത് തികച്ചും സ്വാഭാവികമാണ്. പക്ഷെ അവരുടെ മുഖ്യ വിപ്ലവ ലക്ഷ്യം തുടക്കം മുതലേ ശരിയായിരുന്നു. മഹത്തായ

തൊഴിലാളിവർഗസാംസ്കാരിക വിപ്ലവത്തിന്റെ മുഖ്യധാര ഇതാണ്. ഈ മുഖ്യദിശയിലൂടെത്തന്നെയാണ് മഹത്തായ തൊഴിലാളി വർഗ സാംസ്കാരിക വിപ്ലവം മുന്നേറിക്കൊണ്ടിരിക്കുന്നത്.

സാംസ്കാരിക വിപ്ലവം ഒരു വിപ്ലവമാകയാൽ, അതിനെതിരെ പ്രതിരോധമുണ്ടാവുക അനിവാര്യമാണ്. പാർടിയിലേക്ക് നുഴഞ്ഞു കയറി അധികാരത്തിലെത്തുകയും മുതലാളിത്ത പാത സ്വീകരിക്കുകയും ചെയ്യുന്നവരിൽ നിന്നാണ് മുഖ്യമായും ഈ പ്രതിരോധമുണ്ടാവുക. സമൂഹത്തിൽ ശ്രദ്ധമൂലമായ പഴയ പെരുമാറ്റ രീതികളിൽ നിന്നും പ്രതിരോധമുണ്ടാവാം. ഇപ്പോഴും ഈ പ്രതിരോധം എറെക്കുറെ ശക്തവും ദൃഢവുമാണ്. പക്ഷെ മഹത്തായ സാംസ്കാരികവിപ്ലവം അപ്രതിരോധ്യമായ ഒരു പൊതുപ്രവണതയണ്. തന്മൂലം മുഴുവൻ ജനങ്ങളും ഉയർത്തെഴുനേൽക്കുമ്പോൾ പ്രതിരോധങ്ങൾ തകർന്നുവീഴുമെന്നതിനു ധാരാളം തെളിവുണ്ട്.

പ്രതിരോധം ഏറെക്കുറെ ശക്തമായാൽ, ഈ സമരത്തിൽ തിരിച്ചടികളുണ്ടാവും. തുടരെത്തുടരെയുള്ള തിരിച്ചടികളും പോലും പ്രതീക്ഷിക്കാവുന്നതാണ്. അതിൽ തെറ്റൊന്നുമില്ല. തിരിച്ചടികൾ, തൊഴിലാളി വർഗത്തെയും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും പ്രത്യേകിച്ച് യുവതലമുറയേയും പതപ്പെടുത്തുകയും അവരെ പുതിയ പാഠങ്ങൾ പഠിപ്പിക്കുകയും അവർക്ക് അനുഭവങ്ങൾ നേടിക്കൊടുക്കുകയും അങ്ങനെ വിപ്ലവത്തിന്റെ പാത വളഞ്ഞതാണെന്നും അത് നേരെ തുഴഞ്ഞുകയറാവുന്ന ഒന്നല്ലെന്നും മനസ്സിലാക്കാൻ അവരെ സഹായിക്കുകയും ചെയ്യും.

3. ഈ മഹത്തായ സാംസ്കാരിക വിപ്ലവത്തിന്റെ വിജയം, പാർടി നേതൃത്വം ജനങ്ങളെ ധീരതയോടെ ഉണർത്താൻ തയ്യാറാവുമോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കും.

(a) ഇപ്പോഴത്തെ പരിതസ്ഥിതിയിൽ, വിവിധ തലങ്ങളിലുള്ള പാർടി സംഘടനകൾ, സാംസ്കാരിക വിപ്ലവ പ്രസ്ഥാനത്തിനു നേതൃത്വം നൽകിവരുന്നത് നാല് വ്യത്യസ്ത സാഹചര്യങ്ങളിലാണ്. പാർടി സംഘടനകളുടെ നേതൃത്വം വഹിക്കുന്നവർ, ഈ പ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിലകൊള്ളാനും ജനങ്ങളെ ധൈര്യപൂർവം ഉണർത്താനും ഒരുങ്ങുന്ന ഒരു

സാഹചര്യം അവർ, ധീരതയെ മറെറല്ലാ ഗുണങ്ങൾക്കും മീതെ പ്രതിഷ്ഠിക്കുന്ന വിട്ടുവീഴ്ചയില്ലാത്ത കമ്യൂണിസ്റ്റ് പോരാളികളും ചെയർമാൻ മാവോയുടെ നല്ല വിദ്യാർഥികളുമാണ്. അവർ ക്ലറൻ പോസ്റ്ററുകളും മഹത്തായ ചർച്ചകളും വഴിവാദിക്കുന്നു. അവർ എല്ലാതരത്തിലുമുള്ള ഭൂതങ്ങളെയും ഭീകരന്മാരേയും തുറന്നു കാണിക്കാനും, ചുമതലകൾ വഹിക്കുന്നവരുടെ പോരായ്മകളും തെറ്റുകളും വിമർശന വിധേയമാക്കാനും ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇത് ശരിയായ രീതിയിലുള്ള നേതൃത്വമാണ്. തൊഴിലാളി വർഗത്തെ മുന്നിൽ നിറുത്തിയതിന്റെയും മാവോ സെ തുങ്ങ് ചിന്തയെ അമരത്തിരുത്തിയതിന്റെയും ഫലമാണിത്.

(b) പല യൂണിറ്റുകളുടേയും ചുമതല വഹിക്കുന്നവർക്ക് ഈ മഹത്തായ സമരത്തിൽ നേതൃത്വത്തിന്റെ പങ്കെന്താണെന്നതിനെക്കുറിച്ച് വളരെ പരിമിതമായ അറിവേ ഉള്ളൂ. അവരുടെ നേതൃത്വം ബോധപൂർവമോ ഫലപ്രദമോ അല്ല തന്നുലം അവർ അപ്രഗൽഭന്മാരായും അവരുടെ സ്ഥാനം തികച്ചും ദുർബലവുമായിത്തീരുന്നു. ഇപ്പോട്ടർക്ക് എല്ലാത്തിലും വലുത് ഭയമാണ്. അവർ കാലപ്പഴക്കം വന്ന രീതികളിലും നിബന്ധനകളിലും കടിച്ചുതൂങ്ങുന്നവരും പാരമ്പര്യാധിഷ്ഠിത രീതികളിൽ നിന്നും മാറി മുന്നോട്ടു തുറാത്തവരുമാണ്. പുതിയ സംഭവവികാസങ്ങളും, ബഹുജനങ്ങളുടെ പുതുതായ വിപ്ലവമാർഗം, അവരെ സംബന്ധിച്ചടത്തോളം അപ്രതീക്ഷിതമായിരുന്നു. തന്മൂലം അവരുടെ നേതൃത്വം, നിലവിലുള്ള സാഹചര്യത്തിനൊപ്പമെത്തുന്നില്ല, അവർ ജനങ്ങൾക്കു പുറകിലായിപ്പോവുന്നു.

(c) മറുചില ഘടകങ്ങളിൽ, നേതൃത്വം വഹിക്കുന്നത്, മുൻകാലങ്ങളിൽ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിലുള്ള തെറ്റുകൾ ചെയ്തിട്ടുള്ളവരാണ്. അവർ കൂടുതൽ ഭയചകിതരാണ്. ജനങ്ങൾ തങ്ങളെപിടിച്ചേക്കുമെന്ന് അവർ ഭയപ്പെടുന്നു. യഥാർഥത്തിൽ അവർഗൗരവപൂർവം സ്വയം വിമർശനം നടത്തുകയും ജനങ്ങളുടെ വിമർശനം അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ പാർടിയും ബഹുജനങ്ങളും അവരുടെ തെറ്റുകൾ പൊറുക്കുമെന്ന് തന്നുറപ്പാണ്.

പക്ഷെ ഉത്തരവാദപ്പെട്ടവർ അതിനു തയ്യാറാവുന്നില്ലെങ്കിൽ, അവർ തുടർന്നു തെറ്റുകൾ ചെയ്യുകയും ബഹുജനപ്രസ്ഥാനത്തിനു തടസ്സമായിത്തീരുകയും ചെയ്യും.

(d) ചിലഘടകങ്ങൾ പാർട്ടിയിലേക്കു നുഴഞ്ഞു കയറുകയും മുതലാളിത്ത പാത സ്വീകരിക്കുകയും ചെയ്തിട്ടുള്ളവരുടെ നിയന്ത്രണത്തിലാണു്. അത്തരത്തിലുള്ളവർ ജനങ്ങൾക്കു മുന്നിൽ തുറന്നു കാണിക്കപ്പെടുന്നതിനെ വളരെയേറെ ഭയപ്പെടുന്നു. തന്മൂലം അവർ, എല്ലാവിധത്തിലും ബഹുജന പ്രസ്ഥാനത്തെ എതിർക്കുന്നു. അവർ എതിർപ്പിന്റെ കുന്തമുനകൾ തിരിച്ചു വിടുകയും എല്ലാറ്റിനേയും തെറ്റായി ചിത്രീകരിക്കുകയും ബഹുജന പ്രസ്ഥാനത്തെ ശിഥിലീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. തങ്ങൾ ഒറ്റപ്പെട്ടിരിക്കുകയാണെന്നും പഴയപോലെ മുന്നോട്ടു നീങ്ങാൻ സാധ്യമല്ലെന്നും മനസ്സിലാവുമ്പോൾ അവർ കൂടുതൽ സങ്കീർണമായ നയങ്ങൾ സ്വീകരിക്കുന്നു. അവർ ജനങ്ങളെ പിന്നിൽ നിന്നു കുത്തുകയും ഊഹാപോഹങ്ങൾ പരത്തുകയും വിപ്ലവവും പ്രതിവിപ്ലവവും തമ്മിലുള്ള വ്യത്യാസം കഴിയാവുന്നത്ര അവ്യക്തമാക്കാൻ ശ്രമിക്കുകയും— എല്ലാം വിപ്ലവകാരികളെ എതിർക്കുന്നതിനു വേണ്ടി—ചെയ്യുന്നു.

ശരിയായ നേതൃത്വം നൽകുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും, ധീരതയെ മറ്റെല്ലാ ഗുണങ്ങൾക്കും മീതെ സ്ഥാപിക്കണമെന്നും തന്റേടത്തോടെ ജനങ്ങളെ പ്രബുദ്ധരാക്കണമെന്നും എവിടെയെല്ലാം ദൗർബല്യവും കഴിവുകേടും നിലനിൽക്കുന്നുണ്ടോ അവിടെയെല്ലാം ആ സ്ഥിതി മാറണമെന്നും തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിലും അവ തിരുത്താൻ സന്നദ്ധരായ സഖാക്കളെ തങ്ങളുടെ മാനസിക പ്രയാസങ്ങളെ മറി കടന്നു് സമരത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കണമെന്നും മുതലാളിത്ത പാത സ്വീകരിച്ചിട്ടുള്ളവരെ അധികാരസ്ഥാനങ്ങളിൽ നിന്നു് നിഷ്കാസനം ചെയ്യണമെന്നും അങ്ങനെ അധികാരം തിരിച്ചു പിടിക്കാൻ തൊഴിലാളിവർഗ വിപ്ലവകാരികളെ സഹായിക്കണമെന്നുമാണു്, എല്ലാതലങ്ങളിലുമുള്ള പാർടി കമ്മറ്റികളോടു്, പാർടി കേന്ദ്രകമ്മറ്റി ആവശ്യപ്പെടുന്നതു്.

4. മഹത്തായ സാംസ്കാരിക വിപ്ലവത്തിൽ, ജനങ്ങൾസ്വയം

വിമോചിപ്പിക്കുന്ന രീതിമാത്രമാണു് സ്വീകരിക്കേണ്ടതു് അവർക്കു വേണ്ടി മറ്റുള്ളവർ കാര്യങ്ങളം ചെയ്യുന്ന രീതി സ്വീകരിച്ചു കൂടാ.

ജനങ്ങളെ വിശ്വസിക്കുക, അവരുടെ മുൻ കയ്യെടുപ്പിനെ ബഹുമാനിക്കുക. ഭയം കൈവെടിയുക. ക്രമരാഹിത്യത്തെ ഭയപ്പെടാതിരിക്കുക. വിപ്ലവം വളരെ പരിഷ്കൃതവും മൃദുലവും പതം വന്നതും, ദയാവായ്പുള്ളതും, നിയന്ത്രിതവും, മഹാമനസ്കതയോടുകൂടിയതും ആയിരിക്കുക സാധ്യമല്ല എന്നു് ചെയർമാൻ മാവോ നമ്മോടു് പലപ്പോഴും പറഞ്ഞിട്ടുള്ളതാണു്. ബഹുജനങ്ങളം ഈ മഹത്തായ വിപ്ലവ പ്രസ്ഥാനത്തിലൂടെ സ്വയം പഠിപ്പിക്കുകയും ശരിയും തെറ്റും തമ്മിലും ശരിയായ മാർഗവും തെറ്റായ മാർഗവും തമ്മിലും തിരിച്ചറിയാനും പഠിക്കുകയും ചെയ്യട്ടെ.

ശരിയായ വീക്ഷണങ്ങളെക്കുറിച്ചു് വ്യക്തമായി മനസ്സിലാക്കാനും തെറ്റായ വീക്ഷണങ്ങളെ വിമർശിക്കാനും ഭ്രമങ്ങളെയും ഭീകരന്മാരെയും തുറന്നു കാണിക്കാനും ബഹുജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ക്ലറൽ ക്യുരകറർ പോസ്റ്ററുകളും മഹത്തായ വാദപ്രതിവാദങ്ങളും പൂർണമായി ഉപയോഗപ്പെടുത്തേണ്ടതാണു്. ഈ വിധത്തിൽ, സമരത്തിനിടയിൽ ജനങ്ങൾക്കു് തങ്ങളുടെ രാഷ്ട്രീയബോധം ഉയർത്താനും സ്വന്തം കഴിവുകളും താത്പര്യങ്ങളും വികസിപ്പിച്ചെടുക്കാനും തെറ്റും ശരിയും തമ്മിൽ തിരിച്ചറിയാനും നമ്മെയും നമ്മുടെ ശത്രുക്കളെയും വ്യക്തമായി തിരിച്ചറിയാനും കഴിയും.

5. ആരാണു് നമ്മുടെ ശത്രുക്കൾ? ആരാണു് നമ്മുടെ മിത്രങ്ങൾ വിപ്ലവത്തെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം പരമ പ്രധാനമാണു്. അതുപോലെത്തന്നെ സാംസ്കാരിക വിപ്ലവത്തിന്റെ കാര്യത്തിലും ഇതേറ്റവും പ്രധാനമാണു്.

ഇടതുപക്ഷത്തെ കണ്ടെത്താനും ഇടതുപക്ഷ അണികളെ വികസിപ്പിക്കാനും ശക്തിപ്പെടുത്താനും പാർടി നേതൃത്വത്തിനു് കഴിവുണ്ടായിരിക്കണം. പാർടി നേതൃത്വം വിപ്ലവ ഇടതുപക്ഷത്തെ ശാതിയായി ആശ്രയിക്കേണ്ടതാണു്, അങ്ങനെ മാത്രമേ ഈ പ്രസ്ഥാനത്തിലൂടെ അങ്ങേയറ്റം പിന്തിരിപ്പന്മാരായ വലതുപക്ഷക്കാരെ ഒറ്റപ്പെടുത്താനും, മധ്യവർത്തികളെ സ്വാധീനിച്ചു് ബഹുഭൂരിപക്ഷവുമായി കൂട്ടിയിണക്കാനും

അങ്ങനെ, പ്രസ്ഥാനം പൂർത്തിയാവുന്നതോടെ 95 ശതമാനം കാഡർമാരെയും 95 ശതമാനം ബഹുജനങ്ങളെയും ഒന്നിച്ചു നിർത്താനും നമുക്കു കഴിയും.

സർവശക്തിയും സമാഹരിച്ച്, റിവിഷനിസ്റ്റ് ബൂർഷ്വാ വലതു പക്ഷക്കാരെയും പ്രതിവിപ്ലവകാരികളായ റിവിഷനിസ്റ്റുകളെയും ആഞ്ഞടിക്കുകയും പാർടിക്കും സോഷ്യലിസത്തിനും മാവോ സെ തുങ്ങ് ചിന്തയ്ക്കും എതിരായുള്ള അവരുടെ പ്രവർത്തനങ്ങൾ മുഴുക്കെ തുറന്നു കാണിക്കുകയും അങ്ങനെ അവരെ കഴിയാവുന്നത്ര ഒറ്റപ്പെടുത്തുകയും ചെയ്യുക.

അധികാരസ്ഥാനങ്ങളിലിരുന്നുകൊണ്ട് മുതലാളിത്തപാത സ്വീകരിച്ചുകൊണ്ടിരിക്കുന്ന പാർടിക്കുള്ളിലുള്ളവരാണ് ഈ പ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യം.

പാർടി വിരുദ്ധരും സോഷ്യലിസ്റ്റ് വിരുദ്ധരുമായ വലതുപക്ഷക്കാരെയും യഥാർഥത്തിൽ പാർടിയെയും സോഷ്യലിസത്തെയും പിൻതാങ്ങുകയും എന്നാൽ തെറ്റായ ചില കാര്യങ്ങൾ പറയുകയോ എഴുതുകയോ മോശമായ ചില ലേഖനങ്ങളും മറ്റും എഴുതുകയോ ചെയ്തുപോയിട്ടുള്ളവരെയും വേർതിരിച്ചറിയാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒരു വശത്ത് പിന്തിരിപ്പൻ ബൂർഷ്വാ വൈജ്ഞാനികരെയും 'അധികാരസ്ഥ'രെയും മറുവശത്ത് സാധാരണ ബൂർഷ്വാ അക്കാദമിക ആശയങ്ങൾ വച്ചുപുലർത്തുന്നവരെയും തമ്മിൽ വേർതിരിച്ചറിയാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. രണ്ട് വ്യത്യസ്തതരം വൈരുധ്യങ്ങൾ പരസ്പരം വ്യക്തമായി വേർതിരിച്ചു കാണേണ്ടതുണ്ട്. ജനങ്ങൾക്കിടയിലുള്ള വൈരുധ്യവും നമ്മളും ശത്രുവും തമ്മിലുള്ള വൈരുധ്യം. ജനങ്ങൾക്കിടയിലുള്ള വൈരുധ്യവും നമ്മളും ശത്രുവും തമ്മിലുള്ള വൈരുധ്യമാക്കി മാറരുത്. അതുപോലെ നമ്മളും ശത്രുവും തമ്മിലുള്ള വൈരുധ്യത്തെ ജനങ്ങൾക്കിടയിലുള്ള വൈരുധ്യമായി കണക്കാക്കാനും പാടില്ല.

ജനങ്ങൾക്കിടയിൽ വ്യത്യസ്ത വീക്ഷണങ്ങളുണ്ടാവുക സാധാരണമാണ്. വ്യത്യസ്ത വീക്ഷണങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടൽ അനിവാര്യമാണ്, അവശ്യവും ഉപയോഗപ്രദവുമാണ്. സാധാരണ ഗതിയിലുള്ള, പൂർണമായ, വാദപ്രതിവാദങ്ങളിലൂടെ ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് ജനങ്ങൾ മനസ്സി

ലാക്കിക്കൊള്ളും. ക്രമേണ അവർ ഏകകണ്ഠമായ ഒരു അഭി പ്രായത്തിലെത്തിച്ചേർന്നു കൊള്ളും.

വാദപ്രതിവാദങ്ങളിൽ വസ്തുതകളും അവതരിപ്പിക്കുകയും ഔദ്യങ്ങളും യുക്തിപൂർവം വിശദീകരിക്കുകയും അതുവഴി പ്രേരിപ്പിക്കുകയും ചെയ്യുന്ന രീതിയാണു് സ്വീകരിക്കേണ്ടതു്. വ്യത്യസ്തമായ വീക്ഷണങ്ങളും വച്ചുപുലർത്തുന്ന ന്യൂനപക്ഷങ്ങളെ കീഴടങ്ങാൻ നിർബന്ധിക്കുന്നതു് അനുവദനീയമല്ല. ന്യൂനപക്ഷത്തെ സംരക്ഷിക്കേണ്ടതാണു്. കാരണം, ചിലപ്പോൾ സത്യം ന്യൂനപക്ഷത്തിന്റെ ഭാഗത്തായിരിക്കും. ന്യൂനപക്ഷത്തിനു് തെറ്റുപറ്റിയിരിക്കുകയാണു് എങ്കിൽ പോലും സ്വന്തം നിലപാടു് വിശദീകരിക്കാനും വീക്ഷണങ്ങളും വച്ചുപുലർത്താനും അവരെ അനുവദിക്കേണ്ടതാണു്.

ബലപ്രയോഗമോ ശക്തിപ്രയോഗമോ വഴിയല്ല, മറിച്ചു് യുക്ത്യധിഷ്ഠിതമായാണു് വാദപ്രതിവാദങ്ങളും നടത്തേണ്ടതു്.

വാദപ്രതിവാദങ്ങളും നടക്കുമ്പോഴും, ഓരോ വിപ്ലവകാരിക്കും കാര്യങ്ങളും സ്വന്തമായി ചിന്തിക്കാൻ കഴിയണം. ഓരോ വിപ്ലവകാരിയും ധീരനായി ചിന്തിക്കാനും ധീരമായി സംസാരിക്കാനും ധീരമായി പ്രവർത്തിക്കാനുമുള്ള കഴിവു് വികസിപ്പിച്ചെടുക്കേണ്ടതാണു്. പൊതുവായ ലക്ഷ്യത്തെക്കുറിച്ചു് ധാരണയുണ്ടായിരിക്കെ വിപ്ലവകാരികളായ സഖാക്കളും, ഐക്യം ശക്തിപ്പെടുത്തുന്നതിനു് പ്രതിബന്ധമാകുംവിധം, പാർശ്വപ്രശ്നങ്ങളെക്കുറിച്ചുള്ള അവസാനമില്ലാത്ത വാദപ്രതിവാദങ്ങളിൽ മുഴുകരുതു്.

7. ചില സ്കൂളുകളിലും യൂണിറ്റുകളിലും ഉത്പാദന സംഘങ്ങളിലും, സാംസ്കാരിക വിപ്ലവത്തിന്റെ ചുമതല വഹിക്കുന്നവരിൽ ചിലർ തങ്ങൾക്കെതിരെ ജനങ്ങളും കുറ്റൻ പോസ്റ്ററുകളും സ്ഥാപിക്കാൻ തുടങ്ങിയപ്പോഴും അവർക്കു നേരെ പ്രത്യാക്രമണം തുടങ്ങിയിരിക്കുന്നു. ഇപ്പോൾ താഴെ പറയുന്ന വിധത്തിലുള്ള ചില മുദ്രാവാക്യങ്ങളും പോലും മുന്നോട്ടു വച്ചിട്ടുണ്ടു്: ഒരു യൂണിറ്റിലെയോ ഉത്പാദന ടീമിലെയോ നേതാക്കളുടെ നേരെയുള്ള എതിർപ്പു് പാർടിയുടെ കേന്ദ്രക്കമ്മിറ്റിക്കു നേരെയുള്ള എതിർപ്പാണു്, അതായതു് പാർടിയോടും സോഷ്യലിസത്തോടുമുള്ള എതിർപ്പാണു്. പ്രതിവിപ്ലവമാണു്.

ഇതാണവരുടെ വാദം. ഇങ്ങനെയാവുമ്പോൾ, അവരുടെ അടികളിൽ ചിലത് തികച്ചും വിപ്ലവകാരികളായ ചിലരുടെ പുറത്തു വീഴുമെന്നു് തീർച്ചയാണു്. ഇതു് ലക്ഷ്യത്തെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ, ലൈനിൽ വരുന്ന പിശകാണു്. ഇതു് ഒരിക്കലും അവഗണനീയമല്ല.

ഗൗരവതരമായ ആശയപ്പിശകുകൾ സംഭവിച്ചിട്ടുള്ള ചിലർ, പ്രത്യേകിച്ചും ചില പാർടി വിരുദ്ധ, സോഷ്യലിസ്റ്റ് വിരുദ്ധ വലതുപക്ഷക്കാർ, ബഹുജന പ്രസ്ഥാനത്തിൽ വന്നുപോയിട്ടുള്ള ചില പോരായ്മകളും തെറ്റുകളും മുതലെടുത്തു്, ഊഹാപോഹങ്ങളും, മുറുമുറുപ്പുകളും പരത്താനും ബഹുജനങ്ങളിൽ ചില വിഭാഗങ്ങളെ പ്രതിവിപ്ലവകാരികളായി മുദ്രകുത്തികൊണ്ടുള്ള ചില പ്രക്ഷോഭങ്ങളിലേർപ്പെടാനും മതിയാവുന്നുണ്ടു്. ഇത്തരം പോക്കറടിക്കാരെ ശ്രദ്ധിക്കുകയും അവരുടെ തന്ത്രങ്ങളും യഥാസമയം തുറന്നു കാണിക്കുകയും ചെയ്യേണ്ടതാണു്.

ഈ പ്രസ്ഥാനത്തിനിടയിൽ, പ്രതിവിപ്ലവകാരികളാണു് എന്നു് വ്യക്തമായി അറിയുന്നവരുടെ കാര്യത്തിലൊഴികെ, കൊലപാതകം, തീവെപ്പു്, വിഷം കൊടുക്കൽ, അട്ടിമറി, ദേശീയരഹസ്യചോരണം എന്നിങ്ങനെ നിയമപ്രകാരം കൈകാര്യം ചെയ്യാവുന്ന കുറ്റങ്ങൾക്കുള്ള വ്യക്തമായ തെളിവുകളുള്ളപ്പോഴല്ലാതെ, മറ്റൊരു സാഹചര്യത്തിലും, യൂണിവേഴ്സിറ്റിയിലും മിഡിൽ പ്രൈമറി സ്കൂളുകളിലേയും വിദ്യാർഥികൾക്കെതിരെ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു് ഉളവാകുന്ന യാതൊരു പ്രശ്നങ്ങളിലും നടപടികളും എടുക്കാൻ പാടുള്ളതല്ല. അതുപോലെ, പ്രക്ഷോഭത്തെ അതിന്റെ മുഖ്യലക്ഷ്യങ്ങളിൽ നിന്നു് വ്യതിചലിപ്പിക്കുംവിധം, തമ്മിൽത്തമ്മിൽ കലഹിക്കാൻ ജനങ്ങളെയോ വിദ്യാർഥികളേയോ ഒരു വിധത്തിലും പ്രേരിപ്പിക്കരുതു്. വലതുപക്ഷക്കാരാണെന്നു് വ്യക്തമായി തെളിഞ്ഞിട്ടുള്ളവരുടെ കാര്യത്തിൽ പോലും, പ്രസ്ഥാനത്തിന്റെ അവസാനത്തിൽ, ഓരോ കേസും പ്രത്യേകം പ്രത്യേകമായെടുത്തു് ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ അതാതിന്റെ തീർപ്പു കൽപ്പിക്കേണ്ടതാണു്.

8. കാഡറുകളും പൊതുവെ താഴെ പറയുന്ന നാലു വിഭാഗങ്ങളിൽപെടുന്നവരാണു്.

1. നല്ലവർ
2. കൊള്ളാവുന്നവർ
3. ഗുരുതരമായ തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിലും, പാർടി വിരുദ്ധ, സോഷ്യലിസ്റ്റ് വിരുദ്ധ വലതു പക്ഷക്കാരായിത്തീർന്നിട്ടില്ലാത്തവർ
4. ചുരുക്കം ചില പാർടി വിരുദ്ധ, സോഷ്യലിസ്റ്റ് വിരുദ്ധ വലതു പക്ഷക്കാർ.

സാധാരണ സാഹചര്യങ്ങളിൽ ഭൂരിപക്ഷം പേരും ആദ്യത്തെ രണ്ടു വിഭാഗങ്ങളിൽ (നല്ലവരും കൊള്ളാവുന്നവരും) പെടുന്നവരാണ്.

പാർടിവിരുദ്ധ, സോഷ്യലിസ്റ്റ് വിരുദ്ധ വലതുപക്ഷക്കാരെ പൂർണമായും തുറന്നുകാണിക്കുകയും കനത്ത പ്രഹരമേൽപ്പിക്കുകയും പൂർണമായി അവഹേളിക്കുകയും അവരുടെ സ്വാധീനം തീർത്തും ഇല്ലാതാക്കുകയും ചെയ്യേണ്ടതാണ്. അതേസമയം, അവർക്ക് പുതിയൊരു ജീവിതത്തിനു തുടക്കം കുറിക്കാനുള്ള പോംവഴി തുറന്നിടേണ്ടതുമാണ്.

9) മഹത്തായ തൊഴിലാളിവർഗ സാംസ്കാരിക വിപ്ലവത്തിനിടയിൽ പല പുതിയ കാര്യങ്ങളും ആവിർഭവിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിലും യൂണിറ്റുകളിലും ബഹുജനങ്ങളും സൃഷ്ടിച്ചിട്ടുള്ള സാംസ്കാരിക വിപ്ലവ ഗ്രൂപ്പുകളും, 'കമ്മിറ്റികളും, മറ്റു പുതിയ സംഘടനാരൂപങ്ങളും എന്നിവയെല്ലാം തികച്ചും പുതിയതും, ചരിത്രപരമായ പ്രാധാന്യമുള്ളതുമാണ്.

ഈ സാംസ്കാരികവിപ്ലവഗ്രൂപ്പുകളും കമ്മറ്റികളും കോൺഗ്രസ്സുകളുമെല്ലാം പുതിയതും, മികച്ചതുമായ സംഘടനാരൂപങ്ങളാണ്. ഇവയിലൂടെ കമ്യൂണിസ്റ്റുപാർടിയുടെ നേതൃത്വത്തിൽ ജനങ്ങളും സ്വയം പഠിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ പാർടിയും ബഹുജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്ന മികച്ച പാലങ്ങളാണ് അവ. തൊഴിലാളിവർഗ സാംസ്കാരിക വിപ്ലവത്തിന്റെ ശക്തികേന്ദ്രങ്ങളാണ്.

ആയിരക്കണക്കിനു വർഷങ്ങളായി, നിരവധി ചൂഷകവിഭാഗങ്ങൾ ഇട്ടേച്ചുപോയിട്ടുള്ള പഴഞ്ചൻ ആശയങ്ങളും, സംസ്കാരങ്ങളും, ആചാരങ്ങളും, പെരുമാറ്റ രീതികളുമെതിരെ, തൊഴിലാളിവർഗം നടത്തുന്ന സമരം വളരെവളരെ കാലം

നീണ്ടുനിൽക്കും എന്നത് തീർച്ചയാണ്. തന്മൂലം, സാംസ്കാരിക വിപ്ലവഗ്രൂപ്പുകളും കമ്മറ്റികളും കോൺഗ്രസ്സുകളും താത്കാലിക സംഘടനകളായാൽപോരാ. അവ സ്ഥിരമായിനിലനിൽക്കുന്ന ബഹുജനസംഘടനകളാവണം. ഇത്തരം സംഘടനകളാ, കാളേജുകളാ, സ്കൂളുകളാ ഗവണ്മെന്റ് സംഘടനകളാ എന്നിവിടങ്ങൾക്കുമാത്രമല്ല, പൊതുവിൽ ഫാക്ടറികളാ, ഖനികളാ, മറ്റുസംരംഭങ്ങളാ, നഗരികജില്ലകളാ, ഗ്രാമങ്ങളാ എന്നിവയ്ക്കും അനുയോജ്യമായവയാണ്.

സാംസ്കാരികവിപ്ലവ ഗ്രൂപ്പുകളിലേയ്ക്കും കമ്മറ്റികളിലേക്കുമുള്ള അംഗങ്ങളെയും സാംസ്കാരികവിപ്ലവ കോൺഗ്രസ്സിലേക്കുള്ള പ്രതിനിധികളെയും തെരഞ്ഞെടുക്കുന്നതിനു പാരീസ് കമ്യൺ മാതൃകയിലുള്ള ഒരു പൊതുതെരഞ്ഞെടുപ്പുസമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. ജനങ്ങളാ, വിശദമായ ചർച്ചക്കു ശേഷം സ്ഥാനാർഥികളെ നിർദേശിക്കണം, ഈ സ്ഥാനാർഥിലിസ്റ്റുകളാ ജനങ്ങളാ പലവട്ടം ചർച്ചചെയ്തതിനു ശേഷമാണ് തെരഞ്ഞെടുപ്പുകളാ നടത്തേണ്ടത്.

സാംസ്കാരികവിപ്ലവ ഗ്രൂപ്പുകളിലെയും കമ്മറ്റികളിലെയും മെംബർമാരെയും സാംസ്കാരിക വിപ്ലവകോൺഗ്രസ്സിലേയ്ക്കുള്ള പ്രതിനിധികളെയും ഏതുസമയത്തും വിമർശിക്കാൻ ജനങ്ങൾക്കവകാശമുണ്ട്. ഈ മെംബർമാരോ പ്രതിനിധികളോ അതത് സ്ഥാനങ്ങൾക്ക് അനുയോജ്യരല്ലെന്നു തെളിയിക്കപ്പെടുകയാണെങ്കിൽ ജനങ്ങൾക്ക് വിശദമായ ചർച്ച നടത്തി അവരെ തിരിച്ചുവിളിക്കാനും പകരം ആളുകളെ തെരഞ്ഞെടുത്തയക്കാനും അവകാശമുണ്ട്.

കോളേജുകളിലെയും സ്കൂളുകളിലെയും സാംസ്കാരികവിപ്ലവഗ്രൂപ്പുകളാ, കമ്മറ്റികളാ എന്നിവയിൽ, വിപ്ലവകാരികളായ വിദ്യാർഥികളുടെ പ്രതിനിധികളാണ് മുഖ്യമായും ഉണ്ടായിരിക്കുക. എന്നാൽ അവയിൽ വിപ്ലവകാരികളായ അധ്യാപകരുടെയും തൊഴിലാളികളുടെയും ചില പ്രതിനിധികളും ഉണ്ടായിരിക്കണം.

10.) മഹത്തായ തൊഴിലാളിവർഗസാംസ്കാരിക വിപ്ലവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിലൊന്നാണ്

പഴഞ്ചൻ വിദ്യാഭ്യാസ സമ്പ്രദായത്തെയും പഴകിയ അധ്യാപന സമ്പ്രദായങ്ങളെയും മാറിമറിക്കുക എന്നത്.

നമ്മുടെ വിദ്യാലയങ്ങളിൽ ബൂർഷ്വാ ബുദ്ധിജീവികരം പുലർത്തുന്ന അധീശത്വം ഈ മഹത്തായ സാംസ്കാരിക വിപ്ലവത്തോടെ പൂർണമായും മാറണം.

എല്ലാത്തരം വിദ്യാലയങ്ങളിലും സ്വഭാവം മാവോ സെ തുങ് മുന്നോട്ടവച്ചിട്ടുള്ള നയങ്ങരം പൂർണമായും നടപ്പാക്കേണ്ടതാണ്. വിദ്യാഭ്യാസം തൊഴിലാളിവർഗരാഷ്ട്രീയത്തെ സേവിക്കുകയും ഉത്പാദന പ്രവർത്തനവുമായി യോജിച്ചുനിൽക്കുകയും ചെയ്തുകൊണ്ട് വിദ്യാഭ്യാസം നേടുന്ന ആളുകളെ ആദർശപരമായും ബുദ്ധിപരമായും ശാരീരികമായും വളരാനും സോഷ്യലിസ്റ്റ് ബോധവും സംസ്കാരവും വച്ചുപുലർത്തുന്ന തൊഴിലാളികളായി മാറാനും സഹായിക്കേണ്ടതാണ്.

വിദ്യാഭ്യാസകാലം ചുരുക്കേണ്ടതാണ്. കോഴ്സുകളുടെ എണ്ണം ചുരുക്കുകയും ഗ്രണം മെച്ചപ്പെടുത്തുകയും ചെയ്യണം. പഠിപ്പിക്കേണ്ട പാഠങ്ങളിൽ പൂർണമായും മാറ്റംവരുത്തണം. ചില സന്ദർഭങ്ങളിൽ സങ്കീർണമായ കാര്യങ്ങരം ലളിതമാക്കുന്നതിൽ നിന്നാണ് ആരംഭിക്കേണ്ടിവരിക. പഠിക്കുക എന്നതാണ് വിദ്യാർഥികളുടെ മുഖ്യചുമതല എങ്കിലും അവർ മറ്റു കാര്യങ്ങളും ഗ്രഹിക്കണം. അതായത്, സ്കൂളിലെ പാഠങ്ങരംക്കുപുറമെ അവർ വ്യാവസായിക ജോലികരം, കൃഷിപ്പണി, സൈനികകാര്യങ്ങരം എന്നിവ പഠിക്കുകയും സാംസ്കാരിക വിപ്ലവസമരങ്ങളിൽ പങ്കെടുക്കുകയും ബൂർഷ്വാസിയെ വിമർശിക്കുകയും ചെയ്യേണ്ടതാണ്.

11.)സാംസ്കാരിക വിപ്ലവത്തിന്റെ ബഹുജന പ്രസ്ഥാനത്തിൽ, ബൂർഷ്വാ–ഫ്യൂഡൽ ആശയങ്ങരംക്കെതിരായുള്ള വിമർശനത്തോടൊപ്പം തൊഴിലാളിവർഗവീക്ഷണം, മാർക്സിസം–ലെനിനിസം, മാവോ സെ തുങ് ചിന്ത എന്നിവ വേണ്ടവിധം സമന്വയിപ്പിച്ച് പ്രചരിപ്പിക്കേണ്ടതാണ്.

പാർടിയിലേക്ക് നുഴഞ്ഞുകയറിയിട്ടുള്ള ബൂർഷ്വാവർഗ പ്രതിനിധികളെയും ബൂർഷ്വാ പിന്തിരിപ്പൻ വൈജ്ഞാനികന്മാരെയുംകുറിച്ചുള്ള വിമർശനങ്ങരം സംഘടിപ്പിക്കേണ്ടതാണ് ഇതോടൊപ്പം തന്നെ തത്വശാസ്ത്രം, ചരിത്രം, അർഥശാസ്ത്രം വി

ദ്യോഗസം എന്നീ മണ്ഡലങ്ങളിലും കലാ–സാഹിത്യ സിദ്ധാന്തങ്ങളിലും പ്രകൃതിശാസ്ത്രസംബന്ധമായ സിദ്ധാന്തങ്ങളിലും മറ്റു മേഖലകളിലും നിലനിൽക്കുന്ന പിന്തിരിപ്പൻ വീക്ഷണങ്ങളും വിമർശനവിധേയമാക്കേണ്ടതാണു്.

ഏതെങ്കിലുമൊരു വ്യക്തിയെ പേരെടുത്തുപറഞ്ഞു് പത്രത്തിൽ വിമർശിക്കണമോ എന്നു് അതേതലത്തിലുള്ള പാർടിക്കമ്മറ്റി, ചർച്ചചെയ്തു് തീരുമാനിക്കേണ്ടതാണു്, ചില സന്ദർഭങ്ങളിൽ ഇക്കാര്യത്തിൽ അൽപ്പം കൂടി ഉയർന്ന പാർടിക്കമ്മറ്റിയുടെ അനുവാദവും വാങ്ങേണ്ടതാണു്.

12. ശാസ്ത്രജ്ഞന്മാർ, സാങ്കേതികവിദഗ്ധന്മാർ മറ്റു മേഖലകളിലെ സാധാരണ പ്രവർത്തകർ എന്നിവരുടെ കാര്യത്തിൽ അവർ രാജ്യസ്നേഹികളും, ഊർജസ്വലമായി ജോലി ചെയ്യുന്നവരും പാർടിക്കും സോഷ്യലിസത്തിനു എതിരായനിലപാടുകൾ വച്ചുപുലർത്തുകയോ ഏതെങ്കിലും, വിദേശരാഷ്ട്രവുമായി നിയമവിരുദ്ധമായ ബന്ധങ്ങൾ പുലർത്തുകയൊ ചെയ്യാത്തവരും ആണെങ്കിൽ, ഇന്നത്തെ പ്രസ്ഥാനത്തിൽ നാം അവരോടു് 'ഐക്യം. സമരം ഐക്യം' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെടേണ്ടതാണു്. പ്രത്യേകസംഭാവനകൾ നൽകിയിട്ടുള്ള ശാസ്ത്രജ്ഞന്മാരുടെയും ശാസ്ത്രസാങ്കേതിക പ്രവർത്തകരുടെയും കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കണം. സ്വന്തം ലോകവീക്ഷണവും, പ്രവർത്തനശൈലിയും ക്രമത്തിൽ മാറ്റിയെടുക്കുവാൻ അവരെ സഹായിക്കാൻ പരിശ്രമിക്കേണ്ടതാണു്.

13. വലുതും ഇടത്തരത്തിലുള്ളതുമായ നഗരങ്ങളിലെ സാംസ്കാരികവിദ്യാഭ്യാസ യൂണിറ്റുകളും ഗവണ്മെന്റിന്റെയും പാർടിയുടെയും മുഖ്യഘടകങ്ങളും ഈ തൊഴിലാളിവർഗ സംസ്കാരികവിപ്ലവത്തിന്റെ കേന്ദ്രബിന്ദുക്കളാണു്.

മഹത്തായ സാംസ്കാരികവിപ്ലവം ഗ്രാമപ്രദേശങ്ങളിലെയും നഗരങ്ങളിലെയും സോഷ്യലിസ്റ്റ് വിദ്യാഭ്യാസപ്രസ്ഥാനത്തെ സമ്പന്നമാക്കുകയും അതിന്റെ നിലവാരം ഉയർത്തുകയും ചെയ്തിരിക്കുന്നു. ഈ രണ്ടുപ്രസ്ഥാനങ്ങളും പരസ്പരം സമന്വയിപ്പിച്ചു് നടപ്പാക്കാൻ ശ്രമിക്കേണ്ടതാണു്. വ്യത്യസ്ത പ്രദേശ

ങ്ങളിലും വകപ്പുകളിലും അതതിന്റെ പ്രത്യേക സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഇതിനുപറ്റിയ സംവിധാനങ്ങളും സ്വീകരിക്കേണ്ടതാണു്.

ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഇപ്പോഴുള്ള സംവിധാനങ്ങളും കൊള്ളാവുന്നതാണെങ്കിൽ, പ്രസ്ഥാനം വേണ്ടവിധം മുന്നോട്ടു നീങ്ങുന്നുണ്ടെങ്കിൽ, അവയെ തകിടം മറിക്കരുതു്. പക്ഷെ, മഹത്തായ തൊഴിലാളി വർഗ സാംസ്കാരിക വിപ്ലവത്തിൽ ആവിർഭവിക്കുന്ന പ്രശ്നങ്ങളും ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചു് യഥാസമയം ചർച്ചക്കു് വിധേയമാക്കുകയും അങ്ങനെ തൊഴിലാളി വർഗ സിദ്ധാന്തങ്ങളും കൂടുതൽ ശക്തമായി പ്രചരിപ്പിക്കുകയും ബൂർഷ്വാ സിദ്ധാന്തങ്ങളെ തുരത്തുകയും ചെയ്യേണ്ടതാണു്.

ചില പ്രദേശങ്ങളിൽ സോഷ്യലിസ്റ്റു് വിദ്യാഭ്യാസ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും രാഷ്ട്രീയം, ആശയങ്ങളും, സംഘടന, സാമ്പത്തികരംഗം എന്നിവയിൽ ശുദ്ധീകരണം നടപ്പാക്കുന്നതിനും വേണ്ടി മഹത്തായ സാംസ്കാരിക വിപ്ലവത്തെ ഉപയോഗപ്പെടുത്തി വരുന്നുണ്ടു്. പ്രാദേശിക പാർടി കമ്മിറ്റികൾക്കു് അനുയോജ്യമെന്നു തോന്നുന്നുണ്ടെങ്കിൽ ഇങ്ങനെ ചെയ്യാവുന്നതാണു്.

14. ജനങ്ങളുടെ ആശയങ്ങളെ വിപ്ലവൽക്കരിക്കുകയും അങ്ങനെ എല്ലാ മേഖലകളിലും കൂടുതൽ മഹത്തായതും, വേഗത്തിലുള്ളതും മെച്ചപ്പെട്ടതും ലാഭകരവുമായ പ്രവർത്തനം സാധ്യമാക്കുകയും ചെയ്യുക എന്നതാണു് മഹത്തായ സാംസ്കാരിക വിപ്ലവത്തിന്റെ ഉദ്ദേശ്യം. ജനങ്ങളെ ശരിയാംവിധം പ്രബുദ്ധരാക്കുകയും അനുയോജ്യമായ സംവിധാനങ്ങളും ഏർപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ സാംസ്കാരിക വിപ്ലവവും ഉൽപാദന പ്രവർത്തനങ്ങളും പരസ്പരം നിഹനിക്കാതെയും നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും കൂടുതൽ മെച്ചപ്പെട്ട ഫലങ്ങളും ലഭ്യമാക്കിക്കൊണ്ടും മുന്നോട്ടു കൊണ്ടുപോകാൻ കഴിയും.

നമ്മുടെ രാജ്യത്തെ സമൂഹ്യ ഉൽപാദന ശക്തികളുടെ വികസനത്തിനുള്ള ശക്തമായ ഒരു പ്രേരകശക്തിയാണു് മഹത്തായ തൊഴിലാളിവർഗ സാംസ്കാരിക വിപ്ലവം. മഹത്തായ സാംസ്കാരിക വിപ്ലവത്തെ, ഉൽപാദനരംഗത്തെ വികാസത്തിനു് എതിരായി കാണുന്ന ആശയം തെറ്റാണു്.

15. സായുധ സേനകളിൽ, കേന്ദ്രക്കമ്മറ്റിയുടെ മിലിറ്ററി കമ്മീഷന്റെയും ജനകീയ വിമോചന സേനയുടെ പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സാംസ്കാരിക വിപ്ലവവും സോഷ്യലിസ്റ്റ് വിദ്യാഭ്യാസ പ്രസ്ഥാനവും നടപ്പാക്കേണ്ടത്.

16. മഹത്തായ തൊഴിലാളി വർഗ സാംസ്കാരിക വിപ്ലവത്തിലൂടനീളം, മാവോ സെ ത്തുങ് ചിന്തയുടെ മഹത്തായ രക്തപതാക ഉയർത്തിപ്പിടിക്കുകയും തൊഴിലാളി വർഗ രാഷ്ട്രീയത്തെ അമരത്തിലിരുത്തുകയും ചെയ്യേണ്ടതാണ്. തൊഴിലാളികൾ, കർഷകർ, സൈനികർ, കാഡർമാർ, ബുദ്ധിജീവികൾ എന്നീ വിഭാഗങ്ങളുടെയെല്ലാമിടയിൽ മാവോ സെ ത്തുങ്ങിന്റെ കൃതികൾ സൃഷ്ടിപരമായി പഠിക്കാനും പ്രയോഗിക്കാനും സഹായകമായ പ്രവർത്തനങ്ങൾ നടക്കണം. മാവോ സെ ത്തുങ് ചിന്തയെ സാംസ്കാരിക വിപ്ലവ പ്രവർത്തനങ്ങൾക്കുള്ള മാർഗ നിർദ്ദേശകമായി കണക്കാക്കേണ്ടതാണ്.

മഹത്തായ സാംസ്കാരിക വിപ്ലവത്തിന്നിടയ്ക്ക് എല്ലാതലങ്ങളിലുമുള്ള പാർടിക്കമ്മറ്റികളും ചെയർമാൻ മാവോയുടെ കൃതികൾ ബോധപൂർവമായും സൃഷ്ടിപരമായും പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ടതാണ്, സാംസ്കാരികവിപ്ലവത്തെക്കുറിച്ചും പാർടിയുടെ നേതൃത്വരീതികളെക്കുറിച്ചുമുള്ള മാവോയുടെ രചനകൾ അവർ, ആവർത്തിച്ചാവർത്തിച്ചുപഠിക്കേണ്ടതാണ്. *പുതിയ ജനാധിപത്യത്തെക്കുറിച്ച്, തെനാൻ കലാസാഹിത്യഫോറത്തിലെ പ്രസംഗങ്ങൾ, ജനങ്ങൾക്കിടയിലുള്ള വൈരുധ്യങ്ങൾ ശരിയാംവിധം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച്, പ്രചാരണപ്രവർത്തനത്തെക്കുറിച്ചുള്ള കമ്യൂണിസ്റ്റ് പാർടിയുടെ ദേശീയ കോൺഫറൻസിൽ നടത്തിയ പ്രസംഗം, നേതൃത്വരീതികളെ സംബന്ധിച്ചുള്ള ചില പ്രശ്നങ്ങൾ, പാർടികമ്മറ്റികളുടെ പ്രവർത്തനരീതി* എന്നീ കൃതികളാണ് അവയിൽ പ്രധാനപ്പെട്ടവ.

എല്ലാ തലങ്ങളിലുമുള്ള പാർടിക്കമ്മറ്റികളും, ചെയർമാൻ മാവോ വർഷങ്ങളായി നൽകിവന്നിട്ടുള്ള നിർദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കേണ്ടതാണ്. 'ജനങ്ങളിൽനിന്നും ജനങ്ങളിലേക്കും' എന്ന പ്രവർത്തനരീതി പൂർണമായും നടപ്പാ

ക്കാൻ ശ്രദ്ധിക്കണമെന്നും അധ്യാപകരാവുംമുമ്പ് അവർ വിദ്യാർഥികളാകണമെന്നുമാണ് അദ്ദേഹം നിർദേശിച്ചിട്ടുള്ളത്. അവർ ഏകപക്ഷീയവും സങ്കുചിതവുമായ വീക്ഷണങ്ങളും വച്ചുപുലർത്തരുത്. അവർ വൈരുധ്യാധിഷ്ഠിതഭൗതികവാദം പ്രചരിപ്പിക്കുകയും ആത്മീയവാദം, വൈജ്ഞാനികവാദം എന്നിവയെ എതിർക്കുകയും ചെയ്യണം. സഖാവ് മാവോ സെ തുങ്ങ് സാരഥ്യം വഹിക്കുന്ന പാർടി കേന്ദ്രക്കമ്മറ്റിയുടെ നേതൃത്വത്തിൽ, മഹത്തായ തൊഴിലാളിവർഗ സാംസ്കാരിക വിപ്ലവം വിജയം കൈവരിക്കാതിരിക്കില്ല എന്നു തീർച്ചയാണ്.

ചൈനീസ് കമ്യൂണിസ്റ്റുപാർടി യുടെ ഭരണഘടന

ചൈനീസ് കമ്യൂണിസ്റ്റുപാർടിയുടെ 9-ാം ദേശീയ കോൺഗ്രസ്സ്, 1969 ഏപ്രിൽ 14-ാം തീയതി അംഗീകരിച്ചത്.

അധ്യായം I—പൊതു പരിപാടി

ചൈനീസ് കമ്യൂണിസ്റ്റ് പാർടി, തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയ പാർടിയാണ്.

ബൂർഷ്വാ വർഗത്തെയും മറ്റെല്ലാ ചൂഷക വർഗങ്ങളെയും തുരത്തുകയും ബൂർഷ്വാസിയുടെ സോച്ഛാധിപത്യത്തിന്റെ സ്ഥാനത്ത് തൊഴിലാളി വർഗത്തിന്റെ സർവാധിപത്യം സ്ഥാപിക്കുകയും മുതലാളിത്തത്തിനുമേൽ സോഷ്യലിസത്തിന്റെ വിജയമുറപ്പിക്കുകയും ചെയ്യുക എന്നതാണ് ചൈനീസ് കമ്യൂണിസ്റ്റു പാർടിയുടെ അടിസ്ഥാനലക്ഷ്യം. കമ്യൂണിസം സ്ഥാപിക്കുക എന്നതാണ് പാർടിയുടെ ആത്യന്തിക ലക്ഷ്യം.

തൊഴിലാളി വർഗത്തിലെ പുരോഗമിച്ച ഘടകങ്ങളെ അടങ്ങുന്ന ഒരു പാർടിയാണ് ചൈനീസ് കമ്യൂണിസ്റ്റ് പാർടി. വർഗശത്രുവിനെതിരായുള്ള സമരത്തിൽ തൊഴിലാളി വർഗത്തെയും വിപ്ലവ ജനതയേയും നയിക്കുന്ന ഊർജ്വസ്വലമായ മുന്നണി സംഘടനയാണ് ചൈനീസ് കമ്യൂണിസ്റ്റ് പാർടി.

ചൈനീസ് കമ്യൂണിസ്റ്റുപാർടി, മാർക്സിസം—ലെനിനിസം—മാവോ സെ തുങ്ങ് ചിന്തയെയാണ് അതിന്റെ ചിന്തയുടെ മാർഗ നിർദേശകമായ സൈദ്ധാന്തിക അടിത്തറയായി കണക്കാക്കുന്നു. സാമ്രാജ്യത്വം പൂർണമായ തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയും സോഷ്യലിസം ലോക വ്യാപകമായ വിജയത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുക

യും ചെയ്യുന്ന ഒരു കാലഘട്ടത്തിലെ മാർക്സിസം–ലെനിനിസമാണ്, മാവോ സെ തുങ്ങ് ചിന്ത.

കഴിഞ്ഞ അര ശതാബ്ദക്കാലമായി, പുതിയ ജനാധിപത്യവിപ്ലവം നടപ്പാക്കുന്നതിനുവേണ്ടിയുള്ള ചൈനയുടെ മഹത്തായ സമരത്തെ നയിക്കുന്നതിലും നമ്മുടെ സോഷ്യലിസ്റ്റ് വിപ്ലവവും സോഷ്യലിസ്റ്റ് പുനർനിർമാണവും നടപ്പാക്കുന്നതിനുവേണ്ടിയുള്ള സമരങ്ങളെ നയിക്കുന്നതിലും അന്തർദേശീയ രംഗത്ത് സാമ്രാജ്യത്വത്തിനും പുത്തൻ റിവിഷനിസത്തിനും വിവിധരാഷ്ട്രങ്ങളിലെപിന്തിരിപ്പൻമാർക്കുമെതിരെ ഇന്നത്തെ കമ്യൂണിസ്റ്റ് പ്രസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്ന മഹത്തായ സമരങ്ങളിലും ചെയർമാൻ മാവോ സെ തുങ്ങ്, മാർക്സിസം–ലെനിനിസത്തിന്റെ സാർവത്രികസത്യത്തെ വിപ്ലവത്തിന്റെ സമൂർത്ത പ്രയോഗവുമായി സമന്വയിപ്പിക്കുകയും മാർക്സിസം–ലെനിനിസത്തെ പൈതൃകമാക്കുകയും സംരക്ഷിക്കുകയും വികസിപ്പിച്ച് കൂടുതൽ ഉയർന്നതും തികച്ചും പുതിയതുമായ ഒരു തലത്തിലെത്തിക്കുകയും ചെയ്തിരിക്കുന്നു.

സഖാവ്, ലിൻ പിയാവോ മാവോ സെതുങ്ങ് ചിന്തയുടെ രക്തപതാക എന്നെന്നും ഉയർത്തിപ്പിടിക്കുകയും മാവോ സെ തുങ്ങിന്റെ തൊഴിലാളിവർഗ വിപ്ലവലൈൻ തികഞ്ഞ ആത്മാർഥതയോടെയും ദൃഢനിശ്ചയത്തോടെയും നടപ്പാക്കുകയും പ്രതിരോധിക്കുകയും ചെയ്തിട്ടുള്ള ആളാണ്. സഖാവ് ലിൻ പിയാവോ, സഖാവ് മാവോ സെ തുങ്ങിന്റെ അടുത്തസമരസഖാവും പിൻതുടർച്ചാവകാശിയുമാണ്.

സഖാവ് മാവോ സെ തുങ്ങിന്റെ നേതൃത്വത്തിലുള്ള ചൈനീസ് കമ്യൂണിസ്റ്റ് പാർടി, ശരിയായ നയങ്ങളും പിൻതുടരുന്ന മഹത്തായ പാർടിയാണ്. ചൈനീസ് ജനതയുടെ നേതൃത്വത്തിന്റെ കാതലാണത്. സായുധശക്തിയുപയോഗിച്ച് രേണാധികാരം പിടിച്ചടക്കാനും ഉറപ്പിക്കാനും വേണ്ടിനടത്തപ്പെട്ട സുദീർഘമായ വർഗസമരങ്ങളിലൂടെപതം വന്നിട്ടുള്ളതാണ് നമ്മുടെ പാർടി. വലതു–ഇടതുപക്ഷ അവസരവാദങ്ങൾക്കെതിരായുള്ള സമരങ്ങളിലൂടെ, അത് ശക്തിപ്രാപിക്കുകയും വളരുകയും ചെയ്തിരിക്കുന്നു. സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും സോഷ്യലിസ്റ്റ് പുനർനിർമാണത്തിന്റെയും പാതയിലൂടെ അതു് അചഞ്ചലമായ ആത്മവിശ്വാസത്തോടെ ധീരമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്.

സോഷ്യലിസ്റ്റ് സമൂഹത്തിനു് ഏറെക്കുറെ ദീർഘമായ ഒരു ചരിത്രമുണ്ടു്. ഈ ചരിത്രകാലഘട്ടത്തിലുടനീളം, വർഗങ്ങളും വർഗവൈരുധ്യങ്ങളും വർഗസമരങ്ങളും സോഷ്യലിസ്റ്റ് മാർഗവും മുതലാളിത്തമാർഗവും തമ്മിലുള്ള സമരവും നിലനില്ക്കും. മുതലാളിത്തം തിരിച്ചു വരവു നടത്താൻ ശ്രമിക്കും. സാമ്രാജ്യത്വവും പുത്തൻ റിവിഷനിസവും അട്ടിമറികൾ നടത്താനുള്ള സാധ്യതയുണ്ടു്. തുടർച്ചയായ വിപ്ലവമെന്ന മാർക്സിയൻ സിദ്ധാന്തം കൂടുതൽ ആഴത്തിൽ ഗ്രഹിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യാൽ മാത്രമേ ഈ വൈരുധ്യങ്ങളെ പരിഹരിക്കാൻ കഴിയൂ. അത്തരത്തിലുള്ള ഒന്നാണു് ചൈനയിലെ മഹത്തായ തൊഴിലാളി വർഗ സംസ്കാരിക വിപ്ലവം. സോഷ്യലിസ്റ്റ് പരിതസ്ഥിതികളിൽ ബൂർഷ്വാസിക്കു മറ്റെല്ലാ ചൂഷക വർഗങ്ങൾക്കുമെതിരായി തൊഴിലാളിവർഗം നടത്തുന്ന ഒരു മഹത്തായ രാഷ്ട്രീയ വിപ്ലവമാണതു്.

പാർടി ഒന്നടങ്കം മാർക്സിസം–ലെനിനിസം–മാവോ സെ തുങ്ങ് ചിന്തയുടെ രക്തപതാക ഉയർത്തിപ്പിടിക്കുകയും വർഗ സമരത്തിന്റെ മുന്നു് മഹത്തായ പ്രസ്ഥാനങ്ങളും നടപ്പാക്കുന്നതിലും, ഉത്പാദനവും, ശാസ്ത്രീയ പരീക്ഷണങ്ങളും നടപ്പാക്കുന്നതിനുള്ള സമരത്തിലും തൊഴിലാളിവർഗ സർവാധിപത്യം ശക്തിപ്പെടുത്തുകയും ദൃഢീകരിക്കുകയും ചെയ്യുന്നതിലും സ്വന്തം മുൻകൈയ്യെടുത്തു്, സ്വതന്ത്രമായി, സ്വാശ്രയത്തിലൂടെയും കഠിനാധ്വാനത്തിലൂടെയും ഉയർന്ന ലക്ഷ്യങ്ങളോടെ പ്രവർത്തിച്ചു് മഹത്തായ, വേഗത്തിലുള്ള, കൂടുതൽ മെച്ചപ്പെട്ട, ലാഭകരമായ നേട്ടങ്ങളും ഉണ്ടാക്കുന്നതിലും വിവിധ ദേശീയ സ്വഭാവങ്ങളും വച്ചു പുലർത്തുന്ന നമ്മുടെ രാജ്യത്തെ കോടിക്കണക്കിനു് ജനങ്ങളെ നയിക്കുകയും ചെയ്യേണ്ടതാണു്.

ചൈനീസ് കമ്യൂണിസ്റ്റു പാർടി തൊഴിലാളിവർഗ സാർവദേശീയത ഉയർത്തിപ്പിടിക്കുന്നു; അതു് ലോകമെമ്പാടുമുള്ള യഥാർഥ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് പാർടികളുമായും ഗ്രൂപ്പുകളുമായും യോജിക്കുന്നു. ലോകമെമ്പാടുമുള്ള തൊഴിലാളിവർഗവുമായും മർദ്ദിത ജനവിഭാഗങ്ങളുമായും രാഷ്ട്രങ്ങളുമായി യോജിച്ചു നിന്നുകൊണ്ടു് അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വത്തെയും സോവിയറ്റ് റിവിഷനിസ്റ്റ് വഞ്ചകക്കൂട്ടത്തിന്റെ നേതൃത്വത്തിലുള്ള പുത്തൻ റിവിഷനിസത്തെയും നി

ഷ്വാസനം ചെയ്യുന്നതിനും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായത്തെ ഭൂമുഖത്തു നിന്നു തുരത്തുവാനും അങ്ങനെ മുഴുവൻ മാനവരാശിയേയും വിമോചിപ്പിക്കുവാനും വേണ്ടി നിലകൊള്ളുന്നു.

കമ്യൂണിസത്തിനു വേണ്ടി ആത്മാർപ്പണം ചെയ്തിട്ടുള്ള ചൈനീസ് കമ്യൂണിസ്റ്റു പാർടിയിലെ അംഗങ്ങളും ദൃഢചിത്തരും ഒരു ത്യാഗത്തെയും ഭയപ്പെടാത്തവരും വിജയം കൈവരിക്കുന്നതിനുവേണ്ടി എല്ലുപൊടിയുന്ന ബുദ്ധിമുട്ടുകളെയും മറികടക്കാൻ തയ്യാറുള്ളവരുമായിരിക്കണം!

അധ്യായം II അംഗത്വം

ഖണ്ഡിക 1 പാർടി ഭരണഘടന അംഗീകരിക്കുകയും പാർടിയുടെ ഏതെങ്കിലുമൊരു ഘടകത്തിൽ ചേർന്ന് സജീവമായി പ്രവർത്തിക്കുകയും പാർടി തീരുമാനങ്ങളും നടപ്പാക്കുകയും പാർടി അച്ചടക്കം പാലിക്കുകയും മെംബർഷിപ്പ് വിഹിതം നൽകുകയും ചെയ്യുന്ന, പതിനെട്ടു വയസ്സു പ്രായമുള്ള, ഏതൊരു ചൈനീസ് തൊഴിലാളിക്കും ദരിദ്രകർഷകനും, ചെറുകിട ഇടത്തരം കർഷകനും, വിപ്ലവകാരികളായ സായുധ സേനാംഗത്തിനും അല്ലെങ്കിൽ മറേതെങ്കിലും വിപ്ലവവർഗത്തിൽ പെട്ടന്ന ആർക്കും ചൈനീസ് കമ്യൂണിസ്റ്റു പാർടിയിൽ അംഗമാകാവുന്നതാണ്.

ഖണ്ഡിക 2 പാർടി മെംബർഷിപ്പിനുവേണ്ടി അപേക്ഷിക്കുന്നവർ ഓരോരുത്തരും പ്രത്യേകമായി പ്രവേശന സംബന്ധമായ നടപടിക്രമങ്ങളിൽ ഏർപ്പെടേണ്ടതാണ്. അപേക്ഷകൻ രണ്ടു പാർടി അംഗങ്ങളുടെ ശുപാർശ നേടേണ്ടതാണ് അദ്ദേഹം പാർടി അംഗത്വത്തിനു വേണ്ടിയുള്ള അപേക്ഷാഫോറം പൂരിപ്പിച്ചു കൊടുക്കണം. ഈ അപേക്ഷാഫോറം ഒരു പാർടി ബ്രാഞ്ചു പരിശോധിക്കണം ഇക്കാര്യത്തിൽ പാർടി ബ്രാഞ്ചു പാർടിക്കകത്തും പുറത്തുമുള്ള പൊതുജനങ്ങളുടെ അഭിപ്രായം നേടേണ്ടതാണ്. പാർടി ബ്രാഞ്ചിന്റെ പൊതുമെമ്പർഷിപ്പ് യോഗത്തിന്റെയും ഉയർന്ന പാർടിക്കമ്മറ്റിയുടെയും അംഗീകാരത്തിനു വിധേയമായിട്ടാണ് അംഗത്വം നൽകപ്പെടുക.

ഖണ്ഡിക. 3 ചൈനീസ് കമ്യൂണിസ്റ്റ് പാർടി അംഗങ്ങൾ: (1) മാർക്സിസം–ലെനിനിസം മാവോ സെ തുങ്ങ് ചിന്ത പഠിക്കുകയും അത് ജീവിതത്തിൽ പ്രയോഗിക്കുകയും ചെയ്യണം.

(2) ചൈനയിലേയും ലോകത്തിലെയും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താല്പര്യങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കേണ്ടതാണ്.

(3) തെറ്റായി തങ്ങളെ എതിർക്കുകയും എന്നാൽ സ്വന്തം തെറ്റുകൾ തിരുത്താൻ ആത്മാർഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരടക്കമുള്ള ബഹുഭൂരിപക്ഷമാളുകളെ ഒരുമിച്ചു മേർക്കാനുള്ള കഴിവുള്ളവരായിരിക്കണം.- പക്ഷെ, സ്വന്തം ഉന്നതിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരെയും വഞ്ചകന്മാരെയും ഇരട്ടത്തപ്പുനയക്കാരെയും അവർ പ്രത്യേകം സൂക്ഷിക്കുകയും മോശപ്പെട്ട തരക്കാർ പാർടിയുടെയും ഭരണകൂടത്തിന്റെയും നേതൃത്വം തട്ടിയെടുക്കുന്നത് എതുവിധേനെയും തടയുകയും ഇങ്ങനെ പാർടിയുടെയും ഭരണകൂടത്തിന്റെയും നേതൃത്വം എല്ലായ്പ്പോഴും മാർക്സിസ്റ്റ് വിപ്ലവകാരികളുടെ കയ്യിൽത്തന്നെയാണെന്നു് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

(4) എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ ബഹുജനങ്ങളുമായി ചർച്ച ചെയ്യേണ്ടതാണ്.

(5) ധീരതയോടെ വിമർശനവും സ്വയം വിമർശനവും നടത്താൻ തയ്യാറായിരിക്കണം.

ഖണ്ഡിക 4. പാർടി അംഗങ്ങളും, പാർടി അച്ചടക്കത്തിനു് വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ, എല്ലാ തലങ്ങളിലുമുള്ള ബന്ധപ്പെട്ട പാർടി സംഘടനകളും, സ്വന്തം പ്രവർത്തന പരിധികൾക്കും അവകാശങ്ങൾക്കും അനുസൃതമായിക്കൊണ്ടു് ഓരോ കേസിനേയും ഗുണദോഷങ്ങളും കണക്കിലെടുത്തു്, അനുയോജ്യമായ അച്ചടക്ക നടപടികൾ—താക്കീതു്, ഗൗരവതരമായ താക്കീതു്, പാർടിസ്ഥാനങ്ങളിൽ നിന്നു പുറത്താക്കൽ, പാർടിയ്ക്കുള്ളിൽ പ്രൊബേഷനു വിധേയമാക്കൽ, പാർടിയിൽനിന്നു പുറത്താക്കൽ മുതലായവ—സ്വീകരിക്കേണ്ടതാണു്.

ഒരു പാർടി മെംബറെ രണ്ടു വർഷത്തിൽക്കവിഞ്ഞ കാലത്തേക്കു് പ്രൊബേഷനു് വിധേയമാക്കുന്നതു്. ഈ കാലത്തു് ആ പാർടി അംഗത്തിനു് വോട്ടു ചെയ്യാനോ തെരഞ്ഞെടുക്കാനോ തെരഞ്ഞെടുക്കപ്പെടാനോ അവകാശമുണ്ടായിരിക്കുന്നതല്ല.

രാഷ്ട്രീയതലത്തിൽ നിഷ്ക്രിയനാവുകയും വീര്യഭ്യാസം ലഭിച്ചതിനുശേഷം പോലും യാതൊരുമാറ്റത്തിനും വിധേയനാവാതിരിക്കുകയും ചെയ്യുന്ന പാർടി അംഗത്തെ, പാർടിയിൽ നിന്നു് പിൻവലിയാൻ പ്രേരിപ്പിക്കേണ്ടതാണു്.

ഒരു പാർടി അംഗം പാർടിയിൽ നിന്നു പിൻവലിയാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയാണെങ്കിൽ, ബന്ധപ്പെട്ട പാർടി ബ്രാഞ്ചു്, പൊതു മെംബർഷിപ്പു് യോഗത്തിന്റെ അംഗീകാരത്തോടെ, അയാളുടെ പേരു് പട്ടികയിൽ നിന്നും നീക്കം ചെയ്യുകയും അക്കാര്യം തൊട്ടു മേലെയുള്ള പാർടിക്കമ്മറ്റിയെ അറിയിക്കുകയും ചെയ്യും. ആവശ്യം വരുമ്പോൾ ഇക്കാര്യം പാർടിക്കു പുറത്തുള്ള ബഹുജനങ്ങളേയും അറിയിക്കണം.

വഞ്ചകരും, ശത്രുപക്ഷത്തിന്റെ ഏജന്റുകളും മുതലാളിത്ത പാത സ്വീകരിച്ചു പോയതിൽ അശേഷം ഖേദമില്ലാത്തവരും, നാശോന്മുഖരും ആയ ഘടകങ്ങളെ പാർടിയിൽനിന്നു ഒഴിവാക്കുകയും ഒരിക്കലും തിരിച്ചു പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്യേണ്ടതുണ്ടു്.

അദ്ധ്യായം III പാർടിയുടെ സംഘടനാതത്വങ്ങൾ

ഖണ്ഡിക 5 പാർടിയുടെ സംഘടനാതത്വം ജനാധിപത്യ കേന്ദ്രീകരണത്തിൽ അധിഷ്ഠിതമാണു്.

പാർടിയുടെ എല്ലാ തലങ്ങളിലുമുള്ള മുഖ്യഘടകങ്ങളും ജനാധിപത്യപരമായചർച്ചകളിലൂടെയാണു് തെരഞ്ഞെടുക്കപ്പെടുന്നതു്.

പാർടി ഒന്നടങ്കം ഒരേതരത്തിൽ അച്ചടക്കം പാലിക്കണമെന്ന ബാധ്യസ്ഥമാണു്— വ്യക്തി, സംഘടനയ്ക്കു് ന്യൂനപക്ഷം ഭൂരിപക്ഷത്തിനും കീഴ്തലങ്ങൾ മുകൾത്തലങ്ങൾക്കും വിധേയമാണു്. പാർടി ഒന്നടങ്കം കേന്ദ്രക്കമ്മറ്റിക്കു് വിധേയമായിരിക്കും.

പാർടിയുടെ എല്ലാ തലങ്ങളിലുമുള്ള മുഖ്യ ഘടകങ്ങളും തന്താങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചു് കോൺഗ്രസ്സുകളും, മെംബർമാരുടെ പൊതു മീറ്റിങ്ങുകളും എന്നിവയിൽ പതിവായി റിപ്പോർട്ടു ചെയ്യേണ്ടതാണു്. അവർ സ്ഥിരമായി പാർടിക്കകത്തും അതിനു പുറത്തുമുള്ള ബഹുജനങ്ങളുടെ അഭിപ്രായങ്ങളും ശ്രദ്ധിക്കുകയും അവരുടെ മേൽനോട്ടം അംഗീകരിക്കുകയും ചെയ്യണം. പാർടി അംഗങ്ങൾക്കു്, പാർടി ഘടകങ്ങളേയും എല്ലാതലങ്ങളിലുമുള്ള നേതാക്കന്മാരേയും വിമർശിക്കാനും അവർക്കു് നിർദ്ദേശങ്ങളും, നൽകാനും അധികാരമുണ്ടു്. പാർടിഘടകങ്ങളുടെ നിർദ്ദേശങ്ങളും തീരുമാനങ്ങളും എന്നിവയെക്കുറിച്ചു് ഏതെങ്കിലുമൊരു പാർടി അംഗത്തിനു് വിയോജിപ്പുണ്ടെങ്കിൽ അയാൾക്കു് അതു് രേഖപ്പെടുത്താനും തന്റെ തൊട്ടു മീതെയുള്ള നേതൃത്വത്തെ മറികടന്നുകൊണ്ടു് അക്കാര്യം പാർടി കേന്ദ്രക്കമ്മിറ്റി, കേന്ദ്രക്കമ്മറ്റി ചെയർമാൻ എന്നിവയടക്കമുള്ള ഉന്നത തലങ്ങളിലേക്കു് നേരിട്ടു് റിപ്പോർട്ടു ചെയ്യാനും

അവകാശമുണ്ടായിരിക്കും. കേന്ദ്രീകരണവും ജനാധിപത്യവും അച്ചടക്കവും സ്വാതന്ത്ര്യവും പൊതുവായ ഇച്ഛാശക്തിയും അതേസമയം വ്യക്തിപരമായ മാനസിക ലാഘവത്വവും ഊർജസ്വലതയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയ സാഹചര്യം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

തൊഴിലാളി വർഗ പരമാധികാരത്തിന്റെ ഭരണതലത്തിലുള്ള ഘടകങ്ങളും ജനകീയ വിമോചന സേനയും കമ്യൂണിസ്റ്റ് യുത്ത്ലീഗും തൊഴിലാളികളും, ദരിദ്രരും കീഴ്ക്കീടക്കാരും ഇടത്തരക്കാരുമായ കർഷകർ എന്നിവരുടെ ബഹുജന സംഘടനകളും റെഡ്ഗാർഡുകളുമെല്ലാം, പാർടിയുടെ നേതൃത്വം അംഗീകരിക്കാൻ ബാധ്യസ്ഥരാണ്.

ഖണ്ഡിക 6 പാർടിയുടെ ഏറ്റവും ഉന്നതമായഘടകം നാഷണൽ പാർടി കോൺഗ്രസ്സാണ്, നാഷണൽ പാർടി കോൺഗ്രസ്സ് സമ്മേളിക്കാത്ത അവസരങ്ങളിൽ അത് തെരഞ്ഞെടുക്കുന്ന കേന്ദ്രക്കമ്മറ്റിയും പ്രാദേശിക തലങ്ങളിലും സായുധസേനാ യൂണിറ്റുകളിലും വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളിലും പാർടിയുടെ ഏറ്റവുമുയർന്ന ഘടകം, അതതുതലങ്ങളിലെ പാർടി കോൺഗ്രസ്സുകളും, അംഗങ്ങളുടെ പൊതുയോഗങ്ങളും, അവരാൽ തെരഞ്ഞെടുക്കപ്പെട്ട പാർടിക്കമ്മറ്റികളും ആയിരിക്കും. എല്ലാതലങ്ങളിലും അതതു തലങ്ങളിലെ പാർടിക്കമ്മറ്റികളാണ് പാർടി കോൺഗ്രസ്സുകൾ വിളിച്ചു കൂട്ടുന്നത്.

പ്രാദേശിക തലങ്ങളിലെയും സായുധസേനാ യൂണിറ്റുകളിലെയും പാർടി കോൺഗ്രസ്സ് യോഗങ്ങളും പാർടിക്കമ്മറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പും ഉയർന്ന പാർടിക്കമ്മറ്റികളുടെ അംഗീകാരത്തിനു വിധേയമായിട്ടായിരിക്കണം.

ഖണ്ഡിക 7 എല്ലാ തലങ്ങളിലുമുള്ള പാർടിക്കമ്മറ്റികളും കൂട്ടായ നേതൃത്വം, ബഹുജനങ്ങളുമായി അടുത്തബന്ധം, രസ്സളവും കഴിവുറ്റതുമായ ഘടന എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടിരിക്കണം. താന്താങ്ങളുടെ പ്രവർത്തനഘടകങ്ങൾ സ്ഥാപിക്കുകയും പ്രതിനിധികളെ നിയോഗിക്കുകയും ചെയ്യുന്നത്.

അധ്യായം v പാർടിയുടെകേന്ദ്രസംഘടനകൾ

ഖണ്ഡിക 8 നാഷണൽ പാർടി കോൺഗ്രസ്സ് അഞ്ചുവർഷത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതാണ്. പ്രത്യേക സാഹചര്യങ്ങളിൽ അത് നിശ്ചിത കാലാവധി കഴിഞ്ഞ് വിളിച്ചു കൂട്ടുകയോ അല്ലെങ്കിൽ മാറ്റിവെയ്ക്കുകയോ ചെയ്യാവുന്നതാണ്.

ഖണ്ഡിക 9 കേന്ദ്രക്കമ്മറ്റിയുടെ പ്ലീനറി സമ്മേളനമാണ് കേന്ദ്രക്കമ്മറ്റി പോളിറ്റ് ബ്യൂറോ അംഗങ്ങളെയും പൊളിറ്റ്

ബ്യൂറോയുടെ സ്റ്റാൻറഡിങ്ങ് കമ്മറിയേയും കേന്ദ്രക്കമ്മറി ചെയർമാൻ, വൈസ് ചെയർമാന്മാർ എന്നിവരെയും തെര ഞ്ഞെടുക്കുന്നത്.

കേന്ദ്രക്കമ്മറിയുടെ പൊളിറ്റ് ബ്യൂറോയാണ് കേന്ദ്രക്ക മ്മറിയുടെ പ്ലീനറി സമ്മേളനം വിളിച്ചു കൂട്ടുക.

പ്ലീനറി സമ്മേളനം നടക്കാത്ത സന്ദർഭങ്ങളിൽ പൊളി റ്റ് ബ്യൂറോയും പോളിറ്റ് ബ്യൂറോയുടെ സ്റ്റാൻറഡിങ്ങ് കമ്മ റിയുമായിരിക്കും കേന്ദ്രക്കമ്മറിയുടെ അധികാരങ്ങളും പ്രവർ ത്തനങ്ങളും കൈകാര്യം ചെയ്യുന്നത്.

ചെയർമാൻ, വൈസ്ചെയർമാൻ എന്നിവരുടെയും പോ ളീറ്റ് ബ്യൂറോ സ്റ്റാൻറിഡിങ്ങ് കമ്മറിയുടെയും നേതൃത്വ ത്തിൽ പാർടിയിലെയും ഗവണ്മെൻറിലെയും സായുധസേനയി ലെയും ദൈനംദിന പ്രവർത്തനങ്ങളും കേന്ദ്രീകൃതമാക്കുന്നതിനു വേണ്ടി ചെയ്യും കഴിവുറ്റതുമായ മാറ്റങ്ങളും കീഴ് ഘടകങ്ങളും രൂപീകരിക്കപ്പെടുന്നതാണ്.

അധ്യായം V പ്രാദേശിക തലങ്ങളിലെയും സായുധസേനാ യൂണിറ്റുകളിലെയും പാർടി ഘടകങ്ങൾ.

ഖണ്ഡിക 10 കൗണ്ടി തലം തൊട്ട് മേലോട്ടുള്ള പ്രാദേശിക പാർടി കോൺഗ്രസ്സുകളും ജനകീയ വിമോചന സേനയിലെ റെജിമെൻറ് തലം തൊട്ട് മേലോട്ടുള്ള പാർടി കോൺഗ്രസ്സുക ളും മുന്നൊരുക്കത്തിലൊരിക്കൽ വിളിച്ചു കൂട്ടേണ്ടതാണ്. പ്രത്യേ കസാഹചര്യങ്ങളിൽ അവ നിശ്ചിത കാലാവധിക്കുമുൻപ് വി ളിച്ചു കൂട്ടുകയോ നീട്ടിവയ്ക്കുകയോ ചെയ്യാവുന്നതാണ്. എല്ലാ പ്രാദേശികതലങ്ങളിലും സായുധസേന യൂണിറ്റുകളിലുള്ള പാർടി കമ്മിറ്റികളും തങ്ങളുടെ സ്റ്റാൻറിഡിങ്ങ് കമ്മിറ്റികളും സെക്രട്ടറിമാരെയും ഡെപ്യൂട്ടി സെക്രട്ടറിമാരെയും തെരഞ്ഞെടു ക്കുന്നതാണ്.

അധ്യായം VI പാർടിയുടെ പ്രാഥമിക ഘടകങ്ങൾ

ഖണ്ഡിക 11 പൊതുവെ, വ്യവസായശാലകളും, ഖനികളും, മറ്റ് സ്ഥാപനങ്ങളും, ജനകീയ കമ്യൂണുകളും, ഓഫീസുകളും, സ്കൂളുകളും, കടകളും, പരിസര പ്രദേശങ്ങളും, ജനകീയ വിമോ ചന സേനാ കമ്പനികളും, മറ്റ് പ്രാഥമിക യൂണിറ്റുകളും എ ന്നിവിടങ്ങളിലെല്ലാം പാർടി ബ്രാഞ്ചുകൾ രൂപീകരിക്കപ്പെ ടുന്നതാണ്. താരതമ്യേന കൂടുതൽ അംഗങ്ങളുള്ള പ്രദേശങ്ങളി ലും വിപ്ലവസമരത്തിനു് ആവശ്യമായ പ്രത്യേക സാഹചര്യ

ങ്ങളിലും പൊതുപാർടി ബ്രാഞ്ചുകളോ പ്രാഥമിക പാർടിക്ക മ്മറ്റികളോ രൂപീകരിക്കപ്പെടുന്നതാണ്.

പാർടിയുടെ പ്രാഥമിക ഘടകങ്ങളും വർഷത്തിലൊരു ക്കൽ തെരഞ്ഞെടുപ്പു നടത്തേണ്ടതാണ്. പ്രത്യേക സാഹച ര്യങ്ങളിൽ തെരഞ്ഞെടുപ്പു നിശ്ചിത കാലാവധിക്കുമുമ്പുതന്നെ നടത്തുകയോ അതല്ലെങ്കിൽ നീട്ടി വയ്ക്കുകയോ ചെയ്യാവുന്ന താണ്.

ഖണ്ഡിക 12 പാർടിയുടെ പ്രാഥമിക ഘടകങ്ങളും മാർക്സി സം—ലെനിനിസം—മാവോ സെ തുങ്ങ് ചിന്തയുടെ രക്ത പതാക ഉയർത്തിപ്പിടിക്കുകയും തൊഴിലാളിവർഗ രാഷ്ട്രീയത്തി ന് പ്രാമുഖ്യം നൽകുകയും സിദ്ധാന്തങ്ങളെ പ്രയോഗവുമായി സമന്വയിപ്പിക്കുന്ന ഒരു പ്രവർത്തന ശൈലി ആവിഷ്കരിച്ചെ ടുക്കുകയും ജനങ്ങളുമായി അടുത്ത ബന്ധം സ്ഥാപിക്കുകയും വി മർശനവും സ്വയം വിമർശനവും പരിശീലിക്കുകയും ചെയ്യേ ണ്ടതാണ്. അവരുടെ മുഖ്യ കടമകളും താഴെ പറയുന്നവയാ യിരിക്കും:

1. പാർടി അംഗങ്ങളേയും ബഹുജനങ്ങളെയും മാർക്സിസം, ലെനിനിസം മാവോ സെ തുങ്ങ് ചിന്ത പഠിക്കാനും അത് ജീ വത്തായ രീതിയിൽ പ്രയോഗിക്കാനും പ്രേരിപ്പിക്കുക.

2. പാർടി അംഗങ്ങൾക്കും വിപ്ലവബോധമുള്ള ബഹുജന ങ്ങൾക്കും വർഗസമരത്തെക്കുറിച്ചും രണ്ട് ലൈനുകളും തമ്മിലു ള്ള സംഘട്ടനത്തെക്കുറിച്ചും നിരന്തരമായി വിദ്യാഭ്യാസം നൽ കുകയും ശത്രുവിനെതിരായുള്ള വിട്ടുവീഴ്ചയില്ലാത്ത സമര ത്തിൽ അവർക്ക് നേതൃത്വം നൽകുകയും ചെയ്യുക.

3. പാർടി നയങ്ങളും പ്രചരിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുക, പാർടി തീരുമാനങ്ങളും നടപ്പിലാക്കുക. പാർടി യും രാഷ്ട്രവും ഏൽപ്പിക്കുന്ന എല്ലാ ചുമതലകളും നിർവഹിക്കുക

4. ജനങ്ങളുമായി അടുത്ത ബന്ധം പുലർത്തുകയും അവരു ടെ അഭിപ്രായങ്ങളും ആവശ്യങ്ങളും എന്നിവ നിരന്തരമായി ശ്ര ദ്ധിക്കുകയും ചെയ്യുക, പാർടിക്കെത്ത് ഫലവത്തായ ആശയ സമരം നടത്തിക്കൊണ്ട് പാർടിയെ ഊർജ്ജസ്വലമാക്കി സൂ ക്ഷിക്കുക.

5. പാർടിയിൽ പുതിയ അംഗങ്ങളെ ചേർക്കുകയും പാർ ടി അച്ചടക്കം പാലിക്കുകയും ചെയ്യുക. നിരന്തരമായി പാർ ടി ഘടകങ്ങളെ ശക്തിപ്പെടുത്തികൊണ്ടിരിക്കുക പഴഞ്ച ന്മാരെ പുറം തള്ളുകയും പുതിയ ആളുകളെ ആവാഹിക്കുകയും ചെയ്യ പാർടി അണികളുടെ ഊർജ്ജസ്വലതയും ശ്രദ്ധിയും നി ലനിർത്തുക.

National Library